● വാർഷിക വരിസംഖ്യ: ₹60

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2023 ● മേയ്-ജൂൺ ● പുസ്തകം: 06 ● ലക്കം: 03 ● RNI Regn No: KERMAL/2017/73545

# കുടിയേറ്റം; കരുതലോടെ

**താമരശ്ശേരി രൂപതയിൽ നിന്ന് 3983 കുടുബങ്ങൾ ഇതര രാജ്യങ്ങളിലേക്ക് കുടിയേറിയെന്നാണ് ഇതു സംബന്ധിച്ച് രൂപത നടത്തിയ പഠനത്തിൽ പറയുന്നത്. ഒരു ഫൊറോനയിൽ 4000 കുടുംബങ്ങൾ ഉണ്ടെന്നു കണക്കാക്കിയാൽ താമരശ്ശേരി രൂപതയിൽ നിന്ന് ഒരു ഫൊറോനയ്ക്ക് തുല്യമായ വിശ്വാസികളാണ് പുതുജീവിതം തേടി രാജ്യം വിട്ടിരിക്കുന്നത്.**



## കവർ സ്റ്റോറി

**ഡോ. ഹിമ സുബിൻ കൂനംതടത്തിൽ**
(ഐസിഎആർ ശാസ്ത്രജ്ഞ)



പച്ചപ്പു നിറഞ്ഞ കേരളത്തെക്കുറിച്ച് മഹാകവി വള്ളത്തോൾ എഴുതിയിരിക്കുന്നത് 'കേരളമെന്നു കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ' എന്നാണ്. കാണാനും കവിതയെഴുതാനും കൊള്ളാം. പക്ഷെ, കേരളത്തിൽ ജീവിക്കാൻ ബുദ്ധിമുട്ടാണെന്നാണ് യുവതലമുറയുടെ പക്ഷം. മലയാളികളുടെ വിദേശകുടിയേറ്റത്തെക്കുറിച്ചുള്ള വാർത്തകളും ചർച്ചകളും ഈ യാഥാർഥ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

വർദ്ധിച്ചു വരുന്ന വിദേശ കുടിയേറ്റത്തിന് പ്രധാന കാരണം തൊഴിലില്ലായ്മ തന്നെയാണ്. കേരളത്തിലെ വ്യാവസായിക വളർച്ചാമുരടിപ്പ് സ്വകാര്യമേഖലയിൽ അവസരങ്ങൾ കുറയ്ക്കുന്നു. യാതൊരു സംവരണവും ഇല്ലാത്തവർക്ക് സർക്കാർ ജോലി കിട്ടാക്കനിയായി മാറുന്നു. തങ്ങളുടെ വിദ്യാഭ്യാസത്തിനൊത്ത് തൊഴിൽ ലഭിക്കാതെ വരുമ്പോൾ മികച്ച അവസരങ്ങൾ തേടി യുവജനങ്ങൾ മറ്റ് രാജ്യങ്ങളിലേക്ക് പോകുന്നത് സ്വാഭാവികം മാത്രം.

തൊഴിലിനോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടും ഇതോടൊപ്പം കൂട്ടിവായിക്കേണ്ടതാണ്. വൈറ്റ് കോളർ ഓഫീസ് ജോലികളെ മഹത്വവൽക്കരിച്ചും മറ്റു ജോലികളെ വിലകുറച്ചുമാണ് കുറെപ്പേരെങ്കിലും കാണുന്നത്. ഫലമോ ഇത്തരം തൊഴിലുകൾ കേരളത്തിൽ ചെയ്യുന്നത് അന്യസംസ്ഥാന തൊഴിലാളികളും. വിദേശത്തേക്ക് കുടിയേറിയവർ ആദ്യകാലങ്ങളിൽ അവിടെ ചെയ്യേണ്ടി വരുന്ന പാർട്ട് ടൈം ജോലികൾ ഇതൊക്കെത്തന്നെയാണെന്നത് മറ്റൊരു വിരോധാഭാസം.

രാഷ്ട്രീയ അസ്വസ്ഥതകളും പിടിപ്പുകേടുകളും സ്വജനപക്ഷപാതവും യുവതയുടെ മനം മടുപ്പിക്കുന്നു. മെറിറ്റ് നോക്കിയല്ല മുഖം നോക്കിയാണ് നാട്ടിൽ കുറേ രംഗത്തെങ്കിലും കാര്യങ്ങൾ തീരുമാനിക്കുന്നത്. സമ്പത്തും സ്വാധീനവും ഉള്ളവർ കാര്യങ്ങൾ സാധിച്ചെടുക്കുന്നത് കാണുമ്പോൾ യുവജനതയുടെ മനസ് അസ്വസ്ഥമാകുന്നു.

വിളനാശം, വിലക്കുറവ്, വന്യമൃഗശല്യം തുടങ്ങിയവ മൂലം കൃഷി ആദായകരമല്ലാതായി മാറി.അതുകൊണ്ടു തന്നെ ഉള്ള ഭൂമി പണയപ്പെടുത്തി വിസ എടുക്കാനും വിദേശത്തു പോകാനുമുള്ള നെട്ടോട്ടത്തിലാണ് മിക്കവരും.

വിദേശത്തേക്കു പോയവർ 'രക്ഷപ്പെട്ടു' എന്ന ചിന്താഗതിയും, മണിക്കൂറിന് ഡോളറുകൾ ശമ്പളം വാങ്ങുന്ന സ്വപ്നവും കൂടിയാകുമ്പോൾ അടുത്ത ഫ്ളൈറ്റ് പിടിക്കാൻ താൽപര്യപ്പെടാത്തവർ ചുരുക്കം.

താമരശ്ശേരി രൂപതയിൽ നിന്ന് 3983 കുടുബങ്ങൾ ഇതര രാജ്യങ്ങളിലേക്ക് കുടിയേറിയെന്ന് ഇതു സംബന്ധിച്ച് രൂപത നടത്തിയ പഠനത്തിൽ പറയുന്നു. ഒരു ഫൊറോനയിൽ ശരാശരി 4000 കുടുംബങ്ങൾ ഉണ്ടെന്നു കണക്കാക്കിയാൽ, താമരശ്ശേരി രൂപതയിൽ നിന്ന് ഒരു ഫൊറോനയ്ക്ക് തുല്യമായ വിശ്വാസികളാണ് പുതുജീവിതം തേടി രാജ്യം വിട്ടിരിക്കുന്നത്. താമരശ്ശേരി രൂപതയിൽ ആകെ 11 ഫൊറോനകളാണുള്ളത്. സീറോ മലബാർ സഭ ആകെ എടുത്ത് പരിശോധിക്കുമ്പോൾ ഈ സംഖ്യ ഭീമമാണ്. കുടിയേറ്റം സഭയെ പ്രാദേശികമായി തളർത്തും. ഒരു കാലത്ത് അഭിമാനമായികൊണ്ടുനടന്നിരുന്ന തറവാടും ഭൂസ്വത്തുക്കളും നാട്ടിൽ അനാഥമായി അവശേഷിക്കും. ജീവിത സായാഹ്നത്തിൽ ഒറ്റപ്പെട്ട് പോകുന്ന മാതാപിതാക്കളുടെ അവസ്ഥ അതിലും ഹൃദയഭേദകമായിരിക്കും. എന്നാൽ കുടിയേറ്റത്തിന് മറ്റൊരു പോസിറ്റീവ് വശംകൂടിയുണ്ട്. സഭാ സമൂഹത്തിന്റെ അന്താരാഷ്ട്രവളർച്ചയ്ക്ക് അത് സഹായിക്കും.

**പേജ് മൂന്നിൽ തുടരുന്നു ▸**

▸ പേജ് 4 : വിദേശ പഠനം: ശ്രദ്ധവേണം ഇക്കാര്യങ്ങളിൽ
▸ പേജ് 7 : പഠന ചിലവിന് വിദ്യാഭ്യാസ വായ്പ
▸ പേജ് 9 : മാറാൻ മടിക്കുന്ന മലയാളിയും കുടിയേറ്റ വെല്ലുവിളികളും
▸ പേജ് 10 : സുവിശേഷ സാക്ഷ്യവുമായി മലയാളികൾ കുടിയേറുമ്പോൾ

## എഡിറ്റോറിയൽ

● പുസ്തകം: 6 ● ലക്കം: 3

# കൂട് മാറാം, കൂറ് മാറരുത്

വിദേശം നൽകുന്ന സാധ്യതകൾ മലയാളിക്ക് എന്നും ഒരു ആകർഷണമായിരുന്നു. ഇന്നത്തെ സാമ്പത്തിക പുരോഗതിയിലേക്ക് നമ്മുടെ നാടിനെ വളർത്തിയതിൽ വിദേശത്തു ജോലി ചെയ്ത് നേടിയ സമ്പാദ്യത്തിന് വലിയൊരു പങ്കുണ്ട്. അറേബ്യൻ രാജ്യങ്ങളായിരുന്നു ഒരു കാലത്ത് മലയാളിയുടെ ഇഷ്ട ഇടം എങ്കിൽ ഇന്നത് യൂറോപ്യൻ രാജ്യങ്ങളായി മാറിക്കഴിഞ്ഞു. മികച്ച തൊഴിൽ സംസ്കാരവും ഏതു ജോലിക്കും ലഭിക്കുന്ന അംഗീകാരവും ഉയർന്ന വേതനവും മികച്ച സാമൂഹിക സുരക്ഷാ സംവിധാനങ്ങളുമൊക്കെ കൂടുതലായി നമ്മുടെ ആളുകളെ അവിടേക്ക് ആകർഷിക്കുകയാണ്. കൂടാതെ വിദേശ സർവകലാശാലകൾ നൽകുന്ന പഠന അവസരങ്ങൾ പ്രയോജനപ്പെടുത്തി നല്ല ഒരു വിഭാഗം പഠനത്തിനായും കടൽ കടക്കുകയാണ്.

വിദേശ കുടിയേറ്റം നാടിന് നൽകുന്ന നന്മകൾ ഏറെയാണ്. എന്നാൽ ഇത്തരത്തിലുള്ള കുടിയേറ്റങ്ങൾ അവശേഷിപ്പിക്കുന്ന ചില മുറിപ്പാടുകൾ കാണാതിരിക്കാനാവില്ല. ഗൾഫിലേക്കുള്ള കുടിയേറ്റം നാടിന് ഒരു ഉണർവായിരുന്നു. സമ്പാദിക്കുന്ന പണം തിരികെ വരുന്ന കാലത്തിലേക്കായി വീടായും സ്ഥലമായും ബിസിനസ്സായുമൊക്കെ രൂപാന്തരപ്പെട്ടപ്പോൾ അത് നാടിന്റെ സമ്പദ്‌വ്യവസ്ഥക്ക് താങ്ങായി. എന്നാൽ യൂറോപ്യൻ രാജ്യങ്ങളിലേക്ക് പോകുന്നവർ അവിടെത്തന്നെ സ്ഥലവും വീടും ഒപ്പം അവിടുത്തെ സ്ഥിരതാമസക്കാർ എന്ന ലേബലും സ്വന്തമാക്കുന്നതോടെ നാടിന് അവരെയും അവരുടെ സാമ്പത്തിക പിന്തുണയും നഷ്ടമാവുകയാണ്. ജനിച്ച നാട്ടിൽ ജീവിക്കാൻ ആഗ്രഹിച്ചാലും സുസ്ഥിരമായ ചുറ്റുപാടുകൾ ഉറപ്പു നൽകാത്ത സംവിധാനങ്ങൾക്ക് നാം ആരെ പഴി പറയണം.

മക്കളൊക്കെ നല്ല നിലയിലായി എന്ന് അഭിമാനിക്കാൻ ആഗ്രഹിക്കാത്ത മാതാപിതാക്കളുണ്ടോ? എന്നാൽ മക്കൾ നല്ല നിലയിൽ എത്തിക്കഴിഞ്ഞാൽ നാട്ടിൽ തനിച്ചാവുന്ന മാതാപിതാക്കൾ ഇന്നത്തെ നൊമ്പരകാഴ്ചയാണ്. കൊച്ചുമക്കളെ താലോലിക്കാൻ കൊതിയോടെ അവരുടെ വരവിനായി കാത്തിരിക്കുന്ന വൃദ്ധമനസ്സുകളെ കാണാതെ പോകരുത്. ഓരോരോ കാരണങ്ങൾ പറഞ്ഞ് അവധിക്കാലം അവിടെത്തന്നെ ആഘോഷിക്കുമ്പോൾ മാതാപിതാക്കൾക്കും നിങ്ങളുടെ പ്രിയപ്പെട്ടവർക്കുമൊക്കെ അതൊരു വേദനയാണ്; ബന്ധങ്ങൾ മുറിയാതിരിക്കട്ടെ. നിങ്ങൾ അവിടെ ജീവിച്ചോളൂ, പക്ഷേ ജന്മനാട് നിങ്ങൾക്ക് അന്യമാകരുത്. നമ്മുടെ മക്കൾ അവിടെ വളർന്നോട്ടെ, പക്ഷേ നമ്മുടെ നാടിന്റെ നന്മയുള്ള സംസ്ക്കാരം കൂടെ അവർക്ക് നൽകണം. ഈ നാടിനോട് കൂറുള്ള ഒരു ജനത ലോകത്തിന്റെ നാനാദിക്കിലും ഉണ്ടെന്നത് ഈ നാടിന് ആത്മവിശ്വാസം പകരട്ടെ.

# പരിശുദ്ധ മാതാവിനോട് ചേർന്ന് തിരുഹൃദയത്തണലിൽ



## ഇടയശബ്ദം

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

പരിശുദ്ധ കന്യകാമറിയത്തിനുവേണ്ടി സമർപ്പിതമായിരിക്കുന്ന മേയ്മാസത്തിലൂടെ നാം കടന്നു പോവുകയാണ്. തിരുഹൃദയ മാസത്തിനുവേണ്ടി കാത്തിരിക്കുകയും ചെയ്യുന്നു. കുഞ്ഞുങ്ങൾ ആഹ്ലാദാരവങ്ങളോടെ പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. ക്രിസ്തുവിനു ജന്മം നല്കിയതു കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ എല്ലാ ഇഷ്ടങ്ങൾക്കും തന്നെത്തന്നെ വിധേയപ്പെടുത്തിയതുകൊണ്ടു കൂടിയാണ് പരിശുദ്ധ അമ്മ സ്ത്രീകളിൽ അനുഗൃഹീതയായതും എല്ലാ തലമുറകളും അവളെ ഭാഗ്യവതി എന്നു പ്രകീർത്തിക്കുന്നതും. വിശ്വാസത്തിന്റെ ഒരു തീർത്ഥയാത്രയായിരുന്നു ആ ജീവിതം. തന്നിൽ ദൈവം ആരംഭിച്ചത് അവിടുന്ന് പൂർത്തിയാക്കുമെന്ന വിശ്വാസത്തോടെയുള്ള യാത്ര.

ജീവിതത്തെ അതിന്റെ എല്ലാ അനുഭവങ്ങളോടുംകൂടി അതേപടി സ്വീകരിക്കുവാനാണ് പരിശുദ്ധ അമ്മ നമ്മെ പഠിപ്പിക്കുന്നത്. എന്തുമാത്രം ഉത്കണ്ഠയും ഏകാന്തതയും നൊമ്പരങ്ങളും അവൾ അനുഭവിച്ചിട്ടുണ്ടെന്ന് ഊഹിച്ചെടുക്കാൻ പോലും പറ്റുമെന്ന് തോന്നുന്നില്ല. എങ്ങനെയാണ് മറിയത്തിന് ഇത്രയും സൗമ്യമായും ധീരമായും ഈ സഹനാനുഭവങ്ങളിലൂടെ കടന്നുപോകാനായത്? അതിനെക്കുറിച്ച് ലൂക്ക സുവിശേഷകൻ ഒറ്റവരിയിൽ സംഗ്രഹിച്ചിട്ടുണ്ട്. മറിയമാകട്ടെ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു. വിശ്വാസത്തിന്റെ ആഴമേറിയ തലങ്ങളിലൂടെ യൗവനാരംഭത്തിൽത്തന്നെ യാത്ര ആരംഭിച്ചവളാണ് മറിയം.

ആത്മീയത എന്നു പറയുന്നത് ജീവിതത്തെ അതേപടി സ്വീകരിക്കാനും സ്നേഹിക്കാനും ഒരാളെ ബലപ്പെടുത്തേണ്ട ഘടകമാണ്. അല്ലാതെ അത്ഭുതങ്ങളാലും അടയാളങ്ങളാലും ആഘോഷിക്കേണ്ട ഒന്നല്ല. മറ്റുള്ളവരേ അതേപടി സ്വീകരിക്കാനും സ്നേഹിക്കാനും കഴിയുന്നത് പക്വതയുള്ള ആത്മീയതയുടെ ലക്ഷണമാണ്.

മുറിപ്പാടുള്ള ഒരു ഹൃദയവുമായി നിൽക്കുന്ന ക്രിസ്തുവിന്റെ ചിത്രം നമ്മുടെ മനസിനെ വല്ലാതെ സ്വാധീനിക്കാറുണ്ട്. ദൈവത്തിന് ഒരു ഹൃദയമുണ്ടെന്ന് മാത്രമല്ല അതിലൊരു മുറിവു കൂടിയുണ്ടെന്നത് തിരുഹൃദയത്തെ സ്നേഹിക്കുവാൻ വലിയ കാരണമായിത്തീരുന്നു. സ്നേഹം അതിന്റെ പൂർണ്ണതയിൽ വെളിപ്പെടുന്നത് ക്രിസ്തുവിലാണ്. മനുഷ്യന്റെ കണ്ണീരിനും സങ്കടത്തിനും മുമ്പിൽ പിടിച്ചു നിൽക്കാനാകാത്ത ആർദ്രഹൃദയമുള്ള ദൈവത്തെയാണ് ക്രിസ്തുവിലൂടെ ലോകത്തിന് വെളിപ്പെട്ടത്. വേദനിക്കുന്ന മനുഷ്യനോട് തോന്നിയ അനുകമ്പയിൽ നിന്നാണ് അവൻ അത്ഭുങ്ങൾപോലും പ്രവർത്തിച്ചത്. ജീവനറ്റ ശരീരമാണെന്നറിഞ്ഞിട്ടും അവന്റെ നെഞ്ചിൽ മുറിവേൽപിച്ചവന്റെ കാഴ്ചയില്ലാത്ത കണ്ണിലേക്ക് ഒരു തുള്ളി ചോര ഇറ്റിച്ചുകൊണ്ട് തിരുഹൃദയ നാഥൻ കാഴ്ച നൽകുകയാണ്.

ക്രിസ്തുവിന്റെ മുറിവേറ്റ ഹൃദയം ഇതുകൂടി നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. നിനക്ക് ആരെയെങ്കിലും സ്നേഹിക്കണമെങ്കിൽ മുറിവേറ്റേ മതിയാകൂ. തോറ്റുകൊടുക്കലിന്റെ, നിശ്ബ്ദമായ സഹനത്തിന്റെ മുറിവുകൾ അന്യായമായും നീ സഹിക്കണം. പകരം വീട്ടാൻ നമുക്കാവില്ല. നഷ്ടങ്ങളുടെ കണക്കേ ഉണ്ടാവുകയുള്ളൂ. ഒപ്പം നിന്റെ മുറിവുകൾ മറ്റുള്ളവർക്ക് സൗഖ്യം നൽകാനുതകുന്ന തിരുമുറിവുകളാക്കി മാറ്റണം.

ക്രിസ്തു സഹജമായ സ്നേഹത്തിനു മാത്രമേ ലോകത്തെ രക്ഷിക്കാനാവൂ. അൽപ്പം കൂടി ക്ഷമിക്കുവാനും സഹിക്കുവാനും പ്രാർത്ഥിക്കുവാനും പരിശുദ്ധ അമ്മയുടെ വണക്കമാസവും തിരുഹൃദയ മാസവും നമ്മെ ബലപ്പെടുത്തട്ടെ, അതിനുള്ള ശ്രമങ്ങൾ നമ്മുടെ ജീവിതത്തെ ദീപ്തമാക്കും. പുതിയ അധ്യയനവർഷം പരിശുദ്ധ അമ്മയോടും തിരുഹൃദയ നാഥനോടും ചേർന്നായിരിക്കട്ടെ.

# നല്ല വാർധക്യത്തിന് സ്വയംപഠനം



## അകം പുറം

കെ. എഫ്. ജോർജ്

കുട്ടിക്കാലത്ത് വിദ്യ അഭ്യസിക്കാനും ജീവിത പാഠങ്ങൾ ഗ്രഹിക്കാനും അനേകം കളരികളുണ്ട്. വീടും സ്കൂളുമെല്ലാം ഇതിന് വേദികൾ ഒരുക്കുന്നു. യൗവനകാലത്തും തിരുത്തലുകൾ ചൂണ്ടിക്കാണിക്കാൻ പലരുമെത്തും. എന്നാൽ വാർധക്യം സംതൃപ്തിയിൽ എങ്ങനെ കഴിച്ചുകൂട്ടാമെന്നു പഠിക്കാൻ കളരികളില്ല.

കിട്ടാവുന്ന സന്തോഷങ്ങൾ സ്വീകരിച്ച് വയസുകാലം ചിലവഴിക്കണമെന്നുണ്ടെങ്കിൽ മുൻകൂട്ടി ഒരുക്കം തുടങ്ങുകയും അതനുസരിച്ച് ആസൂത്രണം ചെയ്തു നീങ്ങുകയും ചെയ്യേണ്ട കാലമാണിത്. കാരണം സമൂഹം അതിദ്രുതം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. കുടുംബത്തെ ഉറപ്പിച്ചു നിർത്തിയിരുന്ന സിമന്റും പശയുമെല്ലാം ഇളകിപ്പോയി. കാലത്തിന്റെ ചുവരെഴുത്തു മനസിലാക്കി നീങ്ങിയില്ലെങ്കിൽ പരാശ്രയം അനിവാര്യമായ അവസാനകാലം നിസഹായതയിലും കണ്ണീരിലും മുങ്ങിപ്പോകും.

ആരോഗ്യമുള്ള കാലത്ത് ഭൂമി ഭാഗം വയ്ക്കാതെ നീട്ടിവച്ച്, അവസാനം വാർധക്യത്തിന്റെ അവശതയിൽ കഴിയുമ്പോൾ മക്കൾ പിതൃസ്വത്തിനായി കടിപിടി കൂടുന്നതും കണക്കുപറയുന്നതും കാണേണ്ടി വരുന്നത് എത്രയോ ദയനീയമാണ്!

അധികാരത്തിലിരുന്നപ്പോൾ കണ്ണായ സ്ഥലങ്ങളിലെല്ലാം മറ്റുള്ളവരെ പങ്കാളികളാക്കി ഭൂമി വാങ്ങിക്കൂട്ടിയ കേരളത്തിലെ ഒരു മുൻമന്ത്രി പെട്ടെന്നാണ് രോഗിയായത്. മന്ത്രിയുടെ ആരോഗ്യം അപകടത്തിലാണെന്നുകണ്ട് പങ്കാളികൾ ഭൂമി പെട്ടെന്നു വിറ്റ് ഇടപാടുകൾ തീർക്കണമെന്ന് അഭ്യർത്ഥിച്ചു. സുഖമായി വന്ന ശേഷം ഇടപാടുകൾ തീർക്കാമെന്ന നിലപാടിലായിരുന്നു നേതാവ്. പക്ഷേ, പെട്ടെന്ന് ആരോഗ്യനില വഷളായി അദ്ദേഹം കണ്ണടച്ചു. മന്ത്രിയുടെ കുടുംബത്തിൽ ഏറെ അവകാശികളുള്ളതിനാൽ സ്വത്തുക്കളെല്ലാം തർക്കങ്ങളിൽ കുടുങ്ങി. അതിൽ പണം മുടക്കിയവരെല്ലാം കഷ്ടത്തിലുമായി.

വൃദ്ധരുടെ നാടായി കേരളം മാറിക്കൊണ്ടിരിക്കുന്നു. 1961 ൽ കേരളീയ ജനസംഖ്യയുടെ 5.6% വൃദ്ധജനങ്ങളായിരുന്നുവെങ്കിൽ ഇപ്പോൾ അത് 16.5% ആയി ഉയർന്നു.

അടുത്ത കാലംവരെ ഭൂമിയായിരുന്നു സമ്പാദ്യത്തിന്റെയും ആഢ്യത്വത്തിന്റെയും അളവുകോൽ. വാണിജ്യം പേരിനുണ്ടായിരുന്നുവെങ്കിലും കൃഷിയായിരുന്നു മഹാഭൂരിപക്ഷത്തിന്റെയും ഉപജീവനമാർഗം. ഭൂമിയുടെ ഉടമയായതിനാൽ വാർധക്യത്തിലെത്തിയാലും കാരണവരെ ആശ്രയിച്ചു നിൽക്കേണ്ട സ്ഥിതിയായിരുന്നു യുവതലമുറയ്ക്ക്. അതിനാൽ സ്വാഭാവികമായും



വയോജനങ്ങൾക്ക് അത്യാവശ്യം കരുതലും പരിഗണനയും ലഭിച്ചിരുന്നു. മാത്രമല്ല അത് കടമയും പുണ്യവുമാണെന്ന് പുരാണങ്ങളും മതഗ്രന്ഥങ്ങളും പഠിപ്പിക്കുകയും ചെയ്തുപോന്നു.

വളരെ പെട്ടെന്ന് ഈ സാമൂഹികഘടന തകിടം മറിഞ്ഞു. കൃഷിയും ഭൂമിയുമല്ല ഇന്ന് സമ്പാദ്യത്തിന്റെ അടിസ്ഥാന ശിലകൾ. ലോകമെങ്ങും തൊഴിൽ ലഭിക്കാവുന്ന അവസ്ഥ. അതിനാൽ യുവതലമുറ അന്യരാജ്യങ്ങളിൽ കുടിയേറി അവിടെ പൗരന്മാരാകുന്നു.

വയോജനങ്ങൾ ഇവിടെ അവശേഷിക്കുന്നു. വികസിത രാജ്യങ്ങളിൽ പ്രായമായവർക്ക് നിരവധി ക്ഷേമ പദ്ധതികളുണ്ട്. ഇവിടെ കാര്യമായ പദ്ധതികൾ ഇല്ലെന്നു മാത്രമല്ല, ഒരു പ്രായം കഴിഞ്ഞാൽ ആരോഗ്യ ഇൻഷൂറൻസ് പരിരക്ഷപോലും ലഭിക്കുന്നില്ല.

അതിനാൽ വാർധക്യം സന്തോഷത്തിലും സ്വസ്ഥതയിലും കഴിയണമെന്നുണ്ടെങ്കിൽ ആരോഗ്യമുള്ള കാലത്തുതന്നെ വരുംകാല ജീവിതത്തെ അവരവർക്ക് ശേഷിയുള്ള രീതിയിൽ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

ബാധ്യതകളും വഴക്കുകളും ഉണ്ടാകാത്ത രീതിയിൽ കടമകൾ തീർത്തുവയ്ക്കുക പ്രധാനമാണ്. ചികിത്സയ്ക്കും ഉപജീവനത്തിനും മറ്റുമായി ധനാഗമ മാർഗങ്ങൾ കരുതിവച്ച് പരമാവധി പരാശ്രയം ഒഴിവാക്കേണ്ടിയിരിക്കുന്നു.

ആഗ്രഹങ്ങൾ പരിമിതമാകുന്ന വാർധക്യത്തിൽ മാനസിക സ്വസ്ഥതയ്ക്കാണ് പ്രഥമ പരിഗണന. സമപ്രായക്കാരുടെ ഒത്തുചേരലുകളും കലകളും കൊച്ചു യാത്രകളുമെല്ലാം അവരുടെ മനസുകളെ ഉണർത്തി ഇക്കാലവും ജീവിതയോഗ്യമാണെന്ന് ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കും.

കുടുംബത്തിനും സമൂഹത്തിനുമായി സജീവമായ ഒരു ജീവിതം ആടിത്തീർത്തവർക്ക് ബാധ്യതകളില്ലാതെ ആസ്വദിക്കാൻ കിട്ടുന്ന കാലമാണ് വാർധക്യം. മുൻകൂട്ടി കരുതലോടെ നീങ്ങിയാൽ അത്യാവശ്യം ശാരീരിക അവശതകളുടെ ഇടയിലും സായാഹ്നത്തിൽ മധുരത്തിന്റെ ചെറുതരികൾ കണ്ടെത്താൻ കഴിയും.

# പോസിറ്റീവാണ്, നെഗറ്റീവും

● പേജ് ഒന്നിൽ നിന്ന് തുടർച്ച

തിരുവിതാംകൂറിൽ ഒതുങ്ങിക്കൂടിയിരുന്ന സീറോ മലബാർ വിശ്വാസികൾ മലബാറിന്റെ മലമടക്കുകളിൽ വിജയംകൊയ്തത് കുടിയേറ്റത്തിലൂടെയാണ്. തലശ്ശേരി, താമരശ്ശേരി, മാനന്തവാടി, പാലക്കാട് രൂപതകൾ മലബാർ കുടിയേറ്റത്തിന്റെ പരിണിത ഫലമാണ്. കേരളത്തിന് പുറത്തേക്കുള്ള കുടിയേറ്റം രാമനാഥപുരം, ഹൊസൂർ, ബൽത്തങ്ങാടി, മാണ്ഡ്യ, ഭദ്രാവതി, കല്യാൺ, ഫരീദാബാദ് രൂപതകൾ സൃഷ്ടിച്ചു.

പാശ്ചാത്യ നാടുകളിലേക്ക് കുടിയേറിയ വിശ്വാസികൾ സഭയ്ക്ക് സമ്മാനിച്ചത് നാല് രൂപതകളാണ്. മിസിസാഗ (കാനഡ) ചിക്കാഗോ (യുഎസ്എ) ഗ്രേറ്റ് ബ്രിട്ടൺ, മെൽബൺ (ഓസ്ട്രേലിയ). ചുരുക്കിപറഞ്ഞാൽ പമ്പാ നദിക്കും, ഭാരതപ്പുഴയ്ക്കും ഇടയിൽ ഒതുങ്ങിയിരുന്ന സീറോ മലബാർ സുറിയാനി സഭയ്ക്ക് വളർച്ചയും അന്താരാഷ്ട്ര മുഖവും നൽകിയത് കുടിയേറ്റമാണ്. മാത്രമല്ല, പാശ്ചാത്യനാടുകളുടെ നവസുവിശേഷവത്കരണത്തിന് സഹായകരമാണ് ഈ കുടിയേറ്റം. മലയാളി വിശ്വാസികളുടെ വരവോടെ തങ്ങളുടെ ഇടയിൽ ഉണ്ടായ ആത്മീയ ഉണർവിനെ യൂറോപ്പിലെ രൂപതാധികാരികൾ സാക്ഷ്യപ്പെടുത്തുന്നു. സഭയ്ക്ക് മാത്രമല്ല അതിലെ വിവിധ പ്രസ്ഥാനങ്ങൾക്കും കുടിയേറ്റം വളർച്ച നൽകി. കേരളത്തിൽ ആരംഭിച്ച ജീസസ് യൂത്ത് മൂവ്മെന്റ് അന്താരാഷ്ട്ര വളർച്ച നേടിയത് കുടിയേറ്റ ആരോഗ്യ പ്രവർത്തകരിലൂടെയാണ്. പെരുവണ്ണാമൂഴിയെന്ന ഗ്രാമത്തിൽ ആരംഭിച്ച ശാലോം മീഡിയ ആഗോള കത്തോലിക്കാ സഭയിലെ പ്രമുഖ മാധ്യമ സ്ഥാപനമായ ശാലോം വേൾഡായി വളർന്നത് അമേരിക്കൻ മലയാളികളുടെ ശ്രമഫലമായാണ്.

## കുടിയേറ്റം ദോഷകരമാകുന്നത്

ഏതു നാണയത്തിനും ഇരു വശങ്ങൾ ഉള്ള തുപോലെ വിദേശകുടിയേറ്റം പ്രശ്നങ്ങൾ സൃഷ്ടിക്കാം. വിദേശത്തേക്ക് കുടിയേറിയ ജനത ഏതാനും തലമുറകൾക്കുള്ളിൽ തങ്ങളുടെ വിശ്വാസവും പാരമ്പര്യവും ഉപേക്ഷിച്ച് പാശ്ചാത്യ ലിബറൽ നയങ്ങൾ സ്വീകരിച്ചാൽ സമുദായത്തിന് കനത്ത നഷ്ടമായിരിക്കും.

അനിയന്ത്രിതമായ കുടിയേറ്റം സമുദായത്തെ പ്രാദേശികമായി ക്ഷയിപ്പിക്കും. 'വിദേശത്ത് മാത്രമാണ് രക്ഷ' എന്ന നിലയിൽ വിദേശഭ്രമം പിടിപെടുമ്പോൾ കാര്യങ്ങൾ സങ്കീർണ്ണമാകും. സ്വന്തം നാട്ടിൽ ആളില്ലാതാകുമ്പോൾ സമുദായത്തിന്റെ ആരാധനാലയങ്ങളെയും സ്ഥാപനങ്ങളെയും അത് ദോഷകരമായി ബാധിക്കും. ജനാധിപത്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് ജനസംഖ്യയും വോട്ടും. ആളുകൾ കുറയുന്നതനുസരിച്ച് രാഷ്ട്രീയമായി സമുദായം പിന്നോട്ടു പോകും. ക്രമേണ സമുദായത്തിന്റെ ഭൂസ്വത്തും സ്ഥാപനങ്ങളും മറ്റ് സമൂഹങ്ങളിൽ വന്ന് ചേരും. ഇതിന് ഒരു ഉദാഹരണമാണ് യഹൂദ ജനത. ദൈവം അവർക്ക് നൽകിയ കാനാൻ ദേശമായിരുന്നു ഇസ്രായേൽ. എഡി 70 ൽ റോമൻ ആക്രമണത്തെത്തുടർന്ന് യഹൂദ ജനത ലോകത്തിന്റെ പലഭാഗത്തേക്കും ആവേശത്തോടെ കുടിയേറി. അവർ ഉപേക്ഷിച്ചുപോയ ഭൂസ്വത്തും ആരാധനാലയങ്ങളും വന്നു ചേർന്നത് അറബ് വംശജരിലാണ്. ക്രമേണ പാലസ്തീന അറബ് വംശജരുടെ നാടായി മാറി. കുടിയേറിയ പല ദേശങ്ങളിലും നൂറ്റാണ്ടുകൾക്ക് ശേഷം യഹൂദ ജനത ആക്രമിക്കപ്പെടാൻ തുടങ്ങി. അതിന്റെ പര്യവസാനം ജർമ്മനിയിലെ നാസി ഭരണത്തിലായിരുന്നു. 1940 കളിൽ ഹിറ്റ്ലർ കൊന്നൊടുക്കിയത് 60 ലക്ഷം യഹൂദരെയാണ്. അതോടെ ബോധോദയം ഉണ്ടായ യഹൂദജനത തങ്ങളുടെ പിതൃഭൂമിയായ പാലസ്തീനായിലേക്ക് മടക്കയാത്ര ആരംഭിച്ചു. 1948 ൽ ഇസ്രായേൽ എന്ന യഹൂദരാജ്യം സ്ഥാപിച്ചത് തദ്ദേശവാസികളായ അറബ് വംശജർ അംഗീകരിച്ചില്ല. ഇസ്രായേൽ–പാലസ്തീൻ പ്രശ്നം ഇന്നും കുരുക്കഴിയാതെ കിടക്കുന്നു.

## പിടിച്ചു നിർത്താൻ എന്തു ചെയ്യാം?

കുറച്ച് യുവജനങ്ങളെയെങ്കിലും നാട്ടിൽ പിടിച്ചു നിർത്തേണ്ടത് സമുദായത്തിന്റെ ആവശ്യമാണ്. പരിശീലനവും സാമ്പത്തിക സംവരണത്തിന്റെ സാധ്യതകളും ഉപയോഗിച്ച് കുറച്ചു പേർക്കെങ്കിലും സർക്കാർ ജോലി നേടിക്കൊടുക്കുവാൻ പദ്ധതികൾ തയ്യാറാക്കേണ്ടിയിരിക്കുന്നു.

യുവജനങ്ങളെ സംരംഭകത്വം പരിശീലിപ്പിക്കണം. ചെറുതും വലുതുമായ സംരംഭങ്ങൾ ആരംഭിക്കാൻ പ്രേരണ നൽകണം. സംരംഭകത്വവും വ്യാവസായിക വളർച്ചയും ഉണ്ടായെങ്കിൽ മാത്രമേ സമുദായം അഭിവൃദ്ധിപ്പെടുകയുള്ളൂ, കൃഷി ആഭിമുഖ്യമുള്ള സുറിയാനി നസ്രാണി സമൂഹത്തെ ബിസിനസ് ആഭിമുഖ്യമുള്ളവരായി മാറ്റണം. കേരളത്തിലെ പല സമുദായങ്ങളും പ്രമുഖരായത് ബിസിനസ് വഴിയാണ്.

കൃഷിയെ കേവലം ഉപജീവന മാർഗമായി കാണാതെ ബിസിനസായി കാണണം. വിപണിയെ അടുത്തറിഞ്ഞ് കൃഷി ചെയ്താൽ ലാഭകരമാകും. ഇതിന് ഉത്തമ ഉദാഹരണമാണ് പടത്തുകടവ് ഇടവകയിലെ ബിന്ദു–ജോജോ ദമ്പതികളുടെ വിജയം. മൂന്നേക്കർ സ്ഥലത്തുനിന്ന് അവരുടെ വാർഷികവരുമാനം 30 ലക്ഷം രൂപയ്ക്ക് മുകളിലാണ്. താമരശ്ശേരി രൂപത മുഴുവനെടുത്താൽ ഇത്തരത്തിൽ കൃഷിയിൽ നിന്ന് മികച്ച വരുമാനം നേടുന്നവർ കുറേപ്പേരെങ്കിലുമുണ്ടാകും. അവരുടെ അനുഭവ പരിചയം പുതുതലമുറയ്ക്ക് പകർന്നുകൊടുക്കുവാനുള്ള വേദി കൃത്യമായ ഇടവേളകളിൽ സംഘടനകൾ ഒരുക്കിയാൽ അത് സമുദായത്തിന് വലിയ രീതിയിൽ ഗുണം ചെയ്യും.

യുവജനങ്ങളിൽ സംരംഭകത്വമൂല്യം വളർത്തിയെടുക്കാൻ സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റും സാധിക്കും. ഓർക്കുക പാഴ്സി, ജൈന, മാർവാഡി സമുദായങ്ങൾ ഇന്ത്യൻ ജനസംഖ്യയുടെ വളരെ ചെറിയ ഭാഗം മാത്രമാണ്. എന്നാൽ ഇന്ത്യൻ സർക്കാരുകളെയും നയങ്ങളെയും സ്വാധീനിക്കുന്നത് ഇവരാണെന്ന് നിസംശയം പറയാം. കാരണം ടാറ്റ, ബിർള, ഗോയങ്ക തുടങ്ങി ഫ്ളിപ്കാർട്ട്, ഓല വരെയുള്ള കമ്പനികൾ ഈ സമൂഹത്തിൽപ്പെട്ടവരുടേതാണ്. ഇതൊക്കെ നസ്രാണി സമൂഹത്തിന് സാധ്യമാണോ എന്നു സംശയം തോന്നാം. അതിന് കേരള ചരിത്രത്തിലേക്ക് കണ്ണോടിച്ചാൽ മതി. തിരുവിതാംകൂറിന്റെ ആദ്യ മഹാരാജാവായ മാർത്താണ്ഡവർമ്മയെ സാമ്പത്തികമായി സഹായിച്ചത് സുറിയാനി നസ്രാണി കച്ചവടക്കാരാണ്. അതിന് പ്രത്യുപകാരമായി അദ്ദേഹം മധ്യതിരുവിതാംകൂറിൽ ഈ സമുദായത്തെ പ്രബലപ്പെടുത്താൻ സഹായിച്ചു. സാമ്പത്തികശക്തി രാഷ്ട്രീയ സ്വാധീനത്തിന് കാരണമാകും.


വിശുദ്ധനാട് തീർത്ഥയാത്ര

കർത്താവ് ജനിച്ചു ജീവിച്ച അനുഗൃഹീത നാട്ടിലൂടെ ഒരു പുണ്യയാത്ര.

● ജോർദാൻ ● ഇസ്രായേൽ ● പാലസ്തീൻ ● ഈജിപ്ത്



ജെറുസലേം, നെബോ പർവതം, നസ്രത്ത്, മംഗളവാർത്താ ദേവാലയം, കാന, കഫർണാം, ബത്‌ലഹേം, തിരുപ്പിറവി ദേവാലയം, ബഥനി, താബോർ മല, സെഹിയോൻ മാളിക, ജോർദാൻ നദി, ബത്സയ്ദാ കുളം, ഒലിവുമല, തിരുക്കല്ലറ, ഗത്സമൻതോട്ടം, ജറീക്കോ, ചെങ്കടൽ, സീനായ്, ഈജിപ്ത്, പിരമിഡ്. നൈൽ നദിയിലും ഗലീലി തടാകത്തിലും ബോട്ട് യാത്ര, ചാവുകടലിൽ കുളി, ഗത്സമൻ തോട്ടത്തിൽ ആരാധന, കാനായിൽ വിവാഹ വാഗ്ദാന നവീകരണം, ഗാഗുൽത്തായിലേക്ക് കുരിശിന്റെ വഴി.

2023 ഒക്ടോബർ 15നും നവംബർ 15നും പുറപ്പെടുന്നു.

യൂറോപ്പ്– മരിയൻ തീർത്ഥയാത്ര

● വത്തിക്കാൻ ● സ്വിറ്റ്സർലന്റ് ● ഇറ്റലി ● പോർച്ചുഗൽ ● ജർമ്മനി ● ഫ്രാൻസ് ● സ്പെയിൻ

കൊളോസിയം, വത്തിക്കാൻ മ്യൂസിയം, കാറ്റക്യൂമ്പ്സ്, സെന്റ് പീറ്റേഴ്സ് ബസിലിക്ക, സിസ്റ്റെയ്ൻ ചാപ്പൽ, പിസ, അസീസി, വെനീസ്, പാദുവ, മിലാൻ കത്തീഡ്രൽ, മൗണ്ട് റ്റിറ്റ്ലീസ്, ബെൻസ് മ്യൂസിയം, ലിസ്യൂ, നോർത്തഡാം കത്തീഡ്രൽ, ഈഫൽ ടവർ, ലൂർദ്, ഫാത്തിമ

16 ദിവസത്തെ പ്രോഗ്രാം കോഴിക്കോട് നിന്ന് പുറപ്പെടുന്നു. ബുക്കിംങ് ആരംഭിച്ചിരിക്കുന്നു

2023 ഒക്ടോബർ ആദ്യവാരം പുറപ്പെടുന്നു

ഗോവ തീർത്ഥയാത്ര

2023 സെപ്റ്റംബർ 8നും, ഒക്ടോബറിലും പുറപ്പെടുന്നു

വി. ജോസഫ് വാസിന്റെ ജന്മഗൃഹം, വാഴ്ത്തപ്പെട്ട ആഞ്ചലോയുടെ കബറിടം–ദേവാലയം, മിരാമർ ബീച്ച്, ഡോണപോള ബീച്ച്, കളംഗട്ട് ബീച്ച് , ബോട്ടു യാത്ര, ബോം ജീസസ് കത്തീഡ്രൽ, വി. ഫ്രാൻസിസ് സേവ്യറുടെ പൂജ്യ ശരീരം, ക്രിസ്ത്യൻ മ്യൂസിയം, സെന്റ് അഗസ്റ്റിനിയൻ ചർച്ച്, ഓൾഡ് ഗോവ ചർച്ച്, അഹൂദ ഫോർട്ട്, കോൾവ ബീച്ച്.

യാത്രയടക്കം മൂന്ന് രാത്രി 2 പകൽ കോഴിക്കോട് നിന്ന് ഗോവക്കും തിരിച്ചും ട്രെയിൻ യാത്ര

ഗോവ യാത്രയ്ക്ക് ട്രെയിൻ ടിക്കറ്റ് ബുക്ക് ചെയ്യേണ്ടതിനാൽ 3 മാസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഡൽഹി, ആഗ്ര, അമൃത്സർ, മണാലി യാത്ര

ദുബായ് യാത്ര

കാശ്മീർ യാത്ര

തിരുവനന്തപുരം യാത്ര

Sama Travel
Great Journeys Begin Here

Contact : Fr. Sai Parankulangara: 9544 28 50 18

എല്ലാ യാത്രകളുടെയും ബുക്കിംങ് ആരംഭിച്ചിരിക്കുന്നു



# വിദേശ പഠനം: ശ്രദ്ധ വേണം ഇക്കാര്യങ്ങളിൽ

**പഠനത്തിനായി വിദേശത്തേക്ക് പറക്കും മുമ്പ് ശ്രദ്ധിക്കേണ്ട കാര്യങ്ങളും പ്രധാനപ്പെട്ട രാജ്യങ്ങളിലെ പഠന തൊഴിൽ മേഖലയെക്കുറിച്ചും കൂടുതൽ അറിയാം**



പ്രഫ. ചാർലി കട്ടക്കയം

ഉപരിപഠനത്തിനായി വിദേശരാജ്യങ്ങളിലേക്ക് യാത്ര ചെയ്യുന്നവരുടെ എണ്ണം അനുദിനം കൂടിവരികയാണ്. അത് ഇനിയും വർദ്ധിക്കാനേ വഴിയുള്ളു. വിദേശത്ത് ഉപരിപഠന സാധ്യതകൾ പരിശോധിക്കുമ്പോൾ വിദ്യാർത്ഥികളും മാതാപിതാക്കളും ശ്രദ്ധിച്ചിരിക്കേണ്ട ചില കാര്യങ്ങളുണ്ട്. പഠനത്തിനായി തിരഞ്ഞെടുക്കുന്ന രാജ്യം, വിഷയം, ഭാഷ, തൊഴിൽ സാധ്യത, ചിലവ്, കാലാവസ്ഥ എന്നിങ്ങനെയുള്ള കാര്യങ്ങൾ വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. ഇതിനൊന്നും മെനക്കെടാതെ വലിയ തുക മുടക്കി വിദേശത്ത് എത്തിപ്പെട്ട് കഷ്ടത്തിലായവർ ഏറെയുണ്ട് നമുക്ക് ചുറ്റും. പഠനത്തിനായി വിദേശത്തേക്ക് പറക്കും മുമ്പ് ശ്രദ്ധിക്കേണ്ട കാര്യങ്ങളും പ്രധാനപ്പെട്ട രാജ്യങ്ങളിലെ പഠന തൊഴിൽ മേഖലയെക്കുറിച്ചും വിശദീകരിക്കുകയാണ് ചുവടെ:

- ചേരുന്ന യൂണിവേഴ്സിറ്റി/ കോളജിന്റെ റാങ്കിങ് നോക്കണം.
- കഴിവതും സ്ഥാപനങ്ങളുടെ വെബ്സൈറ്റ് വഴി നേരിട്ട് അഡ്മിഷൻ എടുക്കണം.
- ചേരുന്ന കോഴ്സിന് വേണ്ട അടിസ്ഥാന യോഗ്യതയായ GRE, IELTS, TOFEL തുടങ്ങിയവ ഉണ്ടെങ്കിൽ അത് പാസായിട്ടുവേണം വിദേശത്തുപോകുവാൻ.
- ഏജൻസികളെ കഴിവതും ഒഴിവാക്കുക, ബന്ധപ്പെടുകയാണെങ്കിൽ ഏജൻസിയുടെ വിശ്വാസ്യത നോക്കണം, അവർ പറയുന്ന കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്താൻ ശ്രമിക്കണം.
- സ്കോളർഷിപ്പുകൾക്ക് നേരിട്ട് അപേക്ഷിക്കുക
- വിദേശത്ത് പഠനത്തിന് കഠിന പരിശ്രമം അനിവാര്യമാണെന്നത് മറക്കരുത്. വായനാശീലം കൂട്ടണം. പഠിക്കുന്ന മേഖലയിലെ അടിസ്ഥാന വിവരങ്ങൾ അറിഞ്ഞിരിക്കണം.
- പോകുന്ന രാജ്യത്ത് സംഭവിക്കാൻ സാധ്യതയുള്ള മത-രാഷ്ട്രീയ-സമ്പത്തിക വ്യതിയാനങ്ങളെപ്പറ്റി മുൻകരുതൽ ഉണ്ടാകണം.
- കോഴ്സിന് ചേരുമ്പോൾ സ്റ്റേ ബാക്ക് കിട്ടുമെങ്കിൽ അത് എത്ര നാൾ എന്ന് അറിഞ്ഞിരിക്കണം.
- പി.ആർ കിട്ടാനുള്ള നിബന്ധനകളും അത് എളുപ്പമാക്കുന്ന കോഴ്സുകളും ജോലികളും മനസിലാക്കിയിരിക്കണം.
- ഏജൻസികൾ നിർദേശിക്കുന്ന കോഴ്സുകൾക്ക് ചേരാതെ സ്വയം സ്ഥാപനങ്ങളുടെ വെബ്സൈറ്റ് വഴി കോഴ്സുകൾ തിരഞ്ഞെടുക്കണം.
- ചേരുന്ന കോഴ്സിന്റെ ഫീസിനെപ്പറ്റി ധാരണ ഉണ്ടാകണം
- പോകുന്ന രാജ്യത്ത് പാർട്ട് ടൈം ജോലി അനുവദനീയമാണോ എന്നതും, അനുവദിച്ചിരിക്കുന്ന സമയവും നിയമങ്ങളും അറിഞ്ഞിരിക്കണം.
- പോകുന്ന സ്ഥലത്തെ കാലാവസ്ഥയെപ്പറ്റി ബോധ്യം ഉണ്ടായിരിക്കണം.
- ബന്ധുമിത്രങ്ങളോ, പരിചയക്കാരോ ഉള്ള സ്ഥലങ്ങൾക്ക് മുൻഗണനാ നൽകാം. പോകുന്ന സ്ഥലത്ത് സാധിക്കുമെങ്കിൽ പരിചയക്കാരെ കണ്ടെത്തുയും അവർ വഴി കൂടുതൽ വിവരങ്ങൾ ശേഖരിക്കുവാനും ശ്രമിക്കണം.
- മുൻപ് പോയവരിൽ നിന്നോ, സീനിയർ വിദ്യാർത്ഥികളിൽ നിന്നോ കൂടുതൽ വിവരങ്ങൾ ശേഖരിക്കണം.
- പോകുന്ന സ്ഥലങ്ങളിലെ ഇന്ത്യൻ, കേരള, പള്ളി കൂട്ടായ്മകളിൽ നിന്നും സഹായവും സഹകരണവും സ്വീകരിക്കാവുന്നതാണ്. പല സ്ഥലങ്ങളിലും ഇത്തരം സഹായ കൂട്ടായ്മകൾ ഉണ്ട്.
- സ്വന്തം നാടും വീടും ബന്ധുക്കാരുമായുള്ള ബന്ധം തുടർന്നും നിലനിർത്തുക. ഒരു മടങ്ങിവരവ് ആവശ്യമായി വന്നാൽ മാനസികമായി അതിനും തയ്യാറായിരിക്കണം.

## അയർലൻഡ്



- യൂറോപ്യൻ യൂണിയനിൽ ഉൾപ്പെട്ടതും, ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നതും അതിവേഗം വികസനം നടക്കുന്നതുമായ അയർലണ്ടിലെ വിദ്യാഭ്യാസം യുകെ മോഡൽ ആണ്. എന്നാൽ യുകെയെക്കാൾ തൊഴിൽ അവസരം കൂടുതലാണ്.
- പഠനത്തിന് ശേഷം ഡിഗ്രിക്കാർക്ക് ഒരു വർഷവും മാസ്റ്റേഴ്സ് ചെയ്യുന്നവർക്ക് രണ്ട് വർഷവും സ്റ്റേ ബാക്ക് കിട്ടും.
- പഠനകാലത്ത് ആഴ്ച്ചയിൽ 20 മണിക്കൂർ പാർട്ട്ടൈം ജോലി ചെയ്യാം. സെമസ്റ്റർ ബ്രേക്ക്/ അവധിക്കാലങ്ങളിൽ 40 മണിക്കൂർ അനുവദനീയമാണ്.
- ഡിഗ്രി കോഴ്സുകൾക്ക് പ്രതിവർഷം 12,000 യൂറോയും, മാസ്റ്റേഴ്സ് പ്രോഗ്രാമിന് 30000 യൂറോയും, മെഡിസിന് 50000 യൂറോയുമാണ് ഏകദേശഫീസ്. പ്രൈവറ്റ് കോളജുകളിലാണ് ഫീസ് കുറവ്.

### പ്രധാനപ്പെട്ട കോഴ്സുകൾ

- ഐ.ടി, നഴ്സിംങ്, ബയോ ടെക്നോളജി, ബയോ സയൻസ്, ഹെൽത്ത് സയൻസ്, ഇൻഫർമാറ്റിക്സ്, ഡാറ്റാ അനാലിസിസ്, ക്ലൗഡ്/ കംപ്യൂട്ടിംഗ് പ്രോഗ്രാം (ഇതിൽ ഐടിക്കാണ് പ്രാമുഖ്യം കൂടുതൽ)
- കോഴ്സിന് ചേരാൻ IELTS സ്കോർ 6.5 ൽ കൂടുതൽ നിർബന്ധം. പ്രതിവർഷം 5000 ത്തിന് മുകളിൽ ഇന്ത്യക്കാർ ഇവിടെ പഠനത്തിന് ചേരുന്നു.

### തൊഴിൽ മേഖലകൾ

ബിസിനസ് ആന്റ് ഹ്യൂമാനിറ്റീസ് (അക്കൗണ്ടിംഗ് ഫിനാൻസ്, മനേജ്മെന്റ്, ഹ്യൂമാനിറ്റീസ്, ഹോസ്പ്പിറ്റാലിറ്റി)


- ഹെൽത്ത് സയൻസ് (നഴ്സിംഗ് ആന്റ് മിഡ്‌വൈഫറി, ഫാർമ, ബയോ സയൻസ്, ബയോ ടെക്നോളജി, ബയോ മെഡിക്കൽ, ബയോ എൻജീനിയറിങ്)
- എൻജിനീയറിങ് (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, കൺസ്ട്രക്ഷൻ)
- ഇൻഫർമാറ്റിക്സ് ആന്റ് ആർട്സ് (കംപ്യൂട്ടിംഗ്, ക്ലൗഡ്, സൈബർ സെക്യൂരിറ്റി, ഡാറ്റാ അനാലിസിസ്, മീഡിയ ജേർണലിസം, മ്യൂസിക്ക്)

### കോഴ്സ് ഘടന

- ഐറിഷ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ 6 മുതൽ 10 വരെയുള്ള ലെവൽ (Level 6-10) അവാർഡുകളാണ് ഇന്റർ നാഷണൽ സ്റ്റുഡൻസിന് ഓഫർ ചെയ്യുന്നത്. (Higher Certificate-6, Bachelor Degree-7, Higher Diploma/ Honors Bachelors Degree-8, Masters Degree/ Post Graduate Diploma-9, Doctoral Degree-10)
- മെച്ചപ്പെട്ട അധ്യാപക വിദ്യാർത്ഥി അനുപാതം, മികച്ച ഗൈഡൻസും, അടിസ്ഥാന സൗകര്യങ്ങളും.
- ഐറിഷ് യൂണിവേഴ്സിറ്റികളിലും കോളജുകളിലും മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമാണ്.
- ജീവിത ചിലവ്- ട്യൂഷൻ ക്ലാസിന് പുറമേ 10000 മുതൽ 15000 യൂറോ വരും (താമസവാടക, ഇലക്ട്രിസിറ്റി, ഭക്ഷണം, മെഡിസിൻ, ബുക്സ്...)

### പ്രധാനപ്പെട്ട യൂണിവേഴ്സിറ്റി / കോളജുകൾ

1. University of Dublin (Trinity College), 2. University college of Dublin (UCD), 3. Dublin City University (DCU), 4. Mynooth Univesity, 5. National University, 6. University College Cork, 7. University of Limerick, 8. Technological University Dublin (TUD) 9. Atlantic Technological University (ATU), 10. Munster Technological University 11. Dundalk Institute of Technology, 12. Carlow Institute of Technology, 13. Waterford Institute of Technology 14. Athlone Institute of Technology 15. Dubin Business School (DBS) 16.Grifith College 17. National College Of Ireland (NCI).



## വ്യാജന്മാരെ പൂട്ടാൻ ഓപ്പറേഷൻ ശുഭയാത്ര

വിദേശത്തേയ്ക്കുള്ള അനധികൃത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പുകൾ, മനുഷ്യക്കടത്ത് എന്നിവ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രതിരോധനടപടികൾ സ്വീകരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം നിലവിൽവന്ന സംവിധാനമാണ് ഓപ്പറേഷൻ ശുഭയാത്ര.

വിദേശകാര്യ മന്ത്രാലയത്തിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസ്, കേരളാ പോലീസ്, നോർക്ക റൂട്ട്സ്, എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. ക്രൈംബ്രാഞ്ച് ഐ.ജി നോഡൽ ഓഫീസറായ ഒരു സ്റ്റേറ്റ് സെല്ലും, ജില്ലകളിൽ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു.

തീരദേശം, വിമാനത്താവളങ്ങൾ എന്നിവ മുഖേനയുള്ള മനുഷ്യക്കടത്ത് സംബന്ധിച്ച രഹസ്യ വിവരങ്ങൾക്കനുസരിച്ച് സത്വര നടപടികളാണ് സ്വീകരിച്ചു വരുന്നത്.

വ്യാജ റിക്രൂട്ട്മെന്റ്, മനുഷ്യക്കടത്ത് എന്നിവയിലൂടെ വിദേശത്ത് കുടുങ്ങിപ്പോകുന്ന മലയാളികളെ ഇന്ത്യൻ എംബസി, പ്രവാസി സംഘടനകൾ എന്നിവരുടെ സഹായത്തോടെ നാട്ടിൽ തിരിച്ചെത്തിക്കുന്നതിന് നിലവിൽ നോർക്ക വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്. നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെ കേരള പോലീസും നോർക്കയും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു.

അനധികൃത ഏജന്റുമാരുടേയും സ്പോൺസർമാരുടേയും ചതിയിൽ പെടാതെ സുരക്ഷിതമായ വിദേശ റിക്രൂട്ട്മെന്റ് ഉറപ്പാക്കാനും ചില നടപടികൾ നോർക്ക സ്വീകരിച്ചുവരുന്നു. വിദേശതൊഴിൽ ദാതാക്കളുമായി ധാരണകളിലും കരാറുകളിലും ഏർപ്പെടുകവഴി നിയമാനുസൃതവും വ്യവസ്ഥാപിതവുമായ റിക്രൂട്ട്മെന്റ് സാധ്യതകളാണ് തെളിയുന്നത്.

(ഓപ്പറേഷൻ ശുഭയാത്രയുടെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ നമ്പറും ഇ- മെയിൽ ഐഡികളും നിലവിൽവന്നിട്ടുണ്ട്. വിദേശ തൊഴിൽ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് പരാതികൾ spnri.pol@kerala.gov.in, dyspnri.pol@kerala.gov.in എന്നീ ഇ മെയിലുകൾ വഴിയും, 0471-2721547 എന്ന ഹെൽപ്പ്ലൈൻ നമ്പറിലും അറിയിക്കാം.)

# നിറയെ തൊഴിലവസരങ്ങളുമായി ജർമ്മനി: പരീക്ഷകളില്ലാതെ ഓസ്ട്രേലിയ

## ജർമ്മനി



- തൊഴിൽ അവസരങ്ങൾ ഏറ്റവും കൂടുതലും, തൊഴിൽ രഹിതരുടെ എണ്ണം ഏറ്റവും കുറവുമുള്ള യൂറോപ്യൻ യൂണിയൻ രാജ്യം.
- ജർമ്മനിയിൽ വിദ്യാഭ്യാസം ഏറെക്കുറേ സൗജന്യമാണ്.
- ജർമ്മൻ ഭാഷ പഠിച്ചിട്ട് വേണം കോഴ്സുകൾക്ക് ചേരുവാൻ. നാട്ടിൽ നിന്ന് ഭാഷ പഠിച്ചിട്ട് പോകുന്നതാണ് നല്ലത്.
- ജർമ്മൻ വിസ ലഭിക്കുന്നതിന് IELTS നിർബന്ധമല്ലെങ്കിലും ഇംഗ്ലീഷ് ഭാഷയിൽ നടക്കുന്ന കോഴ്സുകൾക്ക് ചേരണമെങ്കിൽ IELTS നിർബന്ധമാണ്.
- വിദേശ വിദ്യാർത്ഥികളെ സ്വാഗതം ചെയ്യുന്ന ജർമ്മനിയിൽ ഒരു വർഷം ഏകദേശം ഇരുപതിനായിരം വിദേശ വിദ്യാർത്ഥികൾ പഠനത്തിനായി എത്തുന്നു.
- ഗവൺമെന്റ് അധീനതയിലുള്ള നൂറോളം യൂണിവേഴ്സിറ്റികൾക്ക് പുറമേ ടെക്നിക്കൽ യൂണിവേഴ്സിറ്റികളും പ്രൈവറ്റ് യൂണിവേഴ്സിറ്റികളും ഉണ്ട്. പ്രൈവറ്റ് യൂണിവേഴ്സിറ്റിയിൽ ഫീസ് ഉണ്ട്.
- പ്ലസ്ടു കഴിഞ്ഞ് നേരിട്ട് മറ്റ് കോഴ്സുകൾക്ക് ചേരുവാൻ പറ്റില്ല. പ്രിപ്പറേറ്ററി കോളജുകളിൽ ചേർന്ന് പ്രിപ്പറേറ്ററി പ്രോഗ്രാമുകൾ ആദ്യം ചെയ്യണം.
- പഠന സമയത്ത് ആഴ്ച്ചയിൽ 20 മണിക്കൂർ പാർട്ട് ടൈം ജോലി ചെയ്യാം
- ജർമ്മനിയിൽ മിനിമം അഞ്ച് വർഷം താമസിച്ചാൽ മാത്രമേ (പഠന കാലയളവ് ഉൾപ്പെടെ) പി.ആർ കിട്ടാൻ അർഹത ആവുകയുള്ളൂ.
- വിസ സ്പോൺസർ ചെയ്യുന്ന ജോലി ലഭിക്കുവാൻ വേണം ശ്രമിക്കേണ്ടത്.
- നഴ്സിംഗ് ആന്റ് ഹെൽത്ത് കെയർ ആണ് പ്രധാന തൊഴിൽ മേഖല, മൂന്ന് വർഷത്തെ നഴ്സിംഗ് കോഴ്സ് ഉണ്ട്. പഠന കാലയളവിൽ പ്രതിവർഷം 1000 യൂറോയോളം സ്റ്റൈപ്പെന്റ് ലഭിക്കും. ഐ/ടി എൻജിനീയറിംങ്, അക്കൗണ്ട് ആന്റ് ബിസിനസ് മനേജ്മെന്റ് എന്നിവയ്ക്കും ഡിമാന്റ് ഉണ്ട്.
- പഠനത്തിൽ മികവ് പുലർത്തുന്നവർക്ക് DAAD (Deutscher Akademischer Austaush dienst- German Accademic Exchange Service) സ്കോളർഷിപ്പ് ലഭ്യമാണ്. ഇതിന് IELTS Score 6 ന് മുകളിലും നല്ല total സ്ക്കോറും വേണം. പോസ്റ്റ് ഗ്രാഡ്യുവേറ്റ് പഠനത്തിന് മാസം 850 യൂറോയും മെഡിസിൻ പഠനത്തിന് പ്രതിമാസം 1200 യൂറോയും ലഭിക്കും.

## ഓസ്ട്രേലിയ



- മികച്ച അക്കാഡമിക് സൗകര്യങ്ങൾ– വിദഗ്ദരായ അധ്യാപകർ, ഉയർന്ന ജീവിത ശൈലി– ജീവിത ചിലവ് കുറവ് എന്നിവ ഓസ്ട്രേലിയയുടെ പ്രത്യേകതകളാണ്.
- ആയിരത്തിലധികം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ബാച്ചിലർ, മാസ്റ്റേഴ്സ്, ഡോക്ടറൽ കൂടാതെ ഡിപ്ലോമ/ ഓണേഴ്സ് എന്നിവയിലായി രണ്ടായിരത്തിലധികം കോഴ്സുകൾ രാജ്യത്തുണ്ട്. അവിടേക്ക് പോകുന്നതിന് മുമ്പായി ചേരാനുദേശിക്കുന്ന കോഴ്സിനെക്കുറിച്ച് ഒരു പ്ലാൻ വേണം. ഇടയ്ക്ക് വച്ച് മാറ്റം ബുദ്ധിമുട്ടാണ്.
- ബിരുദ കോഴ്സുകൾക്ക് വാർഷിക ഫീസ് ഏകദേശം 30,000 ഓസ്ട്രേലിയൻ ഡോളറും (18 ലക്ഷം രൂപ) ബിരുദാനന്തര ബിരുദത്തിന് 40,000 ഡോളറും ആകാം.
- സ്റ്റുഡന്റ് വിസ, ട്രെയ്നർ വിസ, എംപ്ലോയർ സ്പോൺസേഡ് വിസ തുടങ്ങിയവ വഴിരാജ്യത്ത് പ്രവേശനം സാധ്യമാണ്.
- വർക്ക് പെർമിറ്റ്/ സ്റ്റേബാക്ക്, പിആർ നിയമങ്ങൾ അത്ര ലളിതമല്ല. പി ആർ നിയമങ്ങൾ മാറ്റിക്കൊണ്ടിരിക്കും. ഇപ്പോൾ നാല് വർഷം അവിടെ ചിലവഴിച്ചാൽ പിആറിനുള്ള യോഗ്യതയാകും സ്റ്റേ ബാക്ക് വിസ അഞ്ചു വർഷം വരെ കിട്ടാം.
- പഠിക്കുന്ന കോഴ്സുമായി ബന്ധപ്പെട്ട തൊഴിൽ നേടണം. ഇല്ലെങ്കിൽ പിആർ ബുദ്ധിമുട്ടാകും.
- പഠിക്കുന്ന സമയത്ത് ആഴ്ച്ചയിൽ 24 മണിക്കൂർ വരെ ജോലി ചെയ്യാം. ഇതു വഴി 600 ഡോളർ വരെ സമ്പാദിക്കാം. അവധിക്കാലത്ത് മുഴുവൻ സമയവും ജോലി ചെയ്യാം.
- മറ്റ് രാജ്യങ്ങളിൽ നിന്നു വ്യത്യസ്തമായി ഓസ്ട്രേലിയയിൽ എഡ്യുക്കേഷൻ കൂടുതലും റിസേർച്ച് ആന്റ് അസൈന്റ്മെന്റ് മോഡൽ ആണ്. പല കോഴ്സുകൾക്കും പരീക്ഷ ഉണ്ടാവില്ല.
- ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം ഉണ്ടായിരിക്കണം. മിക്കവാറും കോഴ്സുകൾക്ക് ചേരുവാൻ IELTS/ TOFEL ആവശ്യമാണ്. IELTS സ്കോർ 6.5 മിനിമമാണ്. കൂടിയാൽ നല്ലത്.
- ഇന്റർനാഷണൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഗ്രാന്റും ലഭ്യമാണ്.
- യൂണിവേഴ്സിറ്റിയുടെ സൈറ്റിൽ ഒഫീഷ്യൽ ഏജൻസികളുടെ ലിസ്റ്റ് ലഭ്യമാണ്. അഡ്മിഷൻ കാര്യങ്ങൾക്ക് അവരെ ഉപയോഗപ്പെടുത്താം.

**പ്രധാന തൊഴിൽ മേഖലകൾ**

- ഐ ടി
- എൻജിനീയറിംങ്
- ഹെൽത്ത് (ഡോക്ടർ, ഫിസിയോ തെറാപ്പിസ്റ്റ്, നഴ്സ്, സ്പീച്ച് തെറാപ്പിസ്റ്റ്, ഡയറ്റീഷ്യൻ, മെന്റൽ ഹെൽത്ത് വർക്കർ, സോഷ്യൽ വർക്കർ, സൈക്കോളജിസ്റ്റ് ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, പേഴ്സണൽ കെയറർ....)
- ആർട്സ് ● കൊമേഴ്സ് ● ബിസിനസ്

മേൽപറഞ്ഞ തൊഴിൽ മേഖലകൾക്ക് അനുയോജ്യമായ കോഴ്സുകൾ അവിടെ ചെയ്യാം. ഇതിൽ ഐടി, എൻജിനീയറിങ് ഹെൽത്ത് മേഖലകളിലുള്ളവർക്കാണ് പി.ആർ കിട്ടാൻ എളുപ്പം.

- കാനഡയെപ്പോലെ ജനസംഖ്യ കുറവുള്ള വലിയ രാജ്യമായതിനാൽ തൊഴിൽ സാധ്യതകൾ വളരെ കൂടുതലാണ്.



NORKA ROOTS

## വഴികാട്ടി നോർക്കാ റൂട്സ്

വിദേശ രാജ്യങ്ങളിൽ തൊഴിലന്വേഷിക്കുന്നവർക്ക് നിയമപരവും സുരക്ഷിതവുമായ കുടിയേറ്റ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും തൊഴിൽ തട്ടിപ്പുകളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി നോർക്ക പ്രീ–ഡിപ്പാർചർ ഓറിയന്റേഷൻ പരിപാടികൾ നടത്തിവരുന്നു. പൊതുനിയമവ്യവസ്ഥകൾ, വിദേശ സംസ്കാരം, ജീവിതരീതികൾ, തൊഴിൽ നിയമങ്ങൾ, വിസ സ്റ്റാമ്പിങ്, ഇമ്മിഗ്രേഷൻ നടപടികൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയാണ് ഏകദിന പരിശീലന പരിപാടികൾ നോർക്ക സംഘടിപ്പിച്ചു വരുന്നത്. നോർക്ക റൂട്ട്സിന്റെ ക്ഷേമപദ്ധതികൾ, സേവനങ്ങൾ, എന്നിവയെക്കുറിച്ച് അവബോധം നൽകാനും ഈ പരിപാടി സഹായിക്കുന്നു.

കേരളത്തിലെ വിവിധ നഴ്സിംഗ് കോളേജുകളിലാണ് ആദ്യഘട്ടമെന്ന നിലയിൽ പ്രീ ഡിപ്പാർചർ ഓറിയന്റേഷൻ പരിപാടികൾ നിലവിൽ ആരംഭിച്ചിട്ടുള്ളത്. കേരള സ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഭാഗമായ റീച്ച് ഫിനിഷിംഗ് സ്കൂളിന്റെ പിന്തുണയോടെയാണ് പരിപാടി സംഘപ്പിച്ച് വരുന്നത്.

വിദേശ രാജ്യങ്ങളിലേക്ക് കുടിയേറാനുള്ള പ്രക്രിയയെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുന്ന രീതിയിലാണ് പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നത്. അക്കാദമിക് യോഗ്യതകൾ, സർട്ടിഫിക്കേഷനുകൾ, യോഗ്യതാ പരീക്ഷകൾ, ഭാഷാപരമായ ആവശ്യകതകൾ, ആവശ്യമായ പൊതുരേഖകൾ, തൊഴിൽ സാധ്യതകൾ, വിദേശത്തേക്ക് കുടിയേറുന്നതിന്റെ നേട്ടങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടും.

വെബ്സൈറ്റ്: www.norkaroots.org

# കാനഡയിൽ സാധ്യതകൾ ഏറെ; വേഗത്തിൽ ബിരുദമെടുക്കാൻ യുകെ

## കാനഡ



● ലോക രാജ്യങ്ങളിൽ വലിപ്പത്തിൽ രണ്ടാം സ്ഥാനത്തുള്ള കാനഡയുടെ ജനസംഖ്യ കൊച്ചു കേരളത്തിന്റെ ജനസംഖ്യയായ മൂന്നു കോടി മാത്രം. 70 ശതമാനം 60 വയസിന് മുകളിൽ ഉള്ളവരും. അതുകൊണ്ടു തന്നെ ഇപ്പോൾ പഠനം ജോലി സാധ്യത ഏറ്റവും കൂടതലുള്ള രാജ്യം കാനഡയാണെന്ന് പറയാം.

● വിദേശപഠനത്തിന് കാനഡ തെരഞ്ഞെടുക്കുന്നവർ പോകുന്ന സ്ഥലവും അവിടുത്തെ കാലാവസ്ഥയും പ്രത്യേകം ശ്രദ്ധിക്കണം.

● കോഴ്സ് പ്രോഗ്രാമുകൾ മിക്കവാറും ഇൻഡസ്ട്രി ബേസ്ഡ് ആണ്. സിലബസ് എല്ലാവർഷവും മാറാറുണ്ട്.

● ഇംഗ്ലീഷ് പരിജ്ഞാനം വേണം. IELTS/ TOFEL വേണം. സാധാരണ കോഴ്സുകൾക്ക് IELTS സ്കോർ ആറിന് മുകളിലും നഴ്സിംഗ് കോഴ്സുകൾക്ക് സ്കോർ 7.5 ന് മുകളിലും വേണം.

● ഗവർമെന്റ് / എയ്ഡഡ്/ കമ്മ്യൂണിറ്റി കോളജുകളും യൂണിവേഴ്സിറ്റികളും ഉണ്ട്. ഇതിൽ ഗവർമെന്റിൽ ഫീസ് വളരെ കുറവാണ്. മറ്റിടങ്ങളിൽ 10 ലക്ഷം മുതൽ 20 ലക്ഷം വരെ വാർഷിക ഫീസ് ആകാം. പി.ആർ, വർക്ക് പെർമിറ്റ് എന്നിവ എഴുപ്പത്തിൽ ലഭിക്കാൻ ഗവർമെന്റ് സ്ഥാപനങ്ങളിലെ പഠനം സഹായിക്കും.

● പി.ആർ ലഭിക്കുന്നതിന് പോയിന്റുകളുടെ അടിസ്ഥാനത്തിൽ ആണ്. ഡിഗ്രി/ മാസ്റ്റേഴ്സ്/ വർക്ക് എക്സ്പീരിയൻസ് ഇങ്ങനെ ഓരോന്നിനും വെവ്വേറെ പോയിന്റുകൾ ഉണ്ട്. മൊത്തം പോയിന്റ് കണക്കാക്കിയാണ് പി ആർ അനുവദിക്കുന്നത്. യൂറോപ്യൻ രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പി.ആർ കിട്ടാൻ എളുപ്പമാണ്.

● ഒരു വർഷ കോഴ്സിന് ഒരു വർഷം സ്റ്റേ ബാക്ക്/ വർക്ക് പെർമിറ്റും രണ്ട് വർഷ കോഴ്സിന് മൂന്ന് വർഷം സ്റ്റേ ബാക്ക്/ വർക്ക് പെർമിറ്റിനും ലഭ്യമാണ്.

● കാനഡയിൽ പഠനത്തിന് പോകുന്നതിന്റെ ലക്ഷ്യം സ്ഥിര താമസമാണെങ്കിൽ ഡിഗ്രി കഴിഞ്ഞ് പോകുന്നതിലും എളുപ്പം പ്ലസ് ടു കഴിഞ്ഞ് പോകുന്നതാണ്. ഡിഗ്രി അവിടെ ചെയ്താൽ പി.ആർ നേരത്തെ കിട്ടാനും തുടർന്ന് ഫീസ് ഇളവോടെ മാസ്റ്റേഴ്സ് ചെയ്യാനും സഹായിക്കും.

● പഠന സമയത്ത് ആഴ്ച്ചയിൽ 20 മണിക്കൂർ പാർട്ടൈം ജോലി ചെയ്യാം. ഇതു വഴി 10000 ഡോളർ വരെ സമ്പാദിക്കാം. ജീവിത ചിലവിന് ഇതുമതിയാകും. സെമസ്റ്റർ അവധിക്കാലങ്ങളിൽ കൂടുതൽ സമയം ജോലി ചെയ്യാൻ അനുവാദമുണ്ട്.

● സ്റ്റുഡന്റ് വിസയിൽ വരുന്ന വിവാഹിതർക്ക് അവരുടെ ഭർത്താവിന്/ ഭാര്യക്ക് വിസയും വർക്ക് പെർമിറ്റും ലഭിക്കും. അവർക്ക് എത്ര മണിക്കൂർ വേണമെങ്കിലും ജോലി ചെയ്യാം. കുട്ടികളുടെ പഠനം തീർത്തും സൗജന്യമാണ്.

● അംഗീകൃത ഏജൻസികളുടെ സഹായം ഉപയോഗപ്പെടുത്താം. പക്ഷെ കോഴ്സ് ആന്റ് കോളജ് സ്വയം സൈറ്റിൽ പരിശോധിച്ച് സെലക്ട് ചെയ്യണം. 10000 ത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന വലിയ കാമ്പസുകളാണ് അവിടുത്തെ സർക്കാർ കോളജുകൾ.

● വർഷത്തിൽ സെപ്റ്റംബർ, ജനുവരി, മെയ് മാസങ്ങളിലായി മൂന്ന് പ്രാവശ്യം അഡ്മിഷൻ ഉണ്ട്. ഒരു വർഷം മുമ്പേ അപേക്ഷ കൊടുത്തു തുടങ്ങാം.

● ഐ.ടി, ഹെൽത്ത് കെയർ, എൻജിനീയറിങ്, സോഷ്യൽ വർക്ക് എന്നിവയാണ്. പ്രധാന പഠന-തൊഴിൽ മേഖലകൾ.

## യുകെ



● വിദേശ പഠനത്തിന് യു.എസ് കഴിഞ്ഞാൽ ലോകത്തിലെ രണ്ടാം സ്ഥാനം യുകെയ്ക്കാണ്. മികച്ച അക്കാഡമിക് നിലവാരം സ്ഥാപനങ്ങൾ പുലർത്തുന്നു. ടെസ്റ്റ് ബുക്ക് പഠനത്തേക്കാൾ പ്രായോഗികതയ്ക്കും റിസേർച്ച് അധിഷ്ഠിത പഠനത്തിനുമാണ് പ്രാധാന്യം.

● ഭൂരിഭാഗവും ഗവർമെന്റ് യൂണിവേഴ്സിറ്റി/ കോളജുകൾ ആണ്.

● മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് യുകെയിലെ കേഴ്സുകൾക്ക് കാലാവധി കുറവാണ്. അതിനാൽ വേഗത്തിൽ ബിരുദം നേടാനും അതുവഴി സമയവും, ട്യൂഷൻ ഫീസിനും ജീവിത ചിലവിനുമുള്ള പണം ലാഭിക്കാനും സാധിക്കുന്നു.

● സ്റ്റുഡന്റ് വിസ കൂടാതെ India Young Professional Scheme വഴി രണ്ട് വർഷത്തെ വിസയും ഇന്ത്യക്കാർക്കായി യുകെ ഗവർമെന്റ് ഇപ്പോൾ കൊടുക്കുന്നുണ്ട്. ഈ വിസ ഉപയോഗിച്ചും യുകെയിൽ പഠനമോ തൊഴിലോ കണ്ടെത്താം.

● പഠിക്കുന്ന സമയത്ത് ആഴ്ച്ചയിൽ 20 മണിക്കൂർ വരെ പാർട്ട് ടൈം ജോലി ചെയ്യാം. സെമസ്റ്റർ ഇടവേളകളിൽ മുഴുവൻ സമയവും ജോലിചെയ്യുന്നതിൽ തടസമില്ല. ഇതുപയോഗിച്ച് ജീവിത ചിലവ് പൂർണമായും കണ്ടെത്താം.

● ഐ. ടി, പാരാമെഡിക്കൽ, സൈക്കോളജി, മെഡിക്കൽ (ഒക്യുപേഷണൽ തെറാപ്പി, നഴ്സിങ്, മിഡ് വൈഫ്, സോഷ്യൽ വർക്ക്) തുടങ്ങിയവയാണ് പ്രധാന പഠന തൊഴിൽ മേഖലകൾ. തൊഴിൽ അവസരങ്ങൾ പൊതുവേ കൂടുതലാണ്.

● സെപ്റ്റംബർ മാസത്തിലാണ് അഡ്മിഷൻ നടപടികൾ ആരംഭിക്കുന്നത്.

● വിദേശ വിദ്യാർത്ഥികൾക്ക് പഠനകാലത്ത് യുകെയിൽ നാഷണൽ ഹെൽത്ത് സർവിസ് വഴി സൗജന്യ മെഡിക്കൽ-ചികിൽസ ലഭിക്കും. ഒരു ചെറിയ തുക ഇന്റർനാഷണൽ ഹെൽത്ത് സർചാർജ് (IHS) നൽകിയാൽ മതി.

● യുകെയുടെ മറ്റൊരു ആകർഷണം വിദേശ വിദ്യാർത്ഥികൾക്കു ലഭിക്കുന്ന സ്കോളർഷിപ്പുകളാണ്.

● യുകെയിലെ മിക്ക സർവകലാശാലകൾക്കും പഠനത്തിന് IELTS/ TOFEL സ്കോർ ആവശ്യമാണ്. ചുരുക്കം ചില സ്ഥാപനങ്ങൾ ഈ സ്കോർ പരിഗണിക്കാതെയും അഡ്മിഷൻ കൊടുക്കുന്നുണ്ട്.

● പഠനത്തിന് 12 മുതൽ 15 ലക്ഷം രൂപ വരെ വാർഷിക ഫീസ് വേണ്ടിവരും. മാസ്റ്റേർഡ് കോഴ്സുകൾക്കാണ് ഫീസ് പൊതുവേ കുറവ്.

● മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് വിസാ പ്രൊസസിംഗ് കുറച്ചുകൂടി എളുപ്പമാണ്. വേഗത്തിൽ ലഭിക്കുകയും ചെയ്യും.

● പഠനത്തിന് ശേഷം രണ്ട് വർഷം സ്റ്റേ ബാക്ക് ലഭിക്കും.

> വിദേശ വിദ്യാർത്ഥികൾക്ക് പഠനകാലത്ത് യുകെയിൽ നാഷണൽ ഹെൽത്ത് സർവിസ് വഴി സൗജന്യ മെഡിക്കൽ-ചികിൽസ ലഭിക്കും. ഒരു ചെറിയ തുക ഇന്റർനാഷണൽ ഹെൽത്ത് സർചാർജ് നൽകിയാൽ മതി

## വിദേശ തൊഴിൽ തേടുന്നവരുടെ ശ്രദ്ധയ്ക്ക്

● തൊഴിൽദാതാവിനെക്കുറിച്ചുള്ള വിവരങ്ങൾ കൃത്യമായി മനസ്സിലാക്കിയിരിക്കണം.

● റിക്രൂട്ടിങ് ഏജൻസിയുടെ വിശദാംശങ്ങൾ കേന്ദ്രസർക്കാരിന്റെ www.emigrate.gov.in ൽ പരിശോധിച്ച് ഉറപ്പുവരുത്തണം.

● ഇ-മൈഗ്രേറ്റ് വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള റിക്രൂട്ടിങ് ഏജൻസികൾ മുഖേന മാത്രമേ വിദേശ കുടിയേറ്റം നടത്തുവാൻ പാടുള്ളൂ.

● അനധികൃത റിക്രൂട്ടിങ് ഏജൻസികൾ നൽകുന്ന സന്ദർശക വിസ പ്രകാരമുള്ള കുടിയേറ്റം ഒഴിവാക്കുക. ഉദ്യോഗാർത്ഥികൾ തൊഴിൽദാതാവിൽ നിന്നുള്ള ഓഫർ ലെറ്റർ കരസ്ഥമാക്കിയിരിക്കണം.

● ശമ്പളം, ജോലി വ്യവസ്ഥകൾ മുതലായ സേവന-വേതന വ്യവസ്ഥകൾ അടങ്ങുന്ന തൊഴിൽ കരാർ വായിച്ച് മനസ്സിലാക്കയിരിക്കണം.

● വാഗ്ദാനം ചെയ്ത ജോലിയാണ് വിസയിൽ കാണിച്ചിരിക്കുന്നതെന്ന് ഉറപ്പു വരുത്തണം.

● വിദേശ തൊഴിലിനായി യാത്ര തിരിക്കുന്നതിന് മുമ്പ് എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമുള്ള പാസ്പോർട്ട് ഉടമകൾ നോർക്കയുടെ പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിശീലന പരിപാടി ഉപയോഗപ്പെടുത്തേണ്ടതാണ്.



● എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമുള്ള 18 ഇ.സി.ആർ രാജ്യങ്ങളിലേക്ക് തൊഴിൽ തേടിപ്പോകുന്ന ഇ.സി.ആർ പാസ്പോർട്ട് ഉടമകൾക്ക്, കേന്ദ്ര സർക്കാരിന്റെ ഇ-മൈഗ്രേറ്റ് വെബ് പോർട്ടൽ മുഖാന്തരം എമിഗ്രേഷൻ ക്ലിയറൻസ് ഉറപ്പു വരുത്തേണ്ടതാണ്. സന്ദർശക വിസ നൽകിയാണ് അനധികൃത റിക്രൂട്ടിങ് ഏജന്റുകൾ ഇവരെ കബളിപ്പിക്കുന്നത്. വിദേശ തൊഴിലുടമ ഇവരുടെ സന്ദർശക വിസ തൊഴിൽ വിസയാക്കി നൽകുമെങ്കിലും തൊഴിൽ കരാർ ഇ-മൈഗ്രേറ്റ് സംവിധാനം വഴി തയ്യാറാക്കുന്നില്ല. ഇക്കാരണത്താൽ തൊഴിലുടമ ഇവരെ അനധികൃത കുടിയേറ്റക്കാരായി കണക്കാക്കുകയും പലർക്കും വേതനം, താമസം മറ്റ് അർഹമായ ആനുകൂല്യങ്ങൾ എന്നിവ നിഷേധിക്കുകയും തൊഴിലിടങ്ങളിൽ വ്യത്തിഹീനമായ സാഹചര്യത്തിൽ ജോലി ചെയ്യേണ്ടി വരികയും ചെയ്യുന്നു.

# പഠന ചിലവിന് വിദ്യാഭ്യാസ വായ്പ

**വായ്പ ലഭിക്കും എന്ന ഒറ്റക്കാരണത്താൽ വലിയ തുക ലോൺ എടുത്ത് ഏതെങ്കിലും കോഴ്സിന് പോയി ചേരുന്നത് ഒരിക്കലും അഭികാമ്യമല്ല. മറിച്ചു അവരവരുടെ അഭിരുചിക്കനുസരിച്ചു ഭാവിയിൽ നല്ലൊരു ജോലി ലഭിക്കാൻ സാധ്യതയുള്ള അല്ലെങ്കിൽ മികച്ചരീതിയിൽ സ്വയം തൊഴിൽ ചെയ്തു നല്ലൊരു വരുമാനം ഉറപ്പാക്കാൻ സാധ്യതയുള്ള കോഴ്സുകൾ തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കണം**



ജിം മാത്യു കട്ടക്കയം
(സീനിയർ മാനേജർ,
യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ,
കോഴിക്കോട്)

ഏതൊരു രാജ്യത്തെയും മാനവവിഭവശേഷിയുടെ വികസനത്തിനും ശാക്തീകരണത്തിനും ജനങ്ങളുടെ വിദ്യാഭ്യാസനിലവാരം സുപ്രധാന പങ്കാണ് വഹിക്കുന്നത്. പ്രാഥമിക വിദ്യാഭ്യാസം എല്ലാവർക്കും സാർവത്രികമായി നൽകാൻ സർക്കാർ ശ്രമിക്കുമ്പോൾതന്നെയും ഉന്നത വിദ്യാഭ്യാസം സ്വകാര്യമേഖലയിലേക്ക് കൂടുതലായി നീങ്ങുകയാണ് . സർക്കാർ സബ്സിഡികൾ ക്രമാനുഗതമായി കുറയ്ക്കുന്നതോടെ ഉന്നതവിദ്യാഭ്യാസം കൂടുതൽ ചെലവേറിയതായിത്തീരുന്നു, അതിനാൽ ഈ മേഖലയിൽ സ്ഥാപനപരമായ ധനസഹായം ആവശ്യമാണ്. സാമ്പത്തിക പിന്തുണയുടെ അഭാവത്തിൽ അർഹരായ ഒരു വിദ്യാർത്ഥിക്കും ഇന്ത്യയിലോ വിദേശത്തോ ഉള്ള സാങ്കേതിക പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പഠനാവസരം നഷ്ടമാകരുത് എന്ന് കരുതിയാണ് ഇന്ത്യൻ ബാങ്ക് അസോസിയേഷൻ വിദ്യാഭ്യാസ വായ്പ പദ്ധതി നടപ്പിലാക്കിയത്. അതുകൊണ്ടു തന്നെ വിദ്യാഭ്യാസ വായ്പകളുടെ ഏറ്റവും ഉചിതമായ വിനിയോഗം ബാങ്കുകളുടെയും അതോടൊപ്പം തന്നെ ഉപഭോക്താക്കളുടെയും കടമയായി മാറുന്നു.വായ്പ ലഭിക്കും എന്ന ഒറ്റക്കാരണത്താൽ വലിയ തുക ലോൺ എടുത്തു ഏതെങ്കിലും കോഴ്സിന് പോയി ചേരുന്നത് ഒരിക്കലും അഭികാമ്യം അല്ല മറിച്ചു അവരവരുടെ അഭിരുചിക്കനുസരിച്ചു ഭാവിയിൽ നല്ലൊരു ജോലി ലഭിക്കാൻ സാധ്യതയുള്ള അല്ലെങ്കിൽ മികച്ചരീതിയിൽ സ്വയം തൊഴിൽ ചെയ്തു നല്ലൊരു വരുമാനം ഉറപ്പാക്കാൻ സാധ്യതയുള്ള കോഴ്സുകൾ തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കണം.



## വിദ്യാഭ്യാസ വായ്പ ആർക്കൊക്കെ

നിലവിൽ പ്ലസ്ടു അഥവാ തത്തുല്യയോഗ്യത പൂർത്തിയാക്കിയതിനുശേഷം പ്രവേശനപരീക്ഷയോ യോഗ്യത അടിസ്ഥാനമാക്കി മറ്റേതെങ്കിലും തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കിയ ഒരു ഇന്ത്യൻ പൗരനു പ്രായപരിധി കണക്കാക്കാതെ ഇന്ത്യയിലോ വിദേശത്തോ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ചാൽ വായ്പയ്ക്കായി അപേക്ഷിക്കാം. ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുള്ള യോഗ്യതാ പരീക്ഷയിൽ കുറഞ്ഞത് 60% മാർക്ക് (എസ്സി/എസ്ടിക്ക് 50%) സ്കോർ ചെയ്തിരിക്കണം.

## ഏതൊക്കെ കോഴ്സുകൾക്ക് വിദ്യാഭ്യാസ വായ്പ ലഭിക്കാം.

ഇന്ത്യയിലോ വിദേശത്തോ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ താഴെ പറയുന്ന അംഗീകാരമുള്ള കോഴ്സുകൾക്കാവും വിദ്യാഭ്യാസ വായ്പ ലഭിക്കുക.

**ഇന്ത്യയിലെ പഠനങ്ങൾ പദ്ധതികൾ:**

- ബിരുദ കോഴ്സുകൾ: BA, B.Com., B.Sc. മുതലായവ.
- ബിരുദാനന്തര ബിരുദ കോഴ്സുകൾ: മാസ്റ്റേഴ്സ് & പിഎച്ച്ഡി.
- പ്രൊഫഷണൽ കോഴ്സുകൾ: എഞ്ചിനീയറിംഗ്, മെഡിക്കൽ, അഗ്രികൾച്ചർ, വെറ്ററിനറി, നിയമം, ഡെന്റൽ, മാനേജ്മെന്റ്, കമ്പ്യൂട്ടർ വിദ്യാഭ്യാസം തുടങ്ങിയവ.
- ഡിപ്പാർട്ട്മെന്റ് ഓഫ് ഇലക്ട്രോണിക്സ് അല്ലെങ്കിൽ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ അംഗീകൃത സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ സർട്ടിഫിക്കറ്റ് കോഴ്സുകൾ.
- ICWA, CA, CFA തുടങ്ങിയ കോഴ്സുകൾ.
- IIM, IIT, IISc, XLRI, NIFT തുടങ്ങിയ പ്രൗഢ സ്ഥാപങ്ങൾ നടത്തുന്ന കോഴ്സുകൾ. തുടങ്ങിയവ.
- പ്രശസ്ത വിദേശ സർവകലാശാലകൾ ഇന്ത്യയിൽ വാഗ്ദാനം ചെയ്യുന്ന കോഴ്സുകൾ.
- UGC/ ഗവ./ AICTE/ AIBMS/ ICMR മുതലായവ അംഗീകരിച്ച കോളേജുകൾ/ സർവ്വകലാശാലകൾ നടത്തുന്ന ഡിപ്ലോമ/ ബിരുദം മുതലായവയിലേക്ക് നയിക്കുന്ന മറ്റ് കോഴ്സുകൾ.
- നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകളും മറ്റ് പ്രശസ്തമായ സ്വകാര്യ സ്ഥാപനങ്ങളും വാഗ്ദാനം ചെയ്യുന്ന കോഴ്സുകൾ. ഭാവിയിലെ സാധ്യതകൾ/ ഉപയോക്തൃ സ്ഥാപനങ്ങളുടെ അംഗീകാരം എന്നിവയെ ആശ്രയിച്ച് മറ്റ് സ്ഥാപന കോഴ്സുകൾ വിലയിരുത്തുന്ന സംവിധാനം ബാങ്കുകൾക്ക് ഉണ്ടായിരിക്കാം.

**വിദേശ പഠനം :**

- ബിരുദം: പ്രശസ്ത സർവകലാശാലകൾ വാഗ്ദാനം ചെയ്യുന്ന തൊഴിൽ അധിഷ്ഠിത പ്രൊഫഷണൽ/ സാങ്കേതിക കോഴ്സുകൾക്ക്.
- ബിരുദാനന്തര ബിരുദം: MCA, MBA, MS മുതലായവ.
- CIMA ലണ്ടൻ, യുഎസ്എയിലെ CPA തുടങ്ങിയവ നടത്തുന്ന കോഴ്സുകൾ.

## വായ്പയ്ക്കായി പരിഗണിക്കുന്ന ചെലവുകൾ

- കോളേജ് / സ്കൂൾ / യൂണിവേഴ്സിറ്റി ട്യൂഷൻ ഫീസ്
- ഹോസ്റ്റൽ / മെസ് നിരക്കുകൾ
- പരീക്ഷ/ ലൈബ്രറി/ ലബോറട്ടറി ഫീസ്
- ലോണിന് വരുന്ന ലൈഫ് ഇൻഷുറൻസ് പ്രീമിയം തുക
- കോഷൻ ഡെപ്പോസിറ്റ്, ബിൽഡിംഗ് ഫണ്ട്/ ഇൻസ്റ്റിറ്റ്യൂഷൻ ബില്ലുകൾ/ രസീതുകൾ പിന്തുണയ്ക്കുന്ന റീഫണ്ടബിൾ ഡെപ്പോസിറ്റ്
- പുസ്തകങ്ങൾ/ഉപകരണങ്ങൾ/ഉപകരണങ്ങൾ/യൂണിഫോം എന്നിവ വാങ്ങൽ.
- കോഴ്സ് പൂർത്തിയാക്കാൻ ആവശ്യമെങ്കിൽ, മിതമായ നിരക്കിൽ കമ്പ്യൂട്ടർ/ലാപ്ടോപ്പ് വാങ്ങുൽ .
- വിദേശപഠനത്തിനുള്ള യാത്രാ/പാസേജ് ചെലവ്
- പ്രവേശന സ്വീകാര്യത ഫീസ്
- കോഴ്സ് പൂർത്തിയാക്കാൻ ആവശ്യമായ മറ്റേതെങ്കിലും ചെലവ് - പഠന ടൂറുകൾ, പ്രോജക്റ്റ് വർക്ക്, തീസിസ് മുതലായവ. വായ്പ തിരിച്ചടവ്.

ഇതല്ലാതെ മറ്റേതെങ്കിലും ചിലവുകൾ ഉണ്ടെങ്കിൽ അവ അനുവദിക്കുന്നതിനുള്ള അധികാരം അതാതു ബാങ്കിൽ നിക്ഷിപ്തം ആയിരിക്കും.

▸ പേജ് 8-ൽ തുടരും






# വിദ്യാഭ്യാസ വായ്പ: എങ്ങനെ അപേക്ഷിക്കാം?

● പേജ് 7ൽ നിന്നു തുടർച്ച

ബാങ്കുകൾ നിശ്ചയിച്ചിട്ടുള്ള നിലവിലെ വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനും, സുഗമമായി വായ്പാ അപേക്ഷകൾ ബാങ്കിൽ സമർപ്പിക്കുന്നതിനുമായി കേന്ദ്ര ധനകാര്യ മന്ത്രാലയവും, കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയവും ഇന്ത്യൻ ബാങ്ക് അസോസിയേഷനുമായി ചേർന്നു വിദ്യാലക്ഷ്മി പോർട്ടൽ (www.vidyalakshmi.co.in) സംവിധാനം ഒരുക്കിയിട്ടുണ്ട്. നിലവിൽ എല്ലാ വാണിജ്യ ബാങ്കുകളും വിദ്യാലക്ഷ്മി പോർട്ടൽ വഴിയുള്ള വായ്പ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. അതിനായ് വായ്പാ ലഭിക്കേണ്ട ആൾ പോർട്ടലിൽ ഒരു യൂസർ ഐഡിയും പാസ്സ്‌വേർഡ് ഉം ക്രീയേറ്റു ചെയ്തതിനു ശേഷം വായ്പക്കായി അപേക്ഷിക്കാവുന്നതാണ്. ഇതുവഴി വിവിധ ബാങ്കുകളുടെ വായ്പ സ്കീമുകളെ കുറിച്ച് മനസിലാക്കുന്നതിനും, ഒരേ സമയം മൂന്ന് ബാങ്കുകളിൽ വരെ അപേക്ഷകൾ സമർപ്പിക്കുന്നതിനും, അപേക്ഷിച്ച വായ്പയുടെ നിജസ്ഥിതി അറിയുന്നതിനും ഒരു ഏകജാലക സംവിധാനം പോലെ ഈ പോർട്ടൽ പ്രവർത്തിക്കുന്നു. അപേക്ഷകൾ സമർപ്പിക്കുമ്പോൾ സ്ഥിരമായ താമസസ്ഥലത്തിനോ, പഠനം നടത്തുന്ന സ്ഥാപനത്തിന്റെയോ ഏറ്റവും അടുത്ത ബാങ്ക് ശാഖയിൽ വേണം സമർപ്പിക്കാൻ.

## വായ്പ പരിധി

വിദ്യാഭ്യാസ വായ്പകൾക്കു പല ബാങ്കുകളും ഉയർന്ന പരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ കൂടിയും പഠിക്കുന്ന സ്ഥാപനങ്ങളുടെയും, കോഴ്സുകളുടെയും മൂല്യം അനുസരിച്ചു വരുന്ന ചെലവ് പരിധി കൂടാതെ തന്നെ പാസ്സാക്കാൻ അതതു ബാങ്കുകളുടെ ഉന്നത അധികാര സമിതികൾക്കു സാധിക്കും. നാലു ലക്ഷം രൂപ വരെയുള്ള വായ്പയ്ക്കു മാർജിൻ മണി ഇല്ല. കോഴ്സ് പഠിക്കാനാവശ്യമായ മുഴുവൻ തുകയും ലഭിക്കും, നാലു ലക്ഷത്തിനു മുകളിൽ വായ്പ തുകയുടെ 5 ശതമാനവും വിദേശ പഠനത്തിന് 15 ശതമാനവും മാർജിൻ തുകയായി ഉപഭോതാവ് അടയ്ക്കണം.

## വായ്പ ഈട്

നിലവിൽ വിദ്യാഭ്യാസ വായ്പകൾക്കുള്ള ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് പദ്ധതി പ്രകാരം 7.50 ലക്ഷം വരെയുള്ള വായ്പകക്കു വേറെ സെക്യൂരിറ്റി ആവശ്യമില്ല പക്ഷെ മാതാപിതാക്കളിൽ ആരെങ്കിലും സഹ അപേക്ഷകനായി നിൽക്കണം. വിവാഹിതയാണെങ്കിൽ പങ്കാളിക്കോ പങ്കാളിയുടെ മാതാപിതാക്കൾക്കോ സഹ അപേക്ഷകനാകാം. 7.50 ലക്ഷത്തിനു മുകളിലുള്ള വായ്പകൾക്ക് വായ്പതുകക്ക് തുല്യമായ വസ്തു, കെട്ടിടം, ഗവൺമെന്റ് സെക്യൂരിറ്റീസ്, പബ്ലിക് സെക്ടർ ബോണ്ട്, നാഷനൽ സേവിങ്സ് സർട്ടിഫിക്കറ്റ്, കിസാൻ വികാസ്പത്ര, എൽഐസി പോളിസി, സ്വർണം, ഓഹരികൾ, കടപ്പത്രങ്ങൾ, ബാങ്ക് സ്ഥിരനിക്ഷേപം തുടങ്ങിയവ കൊളാറ്ററൽ സെക്യൂരിറ്റി ആവശ്യമാണ്. ഇത്തരത്തിലുള്ള ഈടുകൾ സ്വീകരിക്കുന്നത് അതതു ബാങ്കുകളുടെ പോളിസി യിൽ നിന്നുകൊണ്ടാരിക്കും.

IIM, IIT തുടങ്ങിയപ്രൗഢ ഗംഭീര സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സ്കൾക്കു ഒട്ടുമിക്ക ബാങ്കുകളും യാതൊരു വിധ ഈടും കൂടാതെ തന്നെ ഉയർന്ന വായ്പകൾ നൽകാറുണ്ട്. ഇത്തരം കോഴ്സുകളുടെ പലിശ നിരക്കും താരതമ്യേന കുറവായിരിക്കും.

## വായ്പാ തിരിച്ചടവ്

പഠിക്കുന്ന കാലയളവിൽ തിരിച്ചടവിൽ ലഭിക്കുന്ന സാവകാശം ആണ് വിദ്യാഭ്യാസ വായ്പയുടെ ഏറ്റവും വലിയ ആകർഷണീയത. കോഴ്സ് പൂർത്തിയായതിനു ശേഷം ഒരു വർഷത്തിനുള്ളിലോ അല്ലെങ്കിൽ ജോലിയിൽ കയറിയതിനു ശേഷം ആറു മാസത്തിനുള്ളിലോ ഇതിൽ ഏതാണ് ആദ്യം വരുന്നത് എന്നു കണക്കാക്കിയാണ് വായ്പ തിരിച്ചടവു തുടങ്ങേണ്ടത്. അതുവരെ അനുവദിച്ച തുകക്ക് സാധാരണ പലിശ നിരക്ക് ബാങ്കുകൾ ഈടാക്കുന്നതാണ്. തിരിച്ചടവ് തുടങ്ങുമ്പോൾ ഈ പലിശ കൂടി ആകെ വായ്പാ തുകയോട് ചേർത്തായിരിക്കും തിരിച്ചടവ് തുക നിശ്ചയിക്കാറ്. നിലവിൽ 15 വർഷം വരെ ബാങ്കുകൾ തിരിച്ചടവ് കാലാവധി നൽകുന്നുണ്ട്.

4.5 ലക്ഷത്തിൽ താഴെ വാർഷിക കുടുംബ വരുമാനം ഉള്ളവർക്ക് പലിശക്ക് കേന്ദ്ര സർക്കാർ സബ്സിഡി ലഭിക്കും. ഇതിനായി വില്ലേജ് ഓഫീസർ നൽകുന്ന കുടുംബ വരുമാനസർട്ടിഫിക്കറ്റോ, ആ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്തതിന്റെ കോപ്പിയോ ബാങ്കിൽ ഹാജരാക്കിയാൽ മതി. തിരിച്ചടക്കുന്ന വായ്പാ തുകയിൽ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുമ്പോൾ സെക്ഷൻ 80C പ്രകാരം മുതലിലേക്കുള്ള തിരിച്ചടവിനും സെക്ഷൻ 80 E പ്രകാരം പലിശ തിരിച്ചടവിനും ഇളവ് ലഭിക്കുന്നതും ആണ്.

ഓർക്കുക വിദ്യാഭ്യാസ വായ്പ എന്നുള്ളത് ഓരോ പൗരന്റെയും അവകാശമാണെന്നുള്ളത് പോലെ തന്നെ അതിന്റെ മികച്ച വിനിയോഗവും ശരിയായ രീതിയിലുള്ള തിരിച്ചടവും പൗരന്റെ കടമയുമാണ്. ഇല്ലെങ്കിൽ നാം നേരിടേണ്ടിവരിക കാലാകാലത്തോളം നീണ്ടു നിൽക്കുന്ന നിയമനടപടികളാണ്. ഇത് നിങ്ങളുടെ സിബിലിൽ ചേർക്കുന്നതോടെ ബാധിക്കുന്നതു ഭാവിയിൽ നിങ്ങൾക്ക് ആവശ്യമായി വരുന്ന വായ്പകളെയും ഒരു പക്ഷെ ലഭിക്കാനിരിക്കുന്ന ജോലിയെ വരെയുമാകാം.


## 2-ാം ചരമവാർഷികം
24-06-2023



**ബേബി കെ. ജെ.**
കിഴക്കരക്കാട്ട്, ചെമ്പനോട
ജനനം: 15-03-1959 മരണം: 24-06-2021
"ഞാൻ നിങ്ങളുടെ അടുത്തേക്ക് വരികയും നിങ്ങളെ അനുഗ്രഹിക്കുകയും ചെയ്യും"(പുറപ്പാട് 20:24)
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## സ്വർഗ്ഗത്തിൽ ഒന്നാം പിറന്നാൾ
07-05-2023



**ജെസൽ ജോസ്**
നെല്ലിക്കാതെരുവിൽ, മരഞ്ചാട്ടി
ജനനം: 06-06-1999 മരണം: 07-05-2022
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ
" തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്"
(സങ്കീർത്തനം-116:15)




300 ൽ പരം ജൈവ സസ്യങ്ങളുടെ ചണ്ടിയിൽ നിന്ന് രൂപീകരിച്ച അടിസ്ഥാന വളവും പച്ചക്കക്ക, സ്യൂഡോമോണസം എന്നിവയാൽ സമ്പന്നമാക്കിയ ജൈവവളത്തിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസേർച്ച് സെന്ററിൽ നിന്ന് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. തെങ്ങ് കവുങ്ങ്, റബർ, വാഴ, പച്ചക്കറി വിളകൾ, പൂച്ചെടികൾ എന്നിവയുടെ ദ്രുതവളർച്ചയ്ക്കും കീടങ്ങളുടെ ആക്രമണങ്ങളിൽ നിന്ന് സംരക്ഷണം നേടുന്നതിനും ഈ ജൈവവളം ഉത്തമമാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. ഒരു ചാക്ക് വളത്തിന് 1200 രൂപ

**ഇൻഫാം നഴ്സറി- തെയ്യപ്പാറ**

അബ്യൂ, ജബോട്ടിക്കാ, തുടങ്ങിയ വിദേശ പഴവർഗ്ഗചെടികളും വിവിധ തരം ഗുണമേന്മയുള്ള ഹൈബ്രിഡ് പ്ലാവിൻ തൈകളായ വിയറ്റ്നാം സൂപ്പർ എർലി, ജാക്ക് 33, കമ്പോഡിയൻ ജാക്ക്, അരക്കില്ലാ വരിക്ക, സീഡ്ലെസ് ജാക്ക് എന്നിവയും അത്യാധുനിക തെങ്ങിൻ തൈകളും കവുങ്ങിൻ തൈകളും മാവ്, ജാതി, നെല്ലി, പേര, നാരകം എന്നിവയുടെ വൈവിധ്യമാർന്ന ശേഖരവും നഴ്സറിയിൽ ഉണ്ട്. കൂടാതെ പച്ചക്കറികളുടെ വൈവിധ്യമാർന്ന വിത്തുകളും നടീൽ വസ്തുക്കളും നഴ്സറിയിൽ സുലഭമാണ്.

ഓഡറുകൾക്ക് ബന്ധപ്പെടുക
9447218586, 8547183300

## 20-ാം ചരമവാർഷികം
(25-05-2023)



**ഫാ. ഫിലിപ്പ്**
മുറിഞ്ഞകല്ലേൽ
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## 32-ാം ചരമവാർഷികം
(19-05-2023)



**പീലിപ്പോസ്**
മുറിഞ്ഞകല്ലേൽ, കൂരാച്ചുണ്ട്
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ


## 10-ാം ചരമവാർഷികം



**ചാക്കോ (അപ്പച്ചൻ)**
മുക്കൊള്ളിൽ, ചക്കിട്ടപ്പാറ
ജനനം: 30-04-1936 മരണം: 25-05-2013
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# മാറാൻ മടിക്കുന്ന മലയാളിയും കുടിയേറ്റ വെല്ലുവിളികളും

**മൂന്നര കോടി വരുന്ന കേരളത്തിലെ ജനസംഖ്യയുടെ പത്തു ശതനമാനത്തോളം സംസ്ഥാനത്തിനു വെളിയിലാണ്. കേരളത്തിലെ എല്ലാ മൂന്നാമത്തെ വീട്ടിലും വിദേശത്തു ജോലി ചെയ്യുന്ന ഒരാൾ ഉണ്ട്.**



**ജോർജ് കള്ളിവയലിൽ**
(അസോസിയേറ്റ് എഡിറ്റർ & ബ്യൂറോ ചീഫ്, ദീപിക, ന്യൂഡൽഹി)

കേരളത്തിലെ യുവാക്കളുടെ വിദേശ രാജ്യങ്ങളിലേക്കുള്ള പലായനം കൂടുന്നതു വലിയൊരു പ്രതിസന്ധിയായി രൂപപ്പെടുന്നു. മെച്ചപ്പെട്ട ജോലി, വരുമാനം, ജീവിതസൗകര്യങ്ങൾ, വ്യക്തിസ്വാതന്ത്ര്യം തുടങ്ങിയവ തേടിയാണ് യുവത മറുനാടുകളിലേക്കു ജീവിതം പറിച്ചു നടുന്നത്. മസ്തിഷ്ക ചോർച്ചയോടൊപ്പം സംസ്ഥാനം സാവധാനം വൃദ്ധസദനമായി മാറുകയാണോയെന്നു ശങ്കിക്കേണ്ട സ്ഥിതിയായി. അതിലേറെ പഴയ കുടുംബ ബന്ധങ്ങളുടെ അടിത്തറ തന്നെ തകരുകയാണ്.

കിടപ്പാടം വരെ പണയപ്പെടുത്തിയും സ്വത്തുക്കൾ വിറ്റും കടം വാങ്ങിയും നമ്മുടെ യുവതലമുറ അന്യരാജ്യങ്ങളിലേക്ക് കുടിയേറുകയാണ്. നാട്ടിൽ നിന്ന് എങ്ങിനെയും രക്ഷപെടാൻ കൊതിക്കുന്ന ചെറുപ്പക്കാരുടെ എണ്ണം ദിവസേന കൂടിവരുന്നു. കുടുംബത്തിൽ ഒരാൾ വിദേശത്ത് എത്തിയാൽ ബാക്കിയുള്ളവർ കൂടി അതേ പാതയിൽ നാടുവിടുകയാണ്.

പഠനാവശ്യത്തിനായി വിദേശത്തേക്കു പോകുന്നവരിൽ ഏറിയ പങ്കും അവിടെ സ്ഥിരതാമസമാക്കുന്നതു പതിവാണ്. കാനഡ, ഓസ്ട്രേലിയ, ന്യൂസിലൻഡ് തുടങ്ങിയ പല രാജ്യങ്ങളിലേക്ക് പലരും സ്റ്റുഡന്റ് വീസയിൽ പോകുന്നതു തന്നെ എങ്ങിനെയെങ്കിലും അവിടെ സ്ഥിരതാമസം ആക്കാമെന്ന കണക്കുകൂട്ടലിലാണ്.

## നിവൃത്തികേടുകളുടെ ഒറ്റപ്പെടലുകൾ

കുടുംബങ്ങൾ അപ്പാടെ തന്നെ അമേരിക്കയിലും യൂറോപ്പിലും അവിടുത്തെ പൗരത്വമെടുത്തു സ്ഥിരതാമസമാക്കിയവർ വളരെയേറെയുണ്ട്. എന്നാൽ എല്ലാവരും അങ്ങിനെയല്ല. മാതാപിതാക്കളിൽ ഒന്നോ, രണ്ടോ സഹോദരങ്ങളോ മാത്രം നാട്ടിൽ തുടരുന്ന കുടുംബങ്ങളുമുണ്ട്. നാട്ടിൽ ഒറ്റപ്പെട്ടു പോയ വയസായ മാതാപിതാക്കളിൽ ചിലരുടെ സ്ഥിതി ദയനീയമാണ്. ജീവിത പങ്കാളിയെ കൂടി നഷ്ടമായാൽ പറയുകയും വേണ്ട.

നാട്ടിൽ ഒറ്റപ്പെട്ടും ഒറ്റയ്ക്കും കഴിയുന്ന പലരും നിരാശയിലും സങ്കടങ്ങളിലും ജീവിതം തള്ളിനീക്കുന്നു. വിദേശത്തു നിന്നുള്ള ഫോൺ, വാട്സ്ആപ്, വീഡിയോ കോളുകളുമാണ് ഇവരുടെ മക്കളും കൊച്ചുമക്കളുമായുള്ള ബന്ധത്തിലെ മുറിയാത്ത കണ്ണി. പ്രായമായ മാതാപിതാക്കളെ കഴിയുന്നത്ര നന്നായി നോക്കുന്ന മക്കളുമുണ്ട്.

വേറെ നിവൃത്തിയില്ലാതെ അന്യദേശത്ത് മക്കളോടൊപ്പം പറിച്ചുനടാൻ നിർബന്ധിതരാകുന്നവരാണു മറ്റു ചിലർ. ഇവരിൽ ചിലരെങ്കിലും കൊച്ചുമക്കളെ നോക്കാനുള്ള ജോലിക്കാരുടെ റോളിലേക്കു പോലും ഒതുങ്ങേണ്ടി വരുന്നു. പെട്രോൾ പമ്പുകളിലും ഗ്രോസറി കടകളിലും സെയിൽസ്മാൻ അടക്കമുള്ള ചെറുജോലികൾ ചെയ്തു ജീവിക്കുന്നവരുമുണ്ട്.

കുടുംബ ബന്ധങ്ങളിലെ അകൽച്ചയും തകർച്ചയുമാണ് പലരുടെയും ബാക്കിപത്രം. പിതാവ് ഒരു വഴിക്ക്, മാതാവ് മറുവഴിക്ക്, മക്കൾ വേറെ വഴികളിൽ. ഇതിനിടയിൽ എല്ലാവരും കൂടി ഒരുമിച്ച് ഭക്ഷണം കഴിക്കുന്നതും പ്രാർഥിക്കുന്നതും വിശദമായി തുറന്നു സംസാരിക്കുന്നതും പോലും അന്യമാകുന്നു. ജീവിതത്തിന്റെ നെട്ടോട്ടത്തിനിടയിൽ പലരും യാഥാർഥ്യം തിരിച്ചറിയാൻ വൈകും. ഇക്കാര്യങ്ങൾ സ്വയം ബോധ്യപ്പെടുമ്പോഴേക്കും വീണ്ടും ചേരാൻ കഴിയാത്ത വിധമുള്ള ഒരുതരം അകൽച്ച പരസ്പരം വളരും. ഭാര്യാ ഭർതൃ മക്കൾ ബന്ധത്തിലെ ഊഷ്മളത കുറയുന്നതു മാത്രം വൈകി തിരിച്ചറിയും. യാന്ത്രികമായി ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നവർ ഏറെയാണ്.

## ഒഴുകിപ്പോകുന്നതു കോടികൾ

കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിൽ നിന്നു വിദേശരാജ്യങ്ങളിലേക്കു കുടിയേറിയ വിദ്യാർഥികളുടെ എണ്ണം അത്ഭുതപ്പെടുത്തിയേക്കാം. 2012ൽ വിദേശത്തുള്ള ഇന്ത്യൻ വിദ്യാർഥികളുടെ എണ്ണം 40 ലക്ഷമായിരുന്നു. 2025-ൽ ഇത് 75 ലക്ഷം കവിയുമെന്നാണു പ്രതീക്ഷ. ഇവരിൽ ഭൂരിഭാഗവും കേരളീയരാണ്. വികസിത രാജ്യങ്ങളിൽ പിആർ അല്ലെങ്കിൽ പൗരത്വം നേടുന്നതിനുള്ള എളുപ്പ മാർഗമാണു വിദ്യാഭ്യാസത്തിനായുള്ള കുടിയേറ്റം.

കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് 2019ൽ വിദേശത്തേക്കു പോയ മലയാളി വിദ്യാർഥികളുടെ എണ്ണം 30,948 ആണ്. കോഴ്സുകളുടെ നിലവാരം പോലും നോക്കാതെയാണു പലരും വിദേശ പഠനത്തിനായി വൻതുക ചെലവഴിക്കുന്നത്. വിദേശ സർവകലാശാലകളിൽ പഠിക്കാൻ ഒരു വിദ്യാർഥിക്ക് പ്രതിവർഷം 20 ലക്ഷം രൂപയെങ്കിലും വേണം. കോടിക്കണക്കിന് രൂപയാണ് കേരളത്തിന്റെ സമ്പദ്ഘടനയിൽ നിന്നു ഇതുവഴി കൈമാറ്റം ചെയ്യപ്പെടുന്നത്.

ഇന്ത്യൻ സർവകലാശാലകളിലും കോളേജുകളിലും പരമ്പരാഗത കോഴ്സുകൾ മാറ്റി പുതുതലമുറ കോഴ്സുകൾ കൊണ്ടുവരുന്നത് ഈ പ്രശ്നത്തിന് ഒരു പരിധിവരെ തടയിടാൻ സഹായിക്കും. പല കോളേജുകളിലും ആവശ്യത്തിന് വിദ്യാർഥികളില്ലാത്ത സ്ഥിതി ഇപ്പോൾ കേരളത്തിലുണ്ട്.

## തകരുന്ന ഗൾഫ് സ്വപ്നങ്ങൾ

ഗൾഫിലെ സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് ആയിരങ്ങൾ തൊഴിൽ നഷ്ടപ്പെട്ട് കേരളത്തിലേക്കു മടങ്ങി. ഇപ്പോഴും മടക്കയാത്രകൾ തുടരുന്നു. മുസ്‌ലിം രാജ്യങ്ങളിൽ ഇന്ത്യക്കാർ അടക്കമുള്ള വിദേശികൾക്കു പൗരത്വം നിഷേധിക്കുന്നതിനാൽ ഏതാണ്ടെല്ലാവരും നാട്ടിലേക്കു മടങ്ങാതെ തരവുമില്ല. വർഷങ്ങൾക്കു ശേഷം നാട്ടിലേക്കുള്ള തിരിച്ചുവരവിലും പ്രശ്നങ്ങളാണ് കൂടുതൽ.

മൂന്നര കോടി വരുന്ന കേരളത്തിലെ ജനസംഖ്യയുടെ പത്തു ശതനമാനത്തോളം സംസ്ഥാനത്തിനു വെളിയിലാണ്. കേരളത്തിലെ എല്ലാ മൂന്നാമത്തെ വീട്ടിലും വിദേശത്തു ജോലി ചെയ്യുന്ന ഒരാൾ ഉണ്ട്. ഇവരിലേറെയും ഗൾഫ് പ്രവാസികളാണ്.

ഓരോ വർഷവും ഗൾഫ് കുടിയേറ്റക്കാർ ഒരു ലക്ഷം കോടി രൂപയാണു നാട്ടിലേക്ക് അയയ്ക്കുന്നത്. കേരളത്തിന്റെ ആഭ്യന്തര ഉൽപാദനത്തിന്റെ മൂന്നിലൊന്നു വിദേശമലയാളികളുടെ പണമാണ്. ഗൾഫ് കുടിയേറ്റക്കാരിൽ ഭൂരിഭാഗവും താഴ്ന്ന ഇടത്തരക്കാരിൽ നിന്നുള്ളവരാണ്. പ്രാദേശികവൽക്കരണവും സാമ്പത്തിക പ്രതിസന്ധിയും പിടിമുറുക്കുമ്പോൾ ഈ വിഭാഗം കുടിയേറ്റക്കാരായിരിക്കും ആദ്യം കടലിലേക്കു വലിച്ചെറിയപ്പെടുന്നത്. സാമ്പത്തികവും സാമൂഹികവുമായ പല പ്രത്യാഘാതങ്ങളും ഇതു സൃഷ്ടിക്കും.



## മലയാളിത്തം നഷ്ടമാകുന്ന മലയാളി

വർഷങ്ങൾക്കു മുമ്പേ പാശ്ചാത്യ രാജ്യങ്ങളിൽ എത്തപ്പെട്ടവർ അവിടെ സ്ഥിരതാമസവും പൗരത്വവും നേടിയെങ്കിലും സാംസ്കാരികമായ ശൂന്യത അടക്കം പലതും മിക്കവരെയും അലട്ടുന്നു. നാടിനെയും മലയാളത്തെയും സ്നേഹിക്കുമ്പോഴും വിദേശത്തെ ജീവിതം ഉപേക്ഷിക്കാൻ കഴിയാത്തവരാണു കൂടുതൽ. ആഫ്രിക്കൻ ഏഷ്യൻ രാജ്യങ്ങളിലേക്കു കുടിയേറിയവരും തീരെ കുറവല്ല.

പ്രവാസ ജീവിതം തുടർന്നാലും അവസാനിപ്പിച്ചു തിരിച്ചെത്തിയാലും ജീവിതം കൂടുതൽ സങ്കീർണമാകുന്നു. പ്രവാസ ജീവിതം നയിച്ചവർക്കും അവരുടെ മക്കൾ, കൊച്ചുമക്കൾ തുടങ്ങിയവർക്കും വൈകാരികവും മാനസികവുമായ പ്രശ്നങ്ങളും പലതാണ്. അസ്വസ്ഥമാക്കുന്ന നാട്ടുകാരുടെ കമന്റുകൾ പോലെ പലരെയും അലോസരപ്പെടുത്തും.

മലയാളികളുടെ ജീവിതം തന്നെ പലതരത്തിലുള്ള പ്രവാസവുമായി ചേർന്നാണു പോകുന്നത്. അപ്പോഴും പ്രവാസത്തിനും നാട്ടിലെ ജീവിതത്തിനുമിടയിലെ ഒരു നൂൽപാലത്തിലൂടെയാണ് ഒരു തലമുറയുടെ യാത്ര. മലയാളി ആയിരിക്കുമ്പോൾ മലയാളി അല്ലാതായ അവസ്ഥയാണു പലർക്കും. എന്നാൽ മലയാളവും കേരളത്തനിമയും പാടെ ഉപേക്ഷിക്കാൻ നിലവിലെ തലമുറ തയാറുമല്ല.

മലയാളിത്തം വിടാതെയും കുടുംബമൂല്യങ്ങളും വിശ്വാസജീവിതവും ഭംഗിയായി മുന്നോട്ടു കൊണ്ടുപോകുന്നവരും വളരെയേറെയാണ്. എന്നാൽ ഇതേ സംസ്കാരവും മൂല്യങ്ങളും വിശ്വാസവും അടുത്ത തലമുറയിലേക്കു കൈമാറാൻ മിക്കവർക്കും കഴിയുന്നില്ലെന്നതു ഗൗരവമുള്ളതാണ്.

## വ്യവസ്ഥിതിയിലെ നിരാശ, രോഷം

രാജ്യത്തും കേരളത്തിലും നിലവിലുള്ള വ്യവസ്ഥിതിയോടുള്ള നിരാശയും രോഷവും ഇന്ത്യ വിടാൻ യുവാക്കളെ പ്രേരിപ്പിക്കുന്നുണ്ട്. രാഷ്ട്രീയാതിപ്രസരവും വിവേചനങ്ങളും വർഗീയ ചേരിതിരിവുകളും അടക്കം യുവതലമുറയെ അസ്വസ്ഥമാക്കുന്ന ഘടകങ്ങൾ പലതാണ്. രാഷ്ട്രീയ, മത, സാമുദായിക മേലാളന്മാരുടെ അഴിമതി, സ്വജനപക്ഷപാതം, ചൂഷണങ്ങൾ തുടങ്ങിയവ പലരെയും അലോസരപ്പെടുത്തുന്നു. അധികാരവും പണവും ഉള്ളവർക്ക് കിട്ടുന്ന നീതിയല്ല സാധാരണക്കാരനെന്ന പരാതിയുമുണ്ട്.

മെറിറ്റിനു മുകളിൽ പണവും സ്വാധീനവും ജാതി സംവരണങ്ങളും വരുമ്പോൾ അർഹതപ്പെട്ട അവസരങ്ങൾ മിടുക്കരായവർക്കു പോലും നഷ്ടമാകുന്നു. നാട്ടിലെ വരുമാനക്കുറവും നല്ല തൊഴിലവസരങ്ങളുടെ ലഭ്യതയില്ലായ്മയും വലിയ പ്രശ്നമാണ്. ഒപ്പം സംഘടിത ശക്തികളുടെ തോന്ന്യാസങ്ങൾ, കൂടിവരുന്ന കുറ്റകൃത്യങ്ങൾ, അക്രമങ്ങൾ, സംഘർഷങ്ങൾ എന്നിവ മുതൽ പലതരത്തിലുള്ള സ്വാതന്ത്ര്യമില്ലായ്മ വരെയുള്ളവ പുതുതലമുറയെ നാടുവിടാൻ പ്രേരിപ്പിക്കുന്നു.

## പൊളിച്ചെഴുത്തിനു കാലമായി

കേരളത്തിലെ രാഷ്ട്രീയ, മത, സാമുദായിക, വിദ്യാഭ്യാസ രീതികളിൽ കാതലായ പരിഷ്കാരം വരുത്തുകയാണ് പ്രശ്നം ഒരു പരിധി വരെയെങ്കിലും പരിഹരിക്കാനുള്ള പോംവഴി. രാഷ്ട്രീയാതിപ്രസരവും ഭരണം കിട്ടിയാൽ എന്തുമാകാമെന്ന നിലയും കേരളത്തെ നശിപ്പിക്കുകയാണ്.

പഴയ കോഴ്സുകളും പഠനരീതിയും മാറ്റി അന്താരാഷ്ട്ര നിലവാരത്തിലുള്ള അധ്യാപന, പഠന രീതികളിലേക്കും തൊഴിൽ സാധ്യതകളുമുള്ള കോഴ്സുകളിലേക്കും പൂർണമായി മാറേണ്ടിയിരിക്കുന്നു. ലോകം ചെറുതാകുമ്പോൾ ലോകത്തോളം വളരാനും മാറാനും കേരളത്തിനു കഴിഞ്ഞില്ലെങ്കിൽ ക്രൈസ്തവ മിഷണറിമാരും സാമുദായിക പരിഷ്കർത്താക്കളും നൂറ്റാണ്ടുകൾക്കു മുമ്പേ തുടക്കമിട്ട നല്ല നേട്ടങ്ങൾ പഴങ്കഥയാകും.

ആധുനിക സാങ്കേതിക വിദ്യകൾ ഉയർത്തുന്ന സാധ്യതകളും മനസിലാക്കി അതിനനുസരിച്ചുള്ള പരിഷ്കാരങ്ങളും മാറ്റങ്ങളും എല്ലാ മേഖലകളിലും വരുത്തണം. മൊബൈൽ ഫോണുകളും ഇന്റർനെറ്റും വരുത്തിയ അറിവിന്റെ വിസ്ഫോടനങ്ങളുടെ കാലത്ത് പുതുതലമുറയോടുള്ള സമീപനത്തിൽ പോലും മാറ്റത്തിനു തയാറാകണം. പഴയകാലത്തെ കുട്ടികളല്ല ഇന്നത്തേത്. വിദ്യാഭ്യാസ മേഖലയിലും രാഷ്ട്രീയ, ഭരണ, മത, സാമുദായിക മേഖലകളിലും പൊളിച്ചെഴുത്തിനു കാലമായി.

# സുവിശേഷ സാക്ഷ്യവുമായി മലയാളികൾ കുടിയേറുമ്പോൾ

മൂല്യങ്ങൾ ആകെ തകിടം മറിഞ്ഞ പാശ്ചാത്യ രാജ്യങ്ങളിൽ പലതുമിപ്പോൾ ഗർഭച്ഛിദ്രത്തിനും സ്വവർഗവിവാഹത്തിനും ഭരണഘടനാനുമതി നൽകിക്കഴിഞ്ഞു. ഈ തിന്മയുടെ കനലുകൾ ചിതറിവീഴുന്ന രാജ്യങ്ങളിലേക്ക് ഓരോ കുഞ്ഞുമലയാളി കുടുംബവും ചെന്നെത്തുമ്പോൾ അവിടെയെല്ലാം 'നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ' എന്ന യേശുവിന്റെ കൽപ്പനയുടെ സാക്ഷ്യജീവിതമല്ലേ അനാവരണം ചെയ്യപ്പെടുന്നത്?



ആന്റണി ചടയംമുറി

കേരളത്തിൽ നിന്ന് പടിഞ്ഞാറൻ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം വർദ്ധിക്കുന്നു. 2030 ൽ കേരളത്തിൽ ക്രൈസ്തവരുടെ ജനസംഖ്യ ഇതിലും കുറവാകും. അങ്ങനെ കേരള ക്രൈസ്തവരുടെ അതിജീവനത്തെ സംബന്ധിക്കുന്ന നിരവധി ചർച്ചകൾ നവമാധ്യമങ്ങളിൽ നിറയുന്നു. പക്ഷെ ഒരു യഥാർത്ഥ ക്രൈസ്തവ വിശ്വാസിയെന്ന നിലയിൽ ഈ സാമൂഹികവസ്ഥയെ നാം എങ്ങനെ നോക്കിക്കാണണം?

ഈ പ്രശ്നങ്ങൾക്കുള്ള മറുപടി അതാതു രാജ്യങ്ങളിൽ നിന്നുതന്നെയുള്ള സാക്ഷ്യങ്ങൾ സഹിതം അവതരിപ്പിക്കുകയാണിവിടെ. സഭയെയും ദൈവജനത്തേയും ബാധിക്കുന്ന ഒരു പ്രശ്നം നോക്കിക്കാണേണ്ടത് മാനുഷികമായ കണ്ണുകൾകൊണ്ടാകരുത്. പകരം കേരളത്തിൽ നിന്നുള്ള ക്രിസ്തീയ കുടുംബങ്ങളെ എന്തിന് പടിഞ്ഞാറൻ രാജ്യങ്ങളിലേക്ക് ദൈവം കൊണ്ടുപോകുന്നു? മൂല്യങ്ങൾ ആകെ തകിടം മറിഞ്ഞ പാശ്ചാത്യ രാജ്യങ്ങളിൽ പലതുമിപ്പോൾ ഗർഭച്ഛിദ്രത്തിനും സ്വവർഗവിവാഹത്തിനും ഭരണഘടനാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഈ തിന്മയുടെ കനലുകൾ ചിതറിവീഴുന്ന ഈ ഭൂമിയിലേക്ക് ഓരോ കുഞ്ഞുമലയാളി കുടുംബവും ചെന്നെത്തുമ്പോൾ അവിടെയെല്ലാം 'നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ' എന്ന യേശുവിന്റെ കൽപ്പനയുടെ സാക്ഷ്യജീവിതമല്ലേ അനാവരണം ചെയ്യപ്പെടുന്നത്? എങ്കിലും ഇത്തരമൊരുവിശകലനത്തിന് വെറും വാക്കുകൾ കൊണ്ടുള്ള അഭ്യാസങ്ങൾ പോരാ. പകരം ആ നാടുകളിലെ അജപാലകരും കുടുംബങ്ങളും നമുക്കായി വരച്ചിട്ട ജീവിത സാക്ഷ്യങ്ങൾ വേണം. ഇനി ആ സാക്ഷ്യങ്ങളിലേക്ക്:

## കാനഡ

കാനഡയിലെ വാൻക്കൂവറിൽ തിരുവനന്തപുരം മലങ്കര രൂപതയിലെ ഇടവകകളിൽ കുട്ടികളുടെ വിശ്വാസ പരിശീലനം ഇപ്പോഴും തുടരുന്നുണ്ടെന്ന് സുനീത് സാം പറയുന്നു.

ഭാര്യയും ഭർത്താവും ജോലിക്കുപോകുന്നതിനാൽ പെൺകുട്ടികൾക്കായി മുതിർന്ന സ്ത്രീകളുടെ ഒരു ഗണം തന്നെ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ദിവസവും വൈകുന്നേരം ഏഴുമണിക്ക് ഓൺലൈനിൽ കുഞ്ഞുങ്ങൾ ജപമാല ചൊല്ലും. മൊബൈലുകൾക്ക് വിശ്രമം കൊടുക്കാനും, പ്രതിമാസം ചിട്ടയായ ഗൃഹസന്ദർശനവും വാൻകൂവറിലെ ഇടവകയിൽ നടപ്പാക്കിയിട്ടുണ്ട്.



സുനീത് സാം

നാട്ടിലുള്ള സൺഡേ സ്കൂളുകളിൽ നിന്ന് വ്യത്യസ്തമായി ഡിജിറ്റൽ സാങ്കേതിക വിദ്യയെ വിശ്വാസ പരിശീലനത്തിന് ഇവിടെ ഉപയോഗിക്കുന്നു. സുനീതിന് രണ്ട് പെൺമക്കളാണ് രണ്ടുപേരും സ്കൂൾ വിദ്യാർത്ഥിനികൾ. നല്ലൊരു ക്രിസ്തീയ സാക്ഷ്യത്തിന്റെ പ്രതിരൂപങ്ങളായി സുനീത് – ടോണിയ ദമ്പതികൾ സമാധാനത്തോടെ ജീവിക്കുന്നു.

## ഓസ്ട്രേലിയ

ഒരു പ്രമുഖയുവനടന്റെ മുൻ ഭാര്യ മകളോടൊപ്പം ഓസ്ട്രേലിയയിൽ ജീവിക്കുന്നതിന്റെ നേർസാക്ഷ്യം കൂടി. ഇപ്പോഴും നടൻ സിനിമയിൽ സജീവമാണ്. വിവാഹമോചനം നേടിയ താരപത്നി കേരളത്തിലെ പല ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും അകമഴിഞ്ഞ സംഭാവനകൾ നൽകി വരുന്നുണ്ട്.

എന്റെ ജീവിതത്തിൽ ദൈവത്തിന് പ്രഥമസ്ഥാനം കൊടുത്തതിന്റെ സൗഭാഗ്യത്തിൽ ഇന്ന് ഞാൻ ആഹ്ലാദവതിയാണ്. ഇവിടെയുള്ള ഇടവകാജനങ്ങൾ എനിക്ക് നൽകി വരുന്ന ആത്മീയമായ പിന്തുണ വളരെ വലുതാണ്. പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ആ വീട്ടമ്മ പറയുന്നു.

## ജർമ്മനി

ജർമ്മനിയിൽ സേവനം ചെയ്യുന്ന ഫാ. തോംസൺ പഴയചിറപീടികയിൽ അവിടുത്തെ അനുഭവം പങ്കുവയ്ക്കുന്നു:

'എന്നെ ഏറ്റവും സന്തോഷിപ്പിക്കുന്ന കാര്യം ദിവ്യബലിയിൽ നമ്മുടെ യുവതീ യുവാക്കളുടെ സാന്നിധ്യമാണ്. ജർമ്മൻകാർ പോലും അതിശയത്തോടെയാണ് അത് നോക്കിക്കാണുന്നത്. ഇവിടെ ഓരോ പ്രദേശത്തും പഠനത്തിനും ജോലിക്കുമൊക്കെയായി മലയാളികളെത്തുമ്പോൾ അവർ ഒരു കമ്മ്യൂണിറ്റി രൂപീകരിക്കും.



ഫാ. തോംസൺ പഴയചിറ പീടികയിൽ

അടുത്തുള്ള മലായാളി വൈദികനെ വിളിച്ച് വിശുദ്ധ കുർബാന അർപ്പിക്കുവാൻ അവർ പരിശ്രമിക്കാറുണ്ട്. ഒരുപാട് കൊച്ചുകൊച്ചു കമ്മ്യൂണിറ്റികൾ ഇവിടെയുണ്ട്. മാസത്തിലൊരുദിവസം എങ്കിലും ഇവർ ഒരുമിച്ച് കൂടും. ഇവിടുത്തെ ജീവിത രീതികൾ ഷെഡ്യൂൾ അനുസരിച്ച് പോകുന്നതാണ്. തോന്നുന്ന പോലെ അവധികൾ എടുകാൻ സാധിക്കുകയില്ല. എങ്കിലും മലയാളത്തിൽ ഒരു വിശുദ്ധ കുർബാന അർപ്പിക്കുന്നുണ്ടെങ്കിൽ അതിൽ പങ്കെടുക്കാൻ എങ്ങനെയെങ്കിലും ഇവിടുത്തെ മലയാളികൾ എത്താറുണ്ട്.

മതപഠനം നൽകണമെന്ന് ആഗ്രഹമുണ്ടെങ്കിലും ഇവിടുത്തെ സ്കൂളുകളിലാണ് മതപഠനമുള്ളത്, പള്ളികളിലല്ല. ഇഷ്ടമുള്ള മതം പഠിക്കാനായി തെരഞ്ഞെടുക്കാം. ജർമ്മനി ഒരു കത്തോലിക്കാ രാജ്യമാണ്. നമ്മുടെ നാട്ടിൽ നിന്നും നമ്മുടെ മക്കൾക്ക്, കുടുംബങ്ങൾക്ക് ലഭിക്കുന്നതായ വിശ്വാസത്തിന്റെ പൈതൃകം ആ വിശ്വാസത്തിന്റെ വെളിച്ചം അവരുടെ അല്ലെങ്കിൽ നമ്മുടെ കുട്ടികളിൽ/ യുവജനങ്ങളിൽ ഉണ്ട്. അത് ക്രിസ്തുമസ് ആണെങ്കിലും ഈസ്റ്ററാണെങ്കിലും എല്ലാവരും ഒരുമിച്ചുകൂടുകയും നമ്മുടെ ദേശത്തിന്റെ ആ സ്നേഹവും സാഹോദര്യവും പങ്കുവയ്ക്കുകയും ചെയ്യുന്നത് കാണുന്നുണ്ട്. അതിശയകരമായി തോന്നിയത് ഇത്തരം കൂട്ടായ്മകളിൽ ക്രിസ്ത്യൻ കുട്ടികൾ മാത്രമല്ല വരുന്നത്. അന്യ മതത്തിലുള്ള കുട്ടികളും ഇവിടെ വരാറുണ്ട്. കുർബാനയിൽ കൂടുകയും പ്രാർത്ഥനാപൂർവ്വം സഹകരിക്കുകയും ചെയ്യുന്നത് കണ്ടിട്ടുണ്ട്. നമ്മുടെ കുഞ്ഞുങ്ങൾ നാട്ടിൽ നിന്നും ഇവിടെ വന്നാലും അവരുടെ വിശ്വാസത്തെ അവർ മുറുകെപിടിക്കുവാനായിട്ട് ശ്രമിക്കാറുണ്ട്. അതിനുവേണ്ടി പരിശ്രമിക്കുന്നുണ്ട് എന്നുള്ളത് വളരെ പ്രധാനപ്പെട്ട വസ്തുതയാണ്.'



## യുകെ

യുകെയിൽ പഠനം നടത്തുന്ന കുണ്ടായിത്തോട് ഇടവാകാംഗം അൽബിൻ സജിയുടെ വാക്കുകൾ കേൾക്കാം:

'പ്ലസ്ടു പഠനശേഷം മാസ്റ്റേഴ്സ് പഠിക്കാനായാണ് യുകെയിലേക്ക് വിമാനം കയറിയത്. കേംബ്രിഡ്ജിലെ Anglia Ruskin Universtiy ൽ നാലു വർഷ കംമ്പൂട്ടർ സയൻസ് എഞ്ചിനീയറിങ്ങ് കോഴ്സിന് ചേർന്നു. സത്യത്തിൽ നാട്ടിലേതിനെക്കാളും തീക്ഷ്ണമായ വിശ്വാസമാണ് യുകെയിൽ എനിക്ക് കാണാൻ സാധിച്ചത്. പഠനവും ജോലിയുമൊക്കെ കഴിഞ്ഞ് കിട്ടുന്ന സമയം ദേവാലയത്തിലേക്ക് ഓടുന്ന നിരവധി മലയാളികളെ ഇവിടെ കണ്ടിട്ടുണ്ട്. ആഴ്ചയിൽ ഒരു ദിവസമെങ്കിലും വിശുദ്ധ കുർബാനയിൽ പങ്കുചേരാൻ പരിശ്രമിക്കുന്നവരാണ് ഇവിടെയുള്ളത്. എന്റെ താമസ സ്ഥലത്ത് ഇംഗ്ലീഷ് കുർബാനയാണ്. ഇടയ്ക്കൊക്കെ സീറോ മലബാർ കുർബാനയിൽ പങ്കുകൊള്ളുവാനും അവസരം ലഭിക്കാറുണ്ട്.



ആൽബിൻ സജി

എന്റെ അപ്പന്റെ രണ്ട് സഹോദരന്മാർ കുടുംബസമേതം യുകെയിലാണ്. ഒരു കുടുംബം അവിടുത്തെ പൗരത്യമുള്ളവരാണ്. രണ്ട് മക്കളും അവിടെ ജനിച്ചവരാണ്. ഒരു മണിക്കൂർ മുട്ടുകുത്തിയാണ് അവർ സന്ധ്യാപ്രാർത്ഥന ചൊല്ലുന്നത്. യുകെയിൽ എത്തിയ ആദ്യ എട്ടു മാസം ഞാൻ അവരോടൊപ്പമായിരുന്നു.'

മൂല്യങ്ങൾക്ക് വിലയിടിഞ്ഞ പാശ്ചാത്യ രാജ്യങ്ങളിലേക്കുള്ള മലയാളികളുടെ കുടിയേറ്റം അവിടെയൊരു ആത്മീയ മുന്നേറ്റത്തിന് കാരണമായേക്കാം. കാരണം നാട്ടിൽ നിന്നു പകർന്നു കിട്ടിയ വിശ്വാസ ദീപ്തി വിദേശത്തേക്ക് കുടിയേറിയവർ നിരന്തരം ജ്വലിപ്പിച്ചു കൊണ്ടിരിക്കുകയാണ്.

ആദരാഞ്ജലികൾ



ആന്റണി. ജെ (76)
കളത്തിൽ, മാവൂർ
മരണം: 19-05-2023
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി
## താമരശ്ശേരി രൂപത

# അറിവിന്റെ വാതിൽ തുറന്നവർക്ക് ആദരവോടെ...


ഫാ. ജോസഫ് വർഗീസ്
കോർപ്പറേറ്റ് മാനേജർ

മലബാറിൽ കുടിയേറിപ്പാർത്തിട്ടുള്ള സുറിയാനി കത്തോലിക്കരുടെ ആത്മീയ പരിപാലനത്തിനുവേണ്ടി 1953 ൽ തലശ്ശേരി രൂപത സ്ഥാപിതമാവുകയും പ്രഥമ രൂപതാദ്ധ്യക്ഷനായി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് നിയമിക്കപ്പെടുകയും ചെയ്തു. തുടർന്നുള്ള വർഷങ്ങളിൽ രൂപതയ്ക്കുണ്ടായ അഭൂതപൂർവ്വമായ വളർച്ച കണക്കിലെടുത്ത് രൂപത വിഭജിച്ച് മാനന്തവാടി, താമരശ്ശേരി രൂപതകൾ രൂപംകൊണ്ടു. രൂപതയിലെ വിവിധ ഇടവകകളുടെ കീഴിലായിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യക്ഷമവും ഏകീകൃതവുമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി 1967 ൽ തലശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി രൂപീകരിക്കപ്പെട്ടു. പ്രഥമ കോർപ്പറേറ്റ് മാനേജരായി (By power of Attorney) ബഹു. ഫാ. സി. ജെ. വർക്കി നിയമിതനായി. 1972 ൽ അദ്ദേഹത്തിന്റെ പിൻഗാമിയായി ഫാ. മാത്യു എം. ചാലിൽ ചുമതലയേറ്റു. തലശ്ശേരി കോർപ്പറേറ്റ് വിഭജിച്ച് 1980 ൽ മാനന്തവാടി കോർപ്പറേറ്റും 1987 ൽ താമരശ്ശേരി കോർപ്പറേറ്റും പ്രവർത്തനം ആരംഭിച്ചു.

താമരശ്ശേരി രൂപതയുടെ ആദ്യത്തെ കോർപ്പറേറ്റ് മാനേജർ ബഹു. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം ആയിരുന്നു. തുടർന്ന് ഫാ. മാത്യു മറ്റക്കോട്ടിൽ, ഫാ. മാത്യു മാവേലി, ഫാ. ജോസഫ് കളരിക്കൽ, ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ എന്നിവർ രൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ സാരഥികളായി സ്തുത്യർഹ സേവനം കാഴ്ചവെച്ചു. 1987 ൽ 41 സ്കൂളുകളുമായി പ്രവർത്തനം ആരംഭിച്ച ഈ കോർപ്പറേറ്റിനുകീഴിൽ നിലവിൽ 12 ഹയർ സെക്കണ്ടറി സ്കൂളുകളും 20 ഹൈസ്കൂളുകളും 22 യു.പി. സ്കൂളുകളും 20 എൽ.പി. സ്കൂളുകളും അടക്കം 74 സ്കൂളുകൾ വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. മൂല്യാധിഷ്ഠിതവും മാതൃകാപരവുമായ പ്രവർത്തനങ്ങളിലൂടെ അധ്യാപക-അനധ്യാപക സമൂഹത്തിന്റെയും രക്ഷിതാക്കൾ, വിദ്യാഭ്യാസ വകുപ്പധികാരികൾ എന്നിവരുടെയും സഹകരണത്തോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഭാവി തലമുറയ്ക്ക് പ്രദാനം ചെയ്യുന്നതിന് കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി പ്രതിജ്ഞാബദ്ധമാണ്.

▸ *പേജ് 12-ൽ തുടരും*

### മുൻ കോർപ്പറേറ്റ് മാനേജർമാർ


ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം


ഫാ. മാത്യു മറ്റക്കോട്ടിൽ


ഫാ. മാത്യു മാവേലി


ഫാ. ജോസഫ് കളരിക്കൽ


ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ

## ആശംസ


**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
**(താമരശ്ശേരി രൂപതയുടെ മെത്രാൻ)**

പരസ്പര ബഹുമാനത്തിൽ നിന്നും സ്നേഹത്തിൽ നിന്നുമാണ് മറ്റുള്ളവരോട് ആദരവുണ്ടാകുന്നത്. അത് സ്നേഹ ബഹുമാനങ്ങളുടെയും ഉൾക്കൊള്ളലിന്റെയും ഉൾചേർക്കലിന്റെയും ഒരുമയുടെയും പൂർണ്ണതയാണ്. അങ്ങനെ നിങ്ങളേവരെയും ഒപ്പം നിങ്ങളും ഹൃദയത്തോടു ചേർത്ത് വച്ച താമരശേരി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിക്കുകീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ നിന്ന് വിരമിക്കുന്ന അധ്യാപകരെയും അനധ്യാപകരെയും ആദരിക്കുന്നതിന് വിദ്യാഭ്യാസ സംഗമവും യാത്രയയപ്പും സംഘടിപ്പിച്ചതിൽ അതിയായ സന്തോഷമുണ്ട്.

കുരുവിയെ കൂടു കൂട്ടാൻ ആരും പഠിപ്പിച്ചില്ല. അണ്ണാൻകുഞ്ഞിനെ നീന്തൽ പഠിപ്പിച്ചില്ല. കുയിലിനെ പാട്ടുപഠിപ്പിച്ചില്ല. മനുഷ്യനൊഴികെ മറ്റെല്ലാ ജീവ ജാലങ്ങൾക്കും അവയുടെ നിലനിൽപ്പിനാവശ്യമായ എല്ലാ കാര്യങ്ങളും സൃഷ്ടിയിലെ ദൈവം നൽകിയിട്ടുണ്ട്. അതിലധികമൊന്നും ചെയ്യാനവയ്ക്കു കഴിയുകയുമില്ല. കരഞ്ഞു കൊണ്ട് ജനിയ്ക്കുകയും ചിരിയും കരച്ചിലുമായി ജീവിക്കുയും കരയിപ്പിച്ചുകൊണ്ട് മരിക്കുകയും ചെയ്യുന്ന മനുഷ്യന് ജനിക്കുമ്പോൾ അറിയാവുന്നത് ആകെ രണ്ട് കാര്യങ്ങൾ മാത്രം. കരയാനും ചിരിക്കാനും. ബാക്കി വേണ്ടതെല്ലാം വളർച്ചയുടെ പടവുകൾകയറുമ്പോൾ ആർജ്ജിച്ചെടുക്കണം. ഈ ആർജ്ജിച്ചെടുക്കലിന് കുഞ്ഞുങ്ങളെ പ്രാപ്തരാക്കുന്നവരാണ് അധ്യാപകർ.

നിയന്ത്രണങ്ങളില്ലാതെ കൈകാലുകളിട്ടടിച്ച് മാനത്തേയ്ക്ക് നോക്കി മലർന്ന് കിടക്കുന്ന മനുഷ്യ ശിശുവിന് മറ്റ് ജീവ ജാലങ്ങൾക്കൊന്നും നൽകാത്ത മൂന്ന് കാര്യങ്ങൾ കൂടി ദൈവം നൽകിയിട്ടുണ്ട്. ബുദ്ധി, സിദ്ധി, ചിന്തിക്കാനുള്ള കഴിവ്. ഇവ പ്രയോഗികമാക്കുകയെന്നത് മനുഷ്യന്റെ കടമയാണ്. ദൈവം നൽകിയ മഹത്തരമായ ഈ മൂന്ന് കാര്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുന്ന പരിശീലന കളരിയാണ് വിദ്യാലയം അവിടെയാണ് നിങ്ങൾ ഗുരുക്കന്മാരായി നിയോഗിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് തന്നെ നിങ്ങൾ ചെയ്യുന്ന സേവനം അതി ശ്രേഷ്ഠമാണ്.

ചുറ്റുപാടിൽ നിന്ന്, സമൂഹത്തിൽ നിന്ന്, പ്രപഞ്ചത്തിലുള്ള ഓരോന്നിൽ നിന്നും കണ്ടും കേട്ടും അനുഭവിച്ചും ആവശ്യമായതൊക്കെയും നാം ആർജ്ജിച്ചെടുക്കണം. അതിന് നല്ല ചിന്തകളുണ്ടാകണം. ചിന്തിക്കുന്നതെന്തും അപരനും അവനവനും ഗുണകരമായ കാര്യങ്ങൾ മാത്രമാകണം.

ഒരിക്കൽ ഒരു ഗുരുവും ശിഷ്യന്മാരും നടക്കാനിറങ്ങി. ശിഷ്യന്മാരുടെ സംശയങ്ങൾക്ക് മറുപടി നൽകിയും സാരോപദേശങ്ങൾ പകർന്ന് കൊടുത്തും നടന്നു നീങ്ങുന്നതിനിടയിൽ പാതയോരത്ത് ഒരു പ്രതിമ അവരുടെ ശ്രദ്ധയിൽപ്പെട്ടു. വിദൂരതയിലേയ്ക്ക് കണ്ണും നട്ട് എന്തോ ചിന്തിച്ചു നിൽക്കുന്നരീതിയിലുള്ള ഒരു പ്രതിമ. ശിഷ്യന്മാർ പ്രതിമയെ മറികടന്ന് മുന്നോട് നീങ്ങി. നടത്തത്തിനിടയിൽ തിരിഞ്ഞു നോക്കിയ ശിഷ്യന്മാർ കണ്ടത് ഗുരു പ്രതിമയെതന്നെ സശ്രദ്ധം നോക്കിനിൽക്കുന്ന കാഴ്ചയാണ്. അവർ മടങ്ങി വന്ന് ഗുരുവിനോട് അങ്ങെന്താണ് പ്രതിമയെ തന്നെ നോക്കി നിൽക്കുന്നതെന്ന് ചോദിച്ചു. ചെറിയൊരു ചിരിയോടെ ഗുരു പറഞ്ഞു. നോക്കൂ, ഈ പ്രതിമയ്ക്കു ചിന്തിക്കുന്നതുപോലെ നിൽക്കാനെ കഴിയൂ. സ്വയം ചിന്തിക്കാൻ കഴിയില്ല. പലപ്പോഴും നമ്മളും ചിന്തിക്കുന്ന പ്രതിമകളെ പോലെയാണ്. അങ്ങനെ നിൽക്കാനും അതുവഴി മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കാനും മാത്രമെ കഴിയുന്നുള്ളു. ശരിയായി ചിന്തിക്കുന്നെങ്കിൽ ആരും നന്മയിലൂടെ വളരും പ്രശസ്തിയിലേയ്ക്കുയരും. മദർ തെരേസ സത്യത്തെക്കുറിച്ചും കരുണയെക്കുറിച്ചും ചിന്തിച്ചു. ലോകം അത് മാതൃകയായി സ്വീകരിച്ചു. അവർ ലോക പ്രശസ്തയായിത്തീർന്നു. ഗാന്ധിജി ചിന്തിച്ചത് താൻ സ്നേഹിച്ച രാജ്യത്തിന്റ സ്വാതന്ത്രത്തെക്കുറിച്ചും മത ഗ്രന്ഥങ്ങളിൽ നിന്ന് സ്വാംശീകരിച്ച അഹിംസയെക്കുറിച്ചുമാണ്. അദ്ദേഹം രാഷ്ട്രപിതാവായി, ലോക പ്രശസ്തനായി. ഹിറ്റ്ലർ ചിന്തിച്ചത് അധികാരവും ആധിപത്യവും സ്ഥാപിക്കുന്നതിനെക്കുറിച്ചായിരുന്നു. ലോക മനസാക്ഷിയെ ഇന്നും വേദനിപ്പിച്ചുകൊണ്ടിരിക്കുന്ന ഹിറ്റ്ലർ കുപ്രസിദ്ധനായിത്തീർന്നു. അധ്യാപനത്തിൽ അപാകതകളുണ്ടായാൽ സമൂഹത്തിൽ അപചയമുണ്ടാകും. അധ്യാപനം കുറ്റമറ്റതെങ്കിൽ സത്ഗുണ സംസ്കാര സമ്പന്നമായ സമൂഹം രൂപപ്പെടും.

ചിന്തിക്കുന്നതെന്തും നന്മയ്ക്കു വേണ്ടിയാകട്ടെ, നല്ലതുമാത്രമായിരിക്കട്ടെ. ചിന്തകളാണ് വാക്കുകളാകുന്നത്, വാക്കുകളാണ് പ്രവർത്തികളാകുന്നത്. പ്രവർത്തികളാണ് പെരുമാറ്റങ്ങളാകുന്നത്. പെരുമാറ്റങ്ങളാണ് സ്വഭാവങ്ങളാകുന്നത്. (ചൈനീസ് പഴമൊഴി) ജ്ഞാനിയായിരുന്ന റോമൻ ചക്രവർത്തി മർക്കസ് കുറേലിയസ് പറയുന്നതുപോലെ "ഒരു മനുഷ്യന്റെ ജീവിതത്തിന് രൂപം നൽകുന്നത് ആവ്യക്തിയുടെ ചിന്തകളാണ്." ജീവിതത്തിന്റെ അപചയത്തിലേയ്ക്കും പരാജയത്തിലേയ്ക്കും നോക്കിനിൽക്കുന്ന ചിന്തിക്കുന്ന പ്രതിമയാകാതെ, പരാജയത്തിന്റെ പടവുകളിൽ നിന്നും വിജയ സോപാനത്തിലേയ്ക്കുയരാൻ ഉതകുന്ന ഉയർന്ന ചിന്തകളും ഉന്നതമായ കാഴ്ചപ്പാടുകളുമുള്ളവരായിത്തീർന്ന് ഓരോ രക്ഷിതാക്കളും ഏറെ പ്രതീക്ഷയോടെ തങ്ങളെ ഏൽപ്പിക്കുന്ന കുഞ്ഞുങ്ങളെ ഒരു നൂതന സംസ്കാരത്തിന്റെ നിർമ്മിതിയ്ക്കാവശ്യമായ പടവുകല്ലുകളാക്കിത്തീർക്കാൻ അധ്യാപക സമൂഹത്തിന് കഴിയട്ടെ എന്നാശംസിക്കുന്നു. കഴിഞ്ഞ രണ്ടു വർഷക്കാലമായി നമ്മുടെ വിദ്യാലങ്ങളുടെ പ്രവർത്തനങ്ങളെ അതിമനോഹരമായി ഏകോപിപ്പിച്ച് പ്രവർത്തന മികവിന്റെ പാരമ്യതയിൽ നയിക്കുന്ന കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗ്ഗീസ് അച്ചന് നന്ദിയോടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. സ്കൂളുകളിലെ എല്ലാ പ്രധാനാധ്യാപകരുടെയും അധ്യാപകരുടെയും അനധ്യാപകരുടെയും തികഞ്ഞ സഹകരണമാണ് വിദ്യാലയങ്ങളുടെ മികച്ച നേട്ടത്തിന് നിദാനമാകുന്നത്. ദീർഘനാളത്തെ സേവനത്തിനു ശേഷം വിരമിക്കുന്ന എല്ലാ അധ്യാപക അനധ്യാപകർക്കും തുടർന്നുള്ള വിശ്രമ ജീവിതത്തിൽ ആയുരാരോഗ്യ സൗഖ്യവും ശാന്തിയുമുണ്ടാകട്ടെയെന്നാശംസിക്കുന്നു. എല്ലാവർക്കും നിറഞ്ഞ സ്നേഹത്തോടെ നന്ദിയോടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

● പേജ് 11-ൽ നിന്ന് തുടർച്ച

കോർപ്പറേറ്റ് മാനേജ്മെന്റിന്റെ നയപരിപാടികൾ ആവിഷ്ക്കരിക്കുന്നതിനും ഭരണപരമായ കാര്യങ്ങളിൽ സഹായിക്കുന്നതിനുമായി വിദ്യാഭ്യാസ വിദഗ്ധരുൾപ്പെടുന്ന അഡ്വൈസറി ബോർഡിനെയും ഉദ്യോഗാർത്ഥികളിൽനിന്നും സ്വഭാവശുദ്ധിയും ഗുണമേന്മയും കാര്യശേഷിയുമുള്ള അധ്യാപകരെ തിരഞ്ഞെടുക്കുന്നതിനായി ഒരു ഇന്റർവ്യൂ ബോർഡിനെയും അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ നിയോഗിച്ചിട്ടുണ്ട്. കോർപ്പറേറ്റ് സ്കൂളുകളുടെ അടിസ്ഥാനവികസന പ്രവർത്തനങ്ങൾ ഒരു രജിസ്റ്റേർഡ് ട്രസ്റ്റാണ് (Educational Trust of Diocese of Thamarassery) നിർവഹിക്കുന്നത്. അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ട്രസ്റ്റിന്റെ പ്രസിഡണ്ട് ബഹു. വികാരി ജനറാളച്ചനാണ്. കോർപ്പറേറ്റ് മാനേജർ, രൂപതാ ചാൻസലർ, രൂപതാ ഫിനാൻസ് ഓഫീസർ എന്നിവർ ട്രസ്റ്റ് അംഗങ്ങളുമാണ്. മുഴുവൻ കോർപ്പറേറ്റ് സ്കൂളുകൾക്കും ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ ന്യൂനപക്ഷ പദവി അനുവദിച്ച് നൽകിയിട്ടുണ്ട്. ഏതൊരു പൊതുവിദ്യാലയത്തിനും മാതൃകആക്കാൻ കഴിയുന്നവിധം അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ശിശു സൗഹൃദ ഭൗതിക സാഹചര്യങ്ങൾ മുഴുവൻ സ്കളൂകളിലും ലഭ്യമാക്കുന്നതിനുള്ള യത്നത്തിലാണ് കോർപ്പറേറ്റ് മാനേജ്മെന്റ്. 2025 യോടുകൂടി മുഴുവൻ കോർപ്പറേറ്റ് സ്കൂളുകളിലും ഏറ്റവും മികച്ച കെട്ടിട സൗകര്യങ്ങൾ ഒരുക്കണമെന്ന അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ ആഗ്രഹം ഫലപ്രാപ്തിയിൽ എത്തുകയാണ്. വിലങ്ങാട് ഹൈസ്കൂൾ, കണ്ണോത്ത് ഹൈസ്കൂൾ, കൂടരഞ്ഞി ഹൈസ്കൂൾ, കൂടരഞ്ഞി എൽ.പി. സ്കൂൾ, കക്കാടംപൊയിൽ ഹൈസ്കൂൾ, കട്ടിപ്പാറ എൽ.പി. സ്കൂൾ, കുളത്തുവയൽ ഹൈസ്കൂൾ എന്നിവയുടെ പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായി കഴിഞ്ഞു. നെല്ലിപ്പൊയിൽ ഹൈസ്കൂൾ, പെരുവണ്ണാമൂഴി യൂ.പി. സ്കൂൾ, പന്തല്ലൂർ എൽ.പി. സ്കൂൾ എന്നിവയുടെ കെട്ടിട പുനർനിർമ്മാണം പുരോഗമിച്ചു വരികയാണ്.

അക്കാദമിക രംഗത്തും കലാകായിക രംഗങ്ങളിലും മികവാർന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ കോർപ്പറേറ്റ് സ്കൂളുകൾ ഏറെ മുന്നിട്ട് നിൽക്കുന്നു. എസ്.എസ്.എൽ.സി., പ്ലസ് ടു, എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷകളിൽ തിളക്കമാർന്ന വിജയം കൈവരിക്കാൻ നമ്മുടെ സ്കൂളുകൾക്ക് കഴിയുന്നുണ്ട്. പഠനമികവ്, അച്ചടക്കം, മൂല്യാധിഷ്ഠിത വ്യക്തിത്വവികസനം, സർഗ്ഗശേഷി വികാസം എന്നീ രംഗങ്ങളിൽ പുതിയ അദ്ധ്യായം രചിക്കാനുള്ള സംഘയത്നത്തിൽ ഏർപ്പെട്ടിരിക്കുന്ന കോർപ്പറേറ്റ് സ്കൂളുകളിലെ ബഹു. മാനേജർ അച്ചന്മാർ, പ്രധാനധ്യാപകർ, അധ്യാപക – അനധ്യാപക ജീവനക്കാർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവരെ നന്ദിയോടെ സ്മരിക്കുകയും എല്ലാ വിജയങ്ങളും നേരുകയും ചെയ്യുന്നു. നിർധന വിദ്യാർത്ഥികൾക്ക് ഉപരിപഠന സഹായം നൽകുന്ന 'കോർഡിയ', സ്കൂളുകളുടെ ഭൗതിക സൗകര്യവികസനത്തിന് കൈത്താങ്ങായ 'ഗുരുനിധി', കോർപ്പറേറ്റ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ചികിത്സ സഹായം നൽകുന്ന 'അൽഫോൻസ സ്നേഹനിധി' എന്നിവ കോർപ്പറേറ്റ് സ്കൂളുകളിലെ ജീവനക്കാരുടെ സാമുഹ്യപ്രതിബദ്ധതയുടെ നേർസാക്ഷ്യങ്ങളാണ്.

പതിറ്റാണ്ടുകൾ നീണ്ട ഔദ്യോഗിക ജീവിതത്തിനുശേഷം 12 പ്രധാനാധ്യാപകരും 30 അധ്യാപകരും 5 അനധ്യാപകരും ഈ വർഷം സർവ്വീസിൽനിന്നും വിരമിക്കുകയാണ്. അവരുടെ സ്തുത്യർഹ സേവനത്തിന് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പ്രകാശിപ്പിക്കുകയും എല്ലാവിധ ആയുരാരോഗ്യസൗഖ്യങ്ങളും മംഗളങ്ങളും നേരുകയും ചെയ്യുന്നു.

THE CORPORATE EDUCATIONAL AGENCY

Bishop's House,
P.B. No. 1, Thamarassery P. O.
Calicut - 673573
Phone: 0495 2225617
Email: dotedn@gmail.com
www.corporateschoolstsy.org


**ജെസ്‌ലി ജോൺ**
കല്ലാനോട് HSS


**ലൗലി സെബാസ്റ്റ്യൻ**
കൂരാച്ചുണ്ട് HSS


**ഷാന്റി പി. സെബാസ്റ്റ്യൻ**
പടത്തുകടവ് HSS


**ജോസ് കെ. ജെ.**
പുന്നക്കൽ HS


**അഗസ്റ്റിൻ ജോർജ്**
തിരുവമ്പാടി UPS

## വിരമിക്കുന്ന ഹയർ സെക്കൻഡറി അധ്യാപകർ


**മില്ലി എബ്രഹാം വി.**
തിരുവമ്പാടി HSS


**എൽസമ്മ മാത്യു**
തിരുവമ്പാടി HSS


**ടോം തോമസ്**
കട്ടിപ്പാറ HSS


**ജോളിയമ്മ വി. തോമസ്**
കൂടരഞ്ഞി HSS


**സി. ലിസമ്മ ജോസ**
കോടഞ്ചേരി HS

## വിരമിക്കുന്ന അനധ്യാപകർ


**ജോസ് മാത്യു**
പുല്ലൂരാംപാറ HS


**തോമസ് പോൾ**
മരഞ്ചാട്ടി HS


**ഷാജി ജോൺ**
കട്ടിപ്പാറ HS


**മേരിക്കുട്ടി കെ. എ.**
മരുതോങ്കര HS


**ജോർജ് പി. എം.**
തോട്ടുമുക്കം HS

## ആശംസ


**മോൺ. ജോയ്സ് വയലിൽ**
**(വികാരി ജനറൽ)**

താമരശേരി കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന സ്കുളുകളിൽ ദീർഘകാലം സേവനമനുഷ്ഠിച്ച ശേഷം വിരമിക്കുന്ന അധ്യാപക, അനധ്യാപകരെ ആദരിക്കുന്നതിനായി വിദ്യാഭ്യാസ സംഗമവും യാത്രയയപ്പും സംഘടിപ്പിച്ചതിൽ നിങ്ങളോടൊപ്പം ഞാനും സന്തോഷിക്കുന്നു. ഒരുമിച്ചങ്ങനെ ഒത്തിരികാലം ജോലിചെയ്തവരെയും തികഞ്ഞ ആത്മാർത്ഥതയോടെ നാളിതു വരെ ചെയ്തുകൊണ്ടിരുന്ന സേവന മേഖലയും വിട്ട് പിരിയുന്നത് അൽപം വിരഹ ദുഖത്തിന് കാരണമാകുമെന്നത് സ്വാഭാവികമാണ്. ഇവിടെ ഒരു യാത്രയയപ്പ് നിങ്ങളെ ഓർമ്മപ്പെടുത്തട്ടെ

സെഹിയോൻ ഊട്ടുശാലയിൽ നടന്ന ഒരു യാത്രയയപ്പ്. അപ്പവും വീഞ്ഞുമൊരുക്കി ഒരുമേശയ്ക്കു ചുറ്റുമിരുന്നൊരു യാത്രയയപ്പ്. ജീവിതത്തിലൊരിക്കലും വേർപിരിയേണ്ടിവരില്ലെന്നു കരുതിയിരുന്ന പ്രിയ ശിഷ്യന്മാരുടെയും മറ്റാരും ഇന്നുവരെ നേരിട്ടിട്ടില്ലാത്ത പ്രതിസന്ധികളും പീഡനങ്ങളും വേദനയും ഏറ്റുവാങ്ങിത്തന്നെ പിരിയണമെന്നറിയാമായിരുന്ന യേശുവിന്റെയും വിടവാങ്ങൽ. തൊട്ടരുകിൽ തന്നെ ഒറ്റിക്കൊടുക്കാനിരുന്ന ശിഷ്യന് അപ്പവും വീഞ്ഞുമെടുത്ത്
എന്റെ ശരീരവും രക്തവുമാണിതെന്നറിച്ച് മുറിച്ചു കൊടു
ക്ഷമയുടെ സെന്റ് ഓഫ്. സ്നേഹിതനുവേണ്ടി ജീവൻ ബ
കഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് പഠിപ്പിച്ച
അവിടെ വിതരണം ചെയ്തത് സ്നേഹമാണ്. ഇനിയെന്തു
യ്യണമെന്നറിയാതെ ഭയവിഹ്വലരായിരുന്നവർക്കിടയിൽ
മ്പിയത് കരുണയാണ്. ഒടുവിൽ ആ യാത്രയയപ്പ് കാൽ
യിൽ പൂർത്തിയായപ്പോൾ അത് കാരുണ്യമായി മാറി, ദ
കാരുണ്യമായി.

സ്നേഹത്തിന് വിരാമമില്ല. തടഞ്ഞു നിർത്താനാകാ
നദി പോലെയാണത്. എവിടെ ചിറകെട്ടിയാലും അത്
മാറിയൊഴുകും. ഇരുകരകളിലേയ്ക്കും സമൃദ്ധിചൊരിഞ്ഞ്
കൊണ്ട്. നിന്ദകളും അവഹേളനങ്ങളും ദ്രോഹങ്ങളൊ
സ്നേഹം വകവെയ്ക്കുന്നില്ല. അതിന് സകലത്തെയും അ
ജീവിക്കാനാകും. അത് വേതനമില്ലാത്ത സേവനമാണ്
യ്യുന്നത്. ഇവിടെ ഇവർ വിരമിക്കുന്നത് ജോലിയിൽ നി
മാത്രമാണ്. അങ്ങനെ ഇവരും വേതനമില്ലാത്ത സേവന
ലേയ്ക്ക് പ്രവേശിക്കുകയാണ്. അങ്ങനെയാകണം വിശ്രമ
വിതമെന്ന് നാം ആശ്വാസ പേരിട്ട് വിളിക്കുന്ന തുടർ ജീവി
ഇന്ന് നാം ഇവർക്ക് നൽകുന്നത് യാത്രയയപ്പല്ല. അത
മൊരു വേതനമില്ലാത്ത സേവന ജീവിതത്തിലേയ്ക്കു
സ്വീകരണമാണ്. അങ്ങനെ എന്നുമവർ കരുണയായി ദ
കാരുണ്യമായലിഞ്ഞു ചേരട്ടെ, സമൂഹത്തിൽ അവരുടെ
ടർ സേവനം അനുഗ്രഹമായിത്തീരട്ടെയെന്നാശംസിക്കു
പ്രാർത്ഥിക്കുന്നു. വിരമിക്കുന്ന എല്ലാ അധ്യാപക അനധ്യ
കർക്കും തുടർ ജീവിതത്തിൽ എല്ലാ വിധ വിജയാശംസക
അഭിനന്ദനങ്ങളും അറിയിക്കുന്നു.

## താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകൾ

### ഹയർ സെക്കൻഡറി സ്കൂളുകൾ

1. സെന്റ് മേരീസ് എച്ച്എസ്എസ് കല്ലാനോട് 2. ഹോളി ഫാമിലി എച്ച്എസ് എസ് കട്ടിപ്പാറ 3. സെന്റ് സെബാസ്റ്റ്യൻ എച്ച്എസ്എസ് കൂടരഞ്ഞി 4. സെന്റ് ജോർജ്ജ് എച്ച്എസ്എസ് കുളത്തുവയൽ 5. സെന്റ് മേരീസ് എച്ച്എസ്എസ് മരുതോങ്കര 6. സേക്രട്ട് ഹാർട്ട് എച്ച്എസ്എസ് തിരുവമ്പാടി 7. സെന്റ് ജോസഫ് എച്ച്എസ്എസ് കോടഞ്ചേരി 8. സെന്റ് ജോസഫ് എച്ച്എസ്എസ് പുല്ലൂരാംപാറ 9. ഹോളി ഫാമിലി എച്ച്എസ്എസ് വേനപ്പാറ 10. സെന്റ് തോമസ് എച്ച്എസ് എസ് കൂരാച്ചുണ്ട് 11. ഹോളി ഫാമിലി എച്ച്എസ്എസ് പടത്തുകടവ് 12. സെന്റ് തോമസ് എച്ച്എസ്എസ് തോട്ടുമുക്കം.

### ഹൈസ്കൂളുകൾ

1. സെന്റ് ജോസഫ് എച്ച്എസ്, ചെമ്പനോട 2. സെന്റ് മേരീസ് എച്ച്എസ് കക്കാടംപൊയിൽ 3. സെന്റ് മേരീസ് എച്ച്എസ് കല്ലാനോട് 4. സെന്റ് ആന്റണീസ് എച്ച് എസ് കണ്ണോത്ത് 5. ഹോളി ഫാമിലി എച്ച്എസ്, കട്ടിപ്പാറ 6. സെന്റ് ജോസഫ് എച്ച്എസ് കോടഞ്ചേരി 7. സെന്റ് സെബാസ്റ്റ്യൻ എച്ച് എസ്, കൂടരഞ്ഞി 8. സെന്റ് തോമസ് എച്ച് എസ് കൂരാച്ചുണ്ട് 9. സെന്റ് ജോർജ്ജ് എച്ച്എസ് കുളത്തുവയൽ 10. പി. ടി. ചാക്കോ മെമ്മോറിയൽ എച്ച്എസ് കുണ്ടുതോട് 11. സെന്റ് ജോൺസ് എച്ച്എസ് നെല്ലിപൊയിൽ 12. ഹോളി ഫാമിലി എച്ച്എസ് പടത്തുകടവ് 13. സെന്റ് ജോസഫ് എച്ച്എസ് പുല്ലൂരാംപാറ 14. സെന്റ് സെബാസ്റ്റ്യൻ എച്ച് എസ് പുന്നയ്ക്കൽ 15. സേക്രട്ട് ഹാർട്ട് എച്ച്എസ് തിരുവമ്പാടി 16. സെന്റ് ജോർജ് എച്ച്എസ് വിലങ്ങാട് 17. മേരിഗിരി എച്ച്എസ് മരഞ്ചാട്ടി 18. സെന്റ് മേരീസ് എച്ച്എസ് മരുതോങ്കര 19. ഹോളി ഫാമിലി എച്ച്എസ് വേനപ്പാറ 20. സെന്റ് തോമസ് എച്ച്എസ് തോട്ടുമുക്കം.

### യൂപി സ്കൂളുകൾ

1. സെന്റ് മേരീസ് യൂപിഎസ് ആനക്കാംപൊയിൽ 2. നിർമ്മല യൂപിഎസ് ചമൽ 3. സെന്റ് ജോസഫ് യൂപിഎസ് ചെമ്പനോട 4. ഹോളി ഫാമിലി യൂപിഎസ് ചെങ്ങരോത്ത് 5. സെന്റ് തോമസ് യൂപിഎസ് കല്ലുരുട്ടി 6. സെന്റ് ആന്റണീസ് യൂപി എസ് കണ്ണോത്ത് 7. നസറത്ത് യൂപിഎസ് കട്ടിപ്പാറ 8. നിർമ്മല യൂപിഎസ് കാറ്റുള്ളമല 9. സെന്റ് തോമസ് യൂപിഎസ് കൂരാച്ചുണ്ട് 10. വിമല യൂപിഎസ് മഞ്ഞുവയൽ 11. സെന്റ് ജോസഫ് യൂപിഎസ് മൈലെള്ളാംപാറ 12. വിദ്യാ ജ്യോതി യൂപിഎസ് നെന്മേനി 13. ഫാത്തിമ യൂപിഎസ് മരിയാപുരം 14. ലിറ്റിൽ ഫ്ളവർ യൂപിഎസ് പശുക്കടവ് 15. ഫാത്തിമ എയൂപിഎസ് പെരുവണ്ണാമുഴി 16. ഐ. സി. യൂപിഎസ് പൂഴിത്തോട് 17. സെന്റ് ജോസഫ് യൂപിഎസ് പുല്ലൂരാംപാറ 18. ലിറ്റിൽ ഫ്ളവർ യൂപിഎസ് പുഷ്പഗിരി 19. സെന്റ് തോമസ് യൂപിഎസ് തെയ്യപ്പാറ 20. സേക്രട്ട് ഹാർട്ട് യൂപിഎസ് തിരുവമ്പാടി 21. ലിറ്റിൽ ഫ്ളവർ യൂപിഎസ് വേനപ്പാറ 22. എം. എ. എം. യുപിഎസ് വിളക്കാംതോട്

### എൽ പി സ്കൂളുകൾ

1. സെന്റ് തോമസ് എൽപിഎസ് ആനക്കുളം 2. സെന്റ് ആന്റണീസ് എൽപിഎസ് ചക്കിട്ടപ്പാറ 3. സെന്റ് മേരീസ് എൽപിഎസ് കല്ലാനോട് 4. സെന്റ് മേരീസ് എൽപിഎസ് കരിങ്ങാട് 5. സെന്റ് ജോസഫ് എൽപിഎസ് കോടഞ്ചേരി 6. സെന്റ് സെബാസ്റ്റ്യൻ എൽപിഎസ് കൂടരഞ്ഞി 7. സെന്റ് ജോസഫ് എൽപിഎസ് കൂടത്തായി 8. സെന്റ് ജോർജ്ജ് എൽപിഎസ് കുളത്തുവയൽ 9. സെന്റ് ജോസഫ് എൽപിഎസ്, മാലാപറമ്പ് 10. സെന്റ് മേരീസ് എൽപിഎസ്, മരുതോങ്കര 11. സെന്റ് സെബാസ്റ്റ്യൻ എൽപിഎസ് മുത്തപ്പൻപുഴ 12. നസറത്ത് എൽപിഎസ് മുത്തോറ്റിക്കൽ–കട്ടിപ്പാറ 13. പുഷ്പ എൽപിഎസ് നരിനട 14. സെന്റ് തോമസ് എൽപിഎസ് നീലേശ്വരം 15. സെന്റ് ജോസഫ് എൽപിഎസ് പന്തല്ലൂർ 16. സെന്റ് ജോസഫ് എൽപിഎസ് പൂതംപാറ 17. ലിറ്റിൽ ഫ്ളവർ എൽപിഎസ് പുഷ്പഗിരി 18. എഎൽപിഎസ് തലയാട് 19. ഫാത്തിമ മാതാ എൽപിഎസ് തേക്കുകുറ്റി 20. എം.എ.എം. എൽപിഎസ് വിളക്കാംതോട്

## നവീകരിച്ച സ്കൂൾ കെട്ടിടങ്ങൾ




നസ്രത്ത് എൽ.പി. സ്കൂൾ മുത്തോറ്റിക്കൽ (കട്ടിപ്പാറ)



ഫാത്തിമ എയുപി സ്കൂൾ പെരുവണ്ണാമൂഴി

### എസ്എസ്എൽസി പരീക്ഷ:

# വിജയത്തിളക്കത്തിൽ കോർപ്പറേറ്റ് സ്കൂളുകൾ

**● 20 സ്കൂളുകളിലും നൂറ് ശതമാനം വിജയം**

എസ്എസ്എൽസി പരീക്ഷയിൽ താമരശേരി കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയിലെ സ്കൂളുകൾ വിജയത്തിളക്കത്തിൽ. ആകെയുള്ള 20 ഹൈസ്കൂളുകളും നൂറ് ശതമാനം വിജയം നേടി. 2507 പേരാണ് ഈ വർഷം പരീക്ഷയെഴുതിയത്. മുഴുവൻ പേരും വിജയിച്ചു. 500 പേർ എല്ലാ വിഷയത്തിലും എപ്ലസ് നേടി. സ്കൂളുകളിലെ വൻ വിജയം മലയോര മേഖലയ്ക്കാകെ അഭിമാനമായി. മികച്ച നേട്ടത്തിനു പിന്നിൽ പ്രവർത്തിച്ച അധ്യാപകരെയും അനധ്യാപകരെയും പിടിഎയെയും വിദ്യാർത്ഥികളെയും രൂപതാ അധ്യക്ഷൻ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, കോർപ്പറേറ്റ് മാനേജർ ഫാ.ജോസഫ് വർഗ്ഗീസ് എന്നിവർ അഭിനന്ദിച്ചു.

## വിദ്യാഭ്യാസ സംഗമം – 2023



കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി തിരുവമ്പാടിയിൽ സംഘടിപ്പിച്ച വിദ്യാഭ്യാസ സംഗമവും യാത്രയയപ്പ് സമ്മേളനവും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട്, തിരുവമ്പാടി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ എന്നിവർ സമീപം



കോർപ്പറേറ്റ് സ്കൂളുകളിൽ നിന്ന് ഈ വർഷം വിരമിക്കുന്നവർ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, ഫാ. ജോസഫ് പാലക്കാട്ട്, ഫാ. തോമസ് നാഗപറമ്പിൽ എന്നിവരോടൊപ്പം



അധ്യാപകരെ അഭിസംബോധന ചെയ്ത് ഫാ. ജോസഫ് പാലക്കാട്ട് സംസാരിക്കുന്നു



യാത്രയയപ്പ് സമ്മേളനത്തിലെ പ്രൗഢ സദസ്

## താമരശ്ശേരി രൂപതാതല മതബോധന സ്കോളർഷിപ്പ് വിജയികൾ

### നാലാം ക്ലാസ്


ലെവിൻ സുനിൽ
കേഴപ്ലാക്കൽ
(കൂരോട്ടുപാറ)


ഈവ ബിജു
തറയിൽ
(മാങ്കാവ്)


അംജിത്ത് ജെ. ജോസ്
കുറ്റിയാനിക്കൽ
(അടയ്ക്കാക്കുണ്ട്)

### ഏഴാം ക്ലാസ്


ആൻമരിയ ബൈജോ
വലിയവീട്ടിൽ
(ഈസ്റ്റ്ഹിൽ)



അലോന മനോജ്
പൊട്ടനാനിക്കൽ
(കൂടരഞ്ഞി)


ക്രിസ്റ്റി
തറപ്പിൽ
(കണ്ണോത്ത്)

### പത്താം ക്ലാസ്


അന്ന
മെഴുകനാൽ
(കണ്ണോത്ത്)


ജരാർദ് ജോൺ
പന്തപ്പിള്ളി
(മരഞ്ചാട്ടി)


സിസിൽ മരിയ
കോലാട്ടുവെള്ളിയിൽ
(കോട്ടക്കൽ)


കാക്കനാട് സീറോ മലബാർ സഭ കാര്യാലയത്തിൽ നടന്ന ഏഴാം ക്ലാസ് മതബോധന വിദ്യാർത്ഥികളുടെ പ്രതിഭാ സംഗമത്തിൽ പ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ട ഐൻ ട്രീസ ചക്കുമൂട്ടിൽ. പുല്ലൂരാംപാറ ഇടവകാംഗം.


കത്തോലിക്കാ കോൺഗ്രസ് നൽകുന്ന ഒ. എം. ജോൺ ഓലിക്കൽ മെമ്മോറിയൽ അവാർഡ് നേടിയ ബെന്നി തോണക്കര. കഴിഞ്ഞ 35 വർഷമായി വിശ്വാസപരിശീലനരംഗത്ത് നൽകി വരുന്ന സേവനങ്ങളാണ് അവാർഡിന് അർഹനാക്കിയത്. ചക്കിട്ടപാറ ഇടവകാംഗമാണ്.


താമരശ്ശേരി രൂപത സീറോ മലബാർ മാതൃവേദിയുടെ ജനറൽബോഡിയോഗവും വാർഷിക സമ്മേളനവും താമരശ്ശേരി കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു. രൂപത വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര, സീറോ മലബാർ മാതൃവേദി രൂപത ഡയറക്ടർ ഫാ ജോസുകുട്ടി അന്തീനാട്, സീറോ മലബാർ മാതൃവേദി രൂപത പ്രസിഡന്റ് ലിസ്സി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബെന്നി ലൂക്കോസ്, ഫാ വിൽസൺ ഇലവത്തിങ്കൽകൂനൻ എന്നിവർ സമീപം

# സ്റ്റാർട്ടിൽ MTC കോഴ്സ്: അഡ്മിഷൻ ആരംഭിച്ചു

**കോഴിക്കോട്:** താമരശ്ശേരി രൂപതയുടെ കീഴിൽ ഉന്നത വിദ്യാഭ്യാസ മുന്നേറ്റത്തിന് നേതൃത്വം നൽകുന്ന റിസർച്ച് ആൻഡ് ട്രെയിനിങ് സെന്ററായ സ്റ്റാർട്ടിൽ പ്ലസ് ടുവിന് ശേഷം വിദ്യാർത്ഥികൾക്കായി ഏക വത്സര MTC (Master's Training Course) കോഴ്സ് അഡ്മിഷൻ ആരംഭിച്ചു. പ്ലസ് ടുവിന് ശേഷം അഖിലേന്ത്യ തലത്തിലുള്ള പ്രധാനപ്പെട്ട എൻട്രൻസ് പരീക്ഷകൾക്കുള്ള കോച്ചിങാണ് ഈ കോഴ്സിൽ നൽകുന്നത്.

സ്വഭാവ വൈശിഷ്ഠ്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമിക ബോധവുമുള്ള മുൻനിര നേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും കുടിയേറ്റ മേഖലകളിൽ നിന്ന് ദേശീയ അന്തർദേശീയ തലങ്ങളിൽ വളർത്തിയെടുക്കുക എന്നതാണ് പരിശീലന പരിപാടിയുടെ മുഖ്യ ലക്ഷ്യം.

അഖിലേന്ത്യാ തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കേന്ദ്ര സർവകലാശാലകളിലും പ്രമുഖ ഇൻസ്റ്റിറ്റ്യൂട്ടുകളിലും അഡ്മിഷൻ നേടി മികവുറ്റ വിധം പഠനം പൂർത്തിയാക്കി നേതൃ പദവികളിൽ എത്തുവാൻ MTC കോഴ്സ് ഉപകരിക്കും. ഈ ഏക വത്സര പരിശീലന പരിപാടിയിൽ CET, KEAM, CUSAT CAT, CLAT, IPM, NID, NDA Technical & non technical പരീക്ഷകളെ കേന്ദ്രീകരിച്ചു കൊണ്ടാണ് വിദ്യാർത്ഥികളെ ഒരുക്കുന്നത്.

ആധുനിക കാലഘട്ടത്തിന്റെ മാറ്റങ്ങളെ തിരിച്ചറിഞ്ഞുകൊണ്ട് കാലോചിതമായ പല കോഴ്സുകളും സ്റ്റാർട്ട് വിദ്യാർത്ഥികൾക്കായി നടത്തുന്നു. കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച AI (Artificial Intelligence) and Computer programming with Python ഇതിനുദാഹരണമാണ്. ഈ വർഷം Data analysis എന്ന കോഴ്സ് കൂടി MTC വിദ്യാർത്ഥികൾക്കായി ഒരുക്കിയിട്ടുണ്ട്.


ഇന്റർവ്യൂ അടിസ്ഥാനമാക്കിയാണ് കോഴ്സിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക്: 90371 07843 (ഓഫീസ്), 9744 458111 (ഡയറക്ടർ). Web: www.startindia.org
Email: startcalicut22@gmail.com,
director@startindia.org

## അൽഫോൻസ കോളജിൽ മാധ്യമ സെമിനാർ

**തിരുവാമ്പാടി:** അൽഫോൻസ കോളജും ജനചേതന കലാ സംസ്കാരിക പഠനകേന്ദ്രവും സംയുക്തമായി സംഘടിപ്പിച്ച ഏകദിന മാധ്യമ സെമിനാർ മാതൃഭൂമി മാനേജിങ് ഡയറക്ടറും ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റി വൈസ് ചെയർമാനുമായ എം. വി. ശ്രേയാംസ് കുമാർ ഉദ്ഘാടനം ചെയ്തു. ദേശീയ മാധ്യമ പുരസ്കാരം നേടിയ മാതൃഭൂമി സീനിയർ സബ് എഡിറ്റർ അനു അബ്രഹമിനെ ആദരിച്ചു. കെ. എഫ്. ജോർജ് (മലയാള മനോരമ) അനു അബ്രാഹം (മാതൃഭൂമി) ബൈജു ബാപ്പുട്ടി (ദീപിക) ബി. പി. മൻസൂർ ( ദേശാഭിമാനി ) അമീർ സൽമാൻ (മാധ്യമ അധ്യാപകൻ) മുഹമ്മദ് ഷെഫീഖ് (ഏഷ്യാവിലെ) ജോബി ജോസഫ് (ബ്രാൻഡ് സ്വാമി) ആനിയമ്മ (ലീഫീ കേരള) ഫസൽ തിരുവമ്പാടി (മൊബൈൽ ജേർണലിസ്റ്റ്) എന്നിവർ പങ്കെടുത്തു. കോളേജ് മാനേജർ ഫാ. സ്കറിയ മങ്ങരയിൽ അധ്യക്ഷനായിരുന്നു.



# ജീവിക്കാൻ സുഖമുള്ള കാനഡ



**അഞ്ജു റോസ് ജോഷി**
(ആൽബർട്ട, കാനഡ)

ഒരുപാട് കഷ്ടപ്പെടാതെ ജീവിക്കാൻ കഴിയുന്ന രാജ്യമാണ് കാനഡ. പത്തു വർഷം മുമ്പാണ് ഞാൻ കാനഡയിൽ എത്തിയത്. താമരശ്ശേരി രൂപതയുടെ സിഒഡി എന്ന സന്നദ്ധ സേവന സംഘടനയിലായിരുന്നു ആദ്യം ജോലി ലഭിച്ചത്. അവിടെ 3 വർഷം ജോലി ചെയ്തിട്ടാണ് കാനഡയിലേക്ക് വന്നത്.

പിന്നീട് രജിസ്ട്രേഡ് സോഷ്യൽ വർക്ക് ജോലികളിലേക്ക് മാറി. ഇവിടുത്തെ ജോലി സാഹചര്യങ്ങളൊക്കെ ഏറെ നല്ലതാണ്. വീട് വാങ്ങാൻ മറ്റു പല രാജ്യങ്ങളെയും അപേക്ഷിച്ച് എളുപ്പമാണ്. ഒരു തുക ഡൗൺ പെയ്മെന്റായി അടച്ച് വീട് വാങ്ങാം. ബാക്കി തുക മാസ തവണകളായി അടച്ചാൽ മതി.

ഇവിടുത്തെ അടിസ്ഥാന ശമ്പളം 15 ഡോളറാണ്. അത്യാർഭാടങ്ങളിലേക്ക് പോയില്ലെങ്കിൽ ആ ശമ്പളം കൊണ്ടുതന്നെ മാന്യമായി ജീവിച്ചു പോകാം. കുട്ടികളുടെ പഠനത്തിന് സർക്കാർ സ്കൂളുകളും കാത്തലിക് സ്കൂളുകളുമുണ്ട്. യൂണിവേഴ്സിറ്റി പഠനം ഇത്തിരി ചിലവേറിയതാണ്. പക്ഷെ, ഒരു കുട്ടി ജനിക്കുമ്പോൾ മുതൽ നിശ്ചിത തുക നിക്ഷേപിക്കുന്ന ആർഇഎസ്പി പദ്ധതിയുണ്ട്. അതു വഴി യൂണിവേഴ്സിറ്റി പഠനം തലവേദനയാകാതെ നോക്കാം.

വരുമാനം കുറഞ്ഞ കുടുംബങ്ങൾക്ക് സർക്കാർ സഹായം ലഭിക്കും. കുട്ടികൾക്ക് 18 വയസാകുന്നതുവരെ നികുതിയിലും ഇളവുണ്ട്. പഠനത്തിന് ഇവിടെ പ്രായപരിധിയില്ല. ഏതു വയസിലും പുതിയ കോഴ്സുകൾ പഠിക്കാൻ അഡ്മിഷൻ ലഭിക്കും. അതുകൊണ്ടു തന്നെ ഏതു വയസിലും പ്രൊഫഷൻ മാറാൻ അവസരം ലഭിക്കും.

പിആർ ഉള്ളവർക്ക് ഹെൽത്ത് കാർഡ് ലഭിക്കും. മിക്കവാറും എല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സ ഹെൽത്ത് കാർഡിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും ഹെൽത്ത് കവറേജ് ലഭിക്കും. അതുകൊണ്ടു തന്നെ രോഗങ്ങൾ വന്നാൽ വലിയൊരു തുകയൊന്നും ആശുപത്രിയിൽ അടയ്ക്കേണ്ടി വരുന്നില്ല. എമർജൻസിയില്ലാത്ത മറ്റു സർജറികൾക്ക് ഏഴെട്ട് മാസത്തോളം വെയിറ്റിങ് പിരീഡുണ്ട്.

ആരോഗ്യ മേഖലയിലാണ് ധാരാളം തൊഴിലവസരങ്ങളുള്ളത്. പത്തു വർഷം മുമ്പത്തെക്കാളും ചിലവ് വർധിച്ചിട്ടുണ്ടെങ്കിലും അതനുസരിച്ചുള്ള ശമ്പള വർധനവുണ്ടായിട്ടില്ല.

കാലാവസ്ഥയാണ് ഇവിടുത്തെ വലിയ ന്യൂനതയായി പറയപ്പെടുന്നത്. ആറു മാസത്തോളം മഞ്ഞും തണുപ്പുമാണ്. പക്ഷെ, അതുമായി താരതമ്യപ്പെട്ടു കഴിഞ്ഞാൽ വലിയൊരു പ്രശ്നമാകില്ല.

കാനഡയിലേക്ക് വരുമ്പോൾ തന്നെ നമ്മൾ ഉദ്ദേശിക്കുന്ന ജോലി ലഭിക്കണമെന്നില്ല. മനസിലുള്ള ജോലി ലഭിക്കണമെങ്കിൽ കുറച്ച് കഷ്ടപ്പെടേണ്ടി വരും. പക്ഷെ, ഏതു ജോലിയും ചെയ്യാൻ തയ്യാറാണെങ്കിൽ സുഖമായി ജീവിക്കാം.

ഇവിടെ വംശീയ പ്രശ്നങ്ങൾ നിലനിൽക്കുന്നതായി തോന്നിയിട്ടില്ല. എല്ലാ രാജ്യക്കാർക്കും അവസരം നൽകുന്ന നയമാണ് കാനഡ പിന്തുടരുന്നത്.

സാമൂഹിക സുരക്ഷിതത്വം എടുത്തു പറയേണ്ട കാര്യമാണ്. പാതിരാത്രിയാണെങ്കിലും സ്ത്രീകൾക്ക് പുറത്തിറങ്ങി നടക്കാം. ഒരു ഉപദ്രവവും ഉണ്ടാകാറില്ല.

# ജോലിഭാരം കുറഞ്ഞ ഓസ്ട്രേലിയ



**ജോൺസൺ ജോസഫ്**
(ഗ്ലാഡ്സ്റ്റൺ, ഓസ്ട്രേലിയ)

പലസംസ്കാരങ്ങളും അടങ്ങുന്ന സമൂഹമാണ് ഇവിടുള്ളത്. ധാരാളം വിദേശികൾ ഇവിടുണ്ട്. വംശീയ വിദ്വേഷ പ്രശ്നങ്ങൾ പണ്ട് ഓസ്ട്രേലിയയെക്കുറിച്ച് പറഞ്ഞ് കേട്ടിട്ടുണ്ടെങ്കിലും ഇപ്പോൾ അതൊന്നുമില്ലെന്നാണ് അനുഭവം. കാരണം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള ആളുകൾ ഇവിടെ ജോലിചെയ്യുന്നുണ്ട്, പഠിക്കുന്നുമുണ്ട്.

ഓസ്ട്രേലിയിലെ കാലാവസ്ഥ ആർക്കും സ്വീകാര്യമാകുന്ന തരത്തിലുള്ളതാണ്. ഏകദേശം നമ്മുടെ നാട്ടിലെ കാലവസ്ഥയുള്ള സ്ഥലങ്ങളുമുണ്ട്. മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് ഇവിടെ ജോലിഭാരം വളരെ കുറവാണ്. സമയത്തിന് മാത്രം ജോലിചെയ്യുക എന്നുള്ളതാണ് ഇവിടുത്തെ രീതി. ഏത് ജോലിയായാലും അതിനുള്ള നിയമങ്ങൾ ഇവിടെ പാലിക്കപ്പെടുന്നുണ്ട്.

കുടുംബത്തെ ഒപ്പം കൂട്ടാൻ താരതമ്യേന ലളിതമായ പ്രോസസാണ്. മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് ഓസ്ട്രേലിയായിൽ 3 വർഷത്തേക്ക് വരെ വിസ കിട്ടുന്നുണ്ട്. 1 വർഷം താമസിച്ച് പിന്നെ തിരികെ പോയി 6 മാസം കഴിഞ്ഞ് തിരിച്ചുവരാനുള്ള നിയമവും ഇതിനോടൊപ്പം ഉണ്ട്. സ്ഥിര താമസത്തിനുമായി അപേക്ഷിക്കാം.

പഠനത്തിനാണ് വരുന്നതെങ്കിൽ ട്യൂഷൻ ഫീ മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. എന്നിരുന്നാലും അവർക്ക് കിട്ടുന്ന സ്റ്റേ ബാക്ക് മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. പഠിക്കുന്നത് നല്ല കോഴ്സാണെങ്കിൽ ദീർഘനാൾ സ്റ്റേ ചെയ്യാനും സ്ഥിരതാമസക്കാരനായി മാറാനുമുള്ള സാധ്യത കൂടുതലുണ്ട്.

ഇവിടുത്തെ ആരോഗ്യരംഗം അത്ര ഗംഭീരമായി തോന്നിയിട്ടില്ല. അസുഖം വന്നാൽ ഡോക്ടറെ കാണാൻ ഏറെ നേരം കാത്തിരിക്കണം. നമ്മുടെ നാട്ടിലാണെങ്കിൽ കൈയ്യിൽ പൈസയുണ്ടെങ്കിൽ എത്ര അത്യാധുനിക ട്രീറ്റ്മെന്റും നിമിഷങ്ങൾക്കുള്ളിൽ നമുക്ക് ലഭിക്കും. പക്ഷേ, ഇവിടെ പണമുണ്ടായിട്ടും കാര്യമില്ല ഏത് പ്രൈവറ്റ് ഹോസ്പിറ്റലിലും സമയമെടുക്കും. അതിന് പുറമേ ഹെൽത്ത് ഇൻഷുറൻസും എടുക്കണം. എത്ര എമർജൻസി കേസ് ആയാൽപോലും കാത്തിരിക്കേണ്ട അവസ്ഥയാണ് ഇവിടെ.

താമസ-ഭക്ഷണ സൗകര്യങ്ങൾ കണ്ടെത്താൻ കുറച്ച് ബുദ്ധിമുട്ടാണ്. താമസത്തിനും മറ്റും വാടക വളരെ കൂടുതലാണ്. കോവിഡ് കാലം കഴിഞ്ഞതോടെ ആളുകളുടെ വരവും കൂടി. അതോടെ വീടുകളുടെ വാടകയും വർദ്ധിച്ചു.

എന്നിരുന്നാലും മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് ഓസ്ട്രേലിയ ഒരു നല്ല ഒപ്ഷനാണ്.

# ജീവിക്കാൻ ചിലവേറി യുകെ



**സനേഷ് ബേബി**
(ലണ്ടൻ, യുകെ)

എംബിഎ പഠനത്തിനായാണ് ഭൂരിഭാഗം വിദ്യാർത്ഥികളും യുകെയിലേക്ക് എത്തുന്നത്. കോഴ്സ് ഫീസ് കുറവാണെന്നതായിരിക്കാം കാരണം. എംബിഎ പഠനത്തിന് ഇവിടെയെത്തുന്നവരിൽ പലരും വ്യത്യസ്തമായ ബ്രാഞ്ച് എടുത്ത് പഠിച്ച്, പഠനം പൂർത്തിയാക്കിയ ശേഷം കെയർ ഹോമുകളിൽ ജോലി നേടുകയാണ് പതിവ്. ബിസിനസ് മാനേജ്മെന്റ് മേഖലയിൽ ജോലി നേടിയെടുക്കുക ശ്രമകരമാണ്.

ഇവിടുത്തെ മികച്ച യൂണിവേഴ്സിറ്റികളിൽ എംബിഎ പഠിക്കുകയാണെങ്കിൽ മാനേജ്മെന്റ് രംഗത്തു തന്നെ തൊഴിൽ കണ്ടെത്താം. പക്ഷേ അത്തരം യൂണിവേഴ്സിറ്റികളുടെ യോഗ്യതാ മാനദണ്ഡം നിറവേറ്റാൻ കഴിയണം. ചുരുങ്ങിയത് 35 – 40 ലക്ഷം രൂപയെങ്കിലും ഫീസ് വരും. സിലബസും കടുകട്ടിയായിരിക്കും.

ഏകദേശം 18000 കെയർ ഹോമുകളുണ്ട് യു.കെയിൽ. ഒരുപാട് ഒഴിവുകളുമുണ്ട്. അതുകൊണ്ട് തന്നെ വളരെ എളുപ്പത്തിൽ കെയർ ഹോമുകളിലെ ജോലിക്കായി വിസ ലഭിക്കും. അഞ്ച് വർഷം കഴിഞ്ഞാൽ പി.ആറിലേക്ക് മാറാം പി.ആറിൽ 1 വർഷം നിന്നു കഴിഞ്ഞാൽ ഇവിടുത്തെ സിറ്റിസൺഷിപ്പിന് അപേക്ഷിക്കാം. സിറ്റിസൺഷിപ്പ് കിട്ടിയാലും നമ്മൾ ഉദ്ദേശിക്കുന്ന ജോലി കിട്ടുമോയെന്ന് കണ്ടറിയണം.

ഒരു ബിസിനസ് തുടങ്ങണമെന്നുണ്ടെങ്കിൽ 10 - 15 മിനിട്ടുകൾക്കകം അത് റെഡിയാക്കി കിട്ടും. നമ്മുടെ നാട്ടിലെ പോലെ നൂലാമാലകളോ, ബുദ്ധിമുട്ടോ ഒന്നും ഇവിടെയില്ല. വളരെ എളുപ്പത്തിൽ ഫ്രണ്ടലിയായി ഇവിടെ ഒരു ബിസിനസ് ചെയ്യാൻ സാധിക്കും.

യുക്രൈൻ യുദ്ധവും നാണയപെരുപ്പവും കാരണം താമസചിലവും വിവിധ ചിലവുകളും ഭയാനകമായ രീതിയിൽ കൂടിയിട്ടുണ്ട്. ഏകദേശം 60 ശതമാനത്തോളം വർധനവാണ് വന്നിട്ടുള്ളത്. ഭാര്യയും ഭർത്താവും രണ്ടുപേരും ജോലി ചെയ്താൽ വലിയ ബുദ്ധിമുട്ടില്ലാണ്ട് ജീവിച്ച് പോകാം എന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ.

സ്വന്തമായി ഒരു വീട് വാങ്ങുകയാണെങ്കിൽ വാടകയിനത്തിലെ ചിലവ് കുറയ്ക്കാൻ കഴിയും. ഇപ്പോഴത്തെ സാഹചര്യത്തിൽ വീടു വാങ്ങുകയെന്നത് വളരെ ബുദ്ധിമുട്ടാണ്; പലിശ നിരക്ക് വളരെ കൂടുതലാണ്.

പിന്നെയുള്ളത് പള്ളി, വേദപാഠക്ലാസുകൾ എല്ലാം ഇവിടെയുണ്ട്. അത് അവരവരുടെ ചോയിസാണ്. അടുത്തുള്ള രണ്ട് അയൽവാസികളെ ഞാൻ അറിയുമെങ്കിലും മൂന്നാമത്തെ അയൽവാസിയെ അറിയുന്നില്ല. കാരണം ആർക്കും അതിനുള്ള സമയമില്ല, കോൺടാക്റ്റുമില്ല. നേരം വെളുക്കുന്നു, ജോലിക്കുപോകുന്നു, തിരിച്ച് റൂമിൽ വരുന്നു. ആർക്കും മറ്റുള്ളവരുടെ കാര്യത്തിൽ ഇടപെടാൻ നേരമില്ല.

ഇവിടുത്തെ നിയമസംവിധാനങ്ങൾ വളരെ ഓപ്പണാണ്. ഉയർന്ന ആളുകൾ, താഴ്ന്ന ആളുകൾ എന്നിങ്ങനെയൊന്നും ഇവിടെയില്ല. എല്ലാവർക്കും തുല്യമായ നിയമസംവിധാനമാണ് ഇവിടെയുള്ളത്.

ഇവിടെ വന്ന് സെറ്റിലായവരൊക്കെ തിരിച്ച് പോരുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. കാരണം മക്കളൊക്കെ പഠിക്കാനായാൽ പിന്നെ അവരുടെ ലോകം ഇതാണ്. നമുക്ക് നാട്ടിൽ പോകണം എന്ന് എത്ര ആഗ്രഹമുണ്ടായാലും നമ്മൾ സാവധാനം ഇവിടവുമായി ലയിച്ച് പോകും.

ഒരു ബിസിനസ് തുടങ്ങണമെന്നുണ്ടെങ്കിൽ 10–15 മിനിട്ടുകൾക്കകം അത് റെഡിയാക്കി കിട്ടും. നമ്മുടെ നാട്ടിലെ പോലെ നൂലാമാലകളോ, ബുദ്ധിമുട്ടോ ഒന്നും ഇവിടെയില്ല. വളരെ എളുപ്പത്തിൽ ഫ്രണ്ടലിയായി ഇവിടെ ഒരു ബിസിനസ് ചെയ്യാൻ സാധിക്കും.

ആരും നോക്കാനില്ലെങ്കിൽ തോന്നിയ പോലെ ജീവിക്കാനുള്ള സാഹചര്യമാണ് ഇവിടെ. മദ്യത്തിലും മയക്കുമരുന്നിലും മറ്റ് ചീത്ത കൂട്ടുകെട്ടുകളിലും വീണു പോകുന്ന മലയാളികൾ ധാരാളമുണ്ട്. വിവാഹം കഴിക്കാതെ ലിവിങ് ടുഗതറായി ജീവിക്കുന്നവരും ധാരാളം.

# ജനനനിരക്ക് പ്രോത്സാഹിപ്പിക്കുന്ന കുടുംബനയങ്ങൾ വേണം: മാർപാപ്പ

ജീവനെ സ്വാഗതം ചെയ്യുന്ന കുടുംബസൗഹൃദ നയങ്ങൾ പ്രോത്സാഹിപ്പിക്കണമെന്ന് ലോക രാഷ്ട്രങ്ങളോട് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തു. ഈ വർഷത്തെ അന്താരാഷ്ട്ര കുടുംബ ദിനത്തെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ന് നാം അഭിമുഖീകരിക്കുന്ന ജനസംഖ്യയുടെ കുറവ് എന്ന യാഥാർത്ഥ്യത്തിനുള്ള മറുമരുന്ന് കുടുംബങ്ങൾ വിപുലീകരിക്കുകയെന്നത് മാത്രമാണെന്ന് മാർപാപ്പ പറഞ്ഞു.



എല്ലാ രാജ്യങ്ങളിലെയും സാമൂഹികവും സാമ്പത്തികവും സാംസ്ക്കാരികവുമായ നയങ്ങൾ കുടുംബജീവിതത്തോടുള്ള സൗഹൃദത്തോടും സ്വീകാര്യതയോടും കൂടെ പ്രോത്സാഹിപ്പിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

ഇന്ന് പലരും കുട്ടികളെ ലോകത്തിലേക്ക് കൊണ്ടുവരുന്നത് കുടുംബങ്ങൾ നടത്തുന്ന ഒരു സംരഭം ആയിട്ടാണ് കാണുന്നത്. നിർഭാഗ്യവച്ചാൽ നിരാശയിലും ഭക്തിയിലും അല്ലെങ്കിൽ അനിശ്ചിതത്വത്തിൽ വളരുന്ന യുവതലമുറയുടെ മാനസീകവസ്ഥയെ ഈ മനോഭാവം അസ്വസ്ഥമാക്കുന്നുവെന്ന് മാർപാപ്പ മുന്നറിയിപ്പ് നൽകി.

## 'ജനനനിരക്ക് പ്രത്യാശ അളക്കാനുള്ള സൂചിക'

കുട്ടികളുടെ ജനനം ജനങ്ങളുടെ പ്രത്യാശ അളക്കാനുള്ള പ്രധാന സൂചികയാണെന്ന് ഫ്രാൻസിസ് മാർപാപ്പ പ്രസ്താവിച്ചു. കുറച്ച് ജനനമേ ഉള്ളൂവെങ്കിൽ അവിടെ കുറച്ച് പ്രതീക്ഷയേ ഉള്ളൂ എന്നാണ് അർത്ഥമെന്ന് പാപ്പ ചൂണ്ടിക്കാട്ടി. സമൂഹങ്ങളുടെയും രാജ്യങ്ങളുടെയും ഭാവി ശോഭനമാക്കാൻ മാതാപിതാക്കൾ കൂടുതൽ കുട്ടികൾക്ക് ജന്മമേകുന്ന സാഹചര്യം സംജാതമാകേണ്ടത് അനിവാര്യമാണെന്ന് പാപ്പചൂണ്ടിക്കാട്ടി. ഇറ്റാലിയൻ സർക്കാരിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു മാർപാപ്പ.

ഇറ്റലിയിലെ ജനനനിരക്ക് ഏറ്റവും താഴ്ന്ന നിലയിലെത്തിയ വർഷമായിരുന്നു 2022 ആ വർഷത്തെ ജനനനിരക്ക് 3,93,000 മാത്രമായിരുന്നു. എന്നാൽ മരണനിരക്ക് 7 ലക്ഷമായിരുന്നു. ഇതെല്ലാം വെല്ലുനിളികളായിരുന്നു എന്നു പറഞ്ഞ പാപ്പ കുടുംബത്തിന്റെ അവകാശങ്ങൾ സൂചിപ്പിക്കാതെ വ്യക്തിഗത അവകാശങ്ങൾക്കും സ്വതന്ത്ര്യത്തിനും മുൻഗണന കൊടുക്കുമ്പോൾ ചില വീടുകളിൽ വളർത്തുമൃഗങ്ങൾ കുട്ടികൾക്ക് പകരമാകുന്നതിനെക്കുറിച്ചും ഉത്കണ്ഠ പ്രകടിപ്പിച്ചു.

കുടുംബം എന്നത് പ്രശ്നത്തിന്റെ ഭാഗമല്ലെന്നും മറിച്ച പ്രശ്ന പരിഹാരത്തിന്റെ ഭാഗമാണെന്നുമുള്ള ബോധ്യത്തോടെ കൂട്ടായ പരിശ്രമത്തിലേക്കും പദ്ധതികളിലേക്കും തിരിയേണ്ടത് അനിവാര്യമാണ്.

## നൈജീരിയയിൽ കൊല്ലപ്പെട്ടത് അരലക്ഷത്തിലേറെ ക്രൈസ്തവർ



● ക്രിസ്തീയ വിശ്വാസം പിന്തുടർന്നതുകൊണ്ടുമാത്രം കഴിഞ്ഞ 14 വർഷത്തിനിടെ നൈജീരിയയിൽ അരുംകൊല ചെയ്യപ്പെട്ടത് അരലക്ഷം ക്രൈസ്തവർ. കിഴക്കൻ നൈജീരിയ ആസ്ഥാനമായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടന പ്രസിദ്ധീകരിച്ച റിപ്പോർട്ടിലാണ് നടുക്കുന്ന ഈ കണക്കുകളുള്ളത്.

മുഹമ്മദ് ബുഹാരി നൈജീരിയൻ പ്രസിഡന്റായി അധികാരമേറ്റ 2015 മുതലാണ് ഏറ്റവുമധികം ക്രൈസ്തവർ കൊല്ലപ്പെട്ടത്. 2023ൽ ആദ്യ 100 ദിവസങ്ങൾക്കുള്ളിൽ 1041 ക്രൈസ്തവരാണ് അരുകൊലയ്ക്ക് ഇരയായി തീർന്നത്. എഴുന്നൂറോളം പേർ ബന്ദികളാക്കപ്പെട്ടു. 18000 കത്തോലിക്കാ ദൈവാലയങ്ങളും 2200 ക്രിസ്ത്യൻ സ്കൂളുകളും ഈ കാലയളവിൽ നശിപ്പിച്ചു.

വർഷങ്ങൾ നീണ്ട അക്രമണങ്ങളെ തുടർന്ന് ക്രൈസ്തവർ അവരുടെ വീടുകളിൽ നിന്ന് പാലായനം ചെയ്തു. 14 ദശലക്ഷത്തോളം പേരാണ് വേരോടെ പിഴുതെറിയപ്പെട്ടത്. 8 ദശലക്ഷത്തിലധികം പേർ തങ്ങളുടെ വീടുകൾ വിട്ടുപോകാൻ നിർബന്ധിതരാകുകയും ചെയ്തു.

തയ്യാറാക്കിയത്:
**ഫാ.ജോസഫ് കളത്തിൽ**



# വിരമിച്ച മെത്രാന്മാരുടെ വോട്ടവകാശം



## ചോദ്യം ഉത്തരം

റവ. ഡോ. എബ്രഹാം കാവിൽപുരയിടത്തിൽ

**സിനഡിൽ പങ്കെടുക്കുന്ന എല്ലാ വിരമിച്ച മെത്രാന്മാർക്കും സിനഡു വോട്ടുചെയ്തു തീരുമാനിക്കുന്ന എല്ലാക്കാര്യങ്ങളിലും തുല്യ അവകാശത്തോടെ വോട്ടു ചെയ്യാൻ അവസരം ഉണ്ടായിരുന്നു.**

? അടുത്തകാലത്തു ഫ്രാൻസിസ് മാർപാപ്പ പൗരസ്ത്യസഭകളിലെ റിട്ടയർ ചെയ്ത മെത്രാന്മാരുടെ വോട്ടവകാശത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയെന്നു വായിച്ചു. ഇക്കാര്യം ഒന്നു വിശദീകരിക്കാമോ?

● ജോസഫ് പന്നിവിഴ, തൃശൂർ

കത്തോലിക്കാസഭ ലത്തീൻസഭയുടെയും പൗരസ്ത്യസഭകളുടെയും കൂട്ടായ്മയാണ് എന്ന അടിസ്ഥാന നിർവചനം ഈ വിഷയം കൈകാര്യംചെയ്യുന്നതിന് ആമുഖമായി പറയുന്നതു പ്രസക്തമാണ്. പരിശുദ്ധ മാർപാപ്പ സാർവത്രികസഭയുടെ ഉന്നതനായഭരണാധികാരിആയിരിക്കുമ്പോഴും പൗരസ്ത്യസഭകൾക്കു സ്വയംഭരണത്തിനുള്ള സംവിധാനങ്ങൾ മാർപാപ്പ നടപ്പിലാക്കിയ സഭാനിയമത്തിൽ നല്കപ്പെട്ടിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ഒന്നാണു മെത്രാന്മാരുടെ സിനഡ് അഥവാ സൂനഹദോസ്. പൗരസ്ത്യസഭകളിലെ മെത്രാൻ സിനഡിനെ സാർവത്രികസഭയിലെ മെത്രാൻ സിനഡിൽനിന്നു വ്യത്യസ്തമായാണ് മനസിലാക്കേണ്ടത്. സാർവത്രികസഭയുടെ മെത്രാൻ സിനഡിൽ (CCEO c. 46 1; CIC cc. 342-348) പൗരസ്ത്യസഭകളിലെ മെത്രാന്മാരുടെ പ്രതിനിധികളും അംഗങ്ങളാണ്. 2023 ഒക്ടോബർ മാസത്തിൽ റോമിൽ നടക്കുന്നത് സാർവത്രികസഭയുടെ മെത്രാൻ സിനഡിന്റെ സമ്മേളനമാണ്.

### മെത്രാൻ സിനഡ്

സഭാതലത്തിൽ സിനഡു മെത്രാന്മാരുടെ അസംബ്ലിയെ സൂചിപ്പിക്കുന്നു. പൗരസ്ത്യസഭകളുടെ ഭരണനിർവഹണത്തിൽ നിർണായകമായ ദൗത്യം നിർവഹിക്കുന്ന സംവിധാനമാണ് മെത്രാൻമാരുടെ സിനഡ്. പൗരസ്ത്യസഭകളിൽ പാത്രിയാർക്കൽ, മേജർ ആർക്കിഎപ്പിസ്കോപ്പൽ എന്നീ പദവികളിലുള്ള സഭകളിലാണു മെത്രാന്മാരുടെ സിനഡ് ഉള്ളത്. സീറോമലബാർ, സീറോമലങ്കരസഭകളിലെ മെത്രാൻ സിനഡുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചു നമുക്കു കൂടുതൽ പരിചയമുണ്ടാകും. പൗരസ്ത്യകാനൻനിയമത്തിലെ 102 മുതൽ 113 വരെയുള്ള കാനോനകളാണ് മെത്രാൻ സിനഡിനെക്കുറിച്ചു പ്രതിപാദിക്കുന്നത്. ഈ പൊതുനിയമത്തിനു പുറമേ ഓരോ സഭയുടെയും പ്രത്യേക നിയമങ്ങളുടെയും പ്രത്യേക നിയമാവലിയുടെയും അടിസ്ഥാനത്തിലാണ് മെത്രാൻ സിനഡു പ്രവർത്തിക്കുന്നത്.



### സിനഡിലെ അംഗങ്ങൾ

ഒരു മെത്രാൻ സിനഡിലെ അംഗങ്ങൾ ആ സഭയിലെ എല്ലാ മെത്രാന്മാരുമാണ്. മെത്രാന്മാർ മാത്രമേ സിനഡിൽ അംഗങ്ങളാകുകയുള്ളൂ. കാനോനികമായ ശിക്ഷ ലഭിച്ച മെത്രാന്മാർക്കു സിനഡിൽ പങ്കെടുക്കാൻ സാധിക്കില്ല എന്നതു നിയമം വ്യക്തമാക്കുന്നു. രൂപതാഭരണത്തിലുള്ളവരും സഹായമെത്രാന്മാരും വിരമിച്ച മെത്രാന്മാരുമെല്ലാം സിനഡിലെ അംഗങ്ങളാണ്.

### മെത്രാന്മാരുടെ വോട്ടവകാശം

സിനഡിൽ അംഗങ്ങളായ എല്ലാ മെത്രാന്മാർക്കും തുല്യ വോട്ടവകാശമാണോ ഉള്ളതെന്ന ചോദ്യം പ്രസക്തമാണ്. ഒരു സഭയുടെ അതിർത്തിയിൽ (proper territory) ഉള്ള രൂപതകളിലെ മെത്രാൻമാരുടെയും അതിർത്തിക്കു പുറത്തുള്ള മെത്രാന്മാരുടെയും വോട്ടവകാശത്തിൽ വ്യത്യാസമുണ്ട്. സഭയുടെ അതിർത്തിക്കു പുറത്തുള്ള മെത്രാന്മാരുടെ വോട്ടവകാശം ചില കാര്യങ്ങളിൽ പ്രത്യേകനിയമംവഴി പരിമിതപ്പെടുത്താമെന്നു പൊതുനിയമം പറയുന്നു. അതുപോലെ പിന്തുടർച്ചാവകാശമുള്ള മെത്രാന്മാർ, സഹായ മെത്രാന്മാർ, കൂരിയ മെത്രാന്മാർ, വിരമിച്ചമെത്രാന്മാർ എന്നിവരുടെ വോട്ടവകാശവും പരിമിതപ്പെടുത്താൻ പ്രത്യേകനിയമത്തിനു സാധിക്കുമെന്നു പൊതുനിയമം പറയുന്നു. അതിന്റെ കാരണം നിർണായകമായ തീരുമാനങ്ങൾ എടുക്കുന്നതിന്റെ ഉത്തരവാദിത്വം രൂപത ഭരിക്കുന്ന മെത്രാന്മാർക്ക് ആയിരിക്കണം എന്നതുകൊണ്ടാണ്. സീറോമലബാർസഭയുടെ പ്രത്യേക നിയമമനുസരിച്ചു സഭയിലെ എല്ലാ മെത്രാന്മാരും സഹായ മെത്രന്മാർ, കൂരിയാ മെത്രാന്മാർ, വിരമിച്ച മെത്രാന്മാർ നിർണായക വോട്ടവകാശത്തോടുകൂടിയ സിനഡ് അംഗങ്ങളാണ് (Statutes of the Synod of Bishops of the Syro-Malabar Church, Art. 3:1). സീറോമലങ്കരസഭയുടെ പ്രത്യേകനിയമവും ഇതേ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത് (Statutes of the Holy Episcopal Synod, Art. 3).

### മാർപാപ്പ വരുത്തിയ മാറ്റം

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2023 ഏപ്രിൽ പതിനേഴാം തീയതി പുറത്തിറക്കിയ Iam Pridem (for a long time) എന്ന അപ്പസ്തോലിക ലേഖനത്തിലാണ് ചോദ്യകർത്താവിന്റെ സംശയത്തിന് ആധാരമായ മാറ്റങ്ങൾ വരുത്തിയിരിക്കുന്നത്. അപ്പോസ്തോലിക ലേഖനത്തിന്റെ ആമുഖത്തിൽ പരിശുദ്ധ പിതാവ് ഇത്തരമൊരു മാറ്റം ആവശ്യമായി വന്നതിന്റെ പശ്ചാത്തലം സൂചിപ്പിക്കുന്നുണ്ട്. പൗരസ്ത്യസഭകളിലെ സൂനഹദോസുകളിൽ നടക്കുന്ന പാത്രിയാർക്കീസിന്റെ/മേജർ ആർച്ചുബിഷപ്പിന്റെയും മെത്രാന്മാരുടെയും തെരഞ്ഞെടുപ്പിൽ വോട്ടവകാശം വിനിയോഗിക്കുന്ന വിരമിച്ച മെത്രാന്മാരുടെ എണ്ണത്തെക്കുറിച്ചും അതുമൂലമുള്ള ബുദ്ധിമുട്ടുകളെക്കുറിച്ചുംചില പൗരസ്ത്യസഭകൾപൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിൽ അറിയിച്ചിരുന്നു. വിരമിച്ച മെത്രാന്മാരുടെ വോട്ടവകാശത്തിനു പ്രായപരിധി നിശ്ചയിക്കണമെന്ന അഭ്യർത്ഥന കണക്കിലെടുത്താണു പൗരസ്ത്യകാനൻനിയമത്തിലെ ഏതാനും കാനോനകൾ ഫ്രാൻസിസ് മാർപാപ്പ ഭേദഗതി ചെയ്തിരിക്കുന്നത്.

പ്രധാനമായും 102 ാം നമ്പർ കാനോനയിൽ മൂന്നാമതായി ഒരു ഖണ്ഡിക കൂട്ടിച്ചേർത്തു എന്നതാണ് പ്രധാനമാറ്റം. അതു നിലവിലുള്ള നിയമത്തെ ഭേദഗതി ചെയ്യുന്നതാണ്. പുതിയ നിയമം ഇപ്രകാരമാണ്. 1. വിരമിച്ച മെത്രാന്മാർക്ക് 80 വയസ്സ് പൂർത്തിയാകുന്നതോടെ സിനഡിൽ വോട്ടവകാശം നഷ്ടപ്പെടുന്നു. 2. ഭരണനിർഹണത്തിലുള്ള പാത്രിയാർക്കീസിനും/മേജർ ആർച്ചുബിഷപ്പിനും രൂപതാമെത്രാനും, അവർ 80 വയസ്സ് കഴിഞ്ഞവർ ആണെങ്കിലും, വോട്ടവകാശം ഉണ്ടായിരിക്കും. 3. പാത്രിയർക്കീസിന്റെ/മേജർ ആർച്ചുബിഷപ്പിന്റെയും മെത്രാന്മാരുടെയും സഭയുടെ അതിർത്തിക്കു പുറത്തുള്ള രൂപതകളിൽ മെത്രാന്മാരായി നിയമിക്കപ്പെടാനുള്ള അർഥികളുടെയും തെരഞ്ഞെടുപ്പു ഉൾപ്പെടെ സിനഡിൽ വോട്ടുചെയ്തു തീരുമാനിക്കേണ്ട എല്ലാ കാര്യങ്ങളിലും 80 വയസ്സ് കഴിഞ്ഞവർക്കു വോട്ടവകാശം നഷ്ടപ്പെടുന്നതാണ്.

ചുരുക്കത്തിൽ, നാളിതുവരെ സിനഡിൽ പങ്കെടുക്കുന്ന എല്ലാ വിരമിച്ച മെത്രാന്മാർക്കും സിനഡു വോട്ടുചെയ്തു തീരുമാനിക്കുന്ന എല്ലാക്കാര്യങ്ങളിലും തുല്യ അവകാശത്തോടെ വോട്ടു ചെയ്യാൻ അവസരം ഉണ്ടായിരുന്നു. എന്നാൽ ഇനി വിരമിച്ചതിനു ശേഷം (75 വയസ്സിൽ വിരമിക്കുന്നു) അഞ്ചുവർഷം കൂടിയേ ഒരു മെത്രാനു സിനഡിൽ വോട്ടവകാശം ഉണ്ടായിരിക്കുകയുള്ളൂ.

### സിനഡിൽ പങ്കെടുക്കുന്നതിനു പ്രായപരിധി ഇല്ല

ഈ സാഹചര്യത്തിൽ ഉയർന്നുവരാവുന്ന ഒരു സംശയത്തിനുകൂടി വിശദീകരണം നൽകി അവസാനിപ്പിക്കാം. 80 വയസ്സ് കഴിഞ്ഞാൽ സിനഡിൽ പങ്കെടുക്കുന്നതിൽനിന്നു പുതിയനിയമം വിരമിച്ച മെത്രാന്മാരെ വിലക്കുന്നുണ്ടോ? ഇല്ല എന്നതാണ് ഉത്തരം. സിനഡിൽ പങ്കെടുക്കാൻ ആരോഗ്യവും ആഗ്രഹവും ഉള്ളിടത്തോളംകാലം വിരമിച്ച മെത്രാന്മാർക്ക് അതിനുള്ള അവസരമുണ്ട്. രൂപതാഭരണമോ മറ്റു ഉത്തരവാദിത്വങ്ങളോ വഹിക്കുന്ന മെത്രാന്മാർക്കു സിനഡിൽ നിർബന്ധമായും പങ്കെടുക്കാൻ ഉത്തരവാദിത്വമുള്ളപ്പോൾ വിരമിച്ച മെത്രാന്മാർക്ക് അവരുടെ ഇഷ്ടമനുസരിച്ചു സിനഡിൽ പങ്കെടുക്കാവുന്നതാണ്.


ഉപകാരസ്മരണ



ജോസ് മണ്ണാനിക്കാട്ട്, താമരശ്ശേരി

ഉപകാരസ്മരണ



അനുപമ കല്ലട, പുല്ലൂരാംപാറ

ഉപകാരസ്മരണ



ഒരു വിശ്വാസി – തേഞ്ഞിപ്പലം

ഉപകാരസ്മരണ



ഒരു വിശ്വാസി – സൗദി അറേബ്യ

# മതവും രാഷ്ട്രീയവും

**മതമൗലികവാദവും വർഗ്ഗീയതയും ഭീകരവാദവും തെറ്റാണെന്നു സഭ ഉറച്ചുവിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. യഥാർത്ഥ മതവിശ്വാസികൾക്കു വർഗീയതയും ഭീകരപ്രവർത്തനവും നിഷിദ്ധമാണ്. രാഷ്ട്രീയ നേതാക്കൻമാർ താത്കാലിക നേട്ടങ്ങൾക്കുവേണ്ടി മതത്തെ ദുരുപയോഗിക്കുന്നതിന്റെ ഫലമാണ് വർഗ്ഗീയതയും ഭീകരവാദവും.**



## ചിന്തയും ചർച്ചയും

ഫാ. മാത്യു ചന്ദ്രൻകുന്നേൽ



മതവും രാഷ്ട്രീയവും മനുഷ്യനെ സ്വാധീനിക്കുന്ന രണ്ടു പ്രധാനപ്പെട്ട സംവിധാനങ്ങളാണ്. മതത്തിനും രാഷ്ട്രീയത്തിനും വ്യത്യസ്തങ്ങളായ ധർമ്മങ്ങളുണ്ട്. എങ്കിലും അവ രണ്ടും മനുഷ്യനന്മ ലക്ഷ്യം വയ്ക്കുന്നു. മതത്തിന് മാനവചരിത്രത്തോളം പഴക്കമുണ്ട്. ലോകചരിത്രം മതത്തിന്റെ ചരിത്രം കൂടിയാണ്. മനുഷ്യന്റെ എല്ലാ ജീവിതപ്രശ്നങ്ങൾക്കും മതം ഉത്തരം നിർദ്ദേശിക്കുന്നു. ജനനം മുതൽ മരണം വരെയും മരണശേഷവും മതം മനുഷ്യനെ സ്വാധീനിക്കുന്നു. മനുഷ്യന്റെ അനുദിനജീവിതപ്രശ്നങ്ങൾ തന്നെയാണ് മതത്തിന്റെ പ്രധാന വിഷയം.

### മതം രാഷ്ട്രീയത്തെ മാനിക്കുന്നു

മതം മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇടപെടുന്നുവെങ്കിലും വലിയൊരു ജനസമൂഹമെന്നനിലയിൽ ശക്തമായ ഒരു ഭരണക്രമം ആവശ്യമാണ്. ഭൗതിക അധികാരമുള്ള ഒരു ഭരണക്രമം കൂടിയേ തീരു. അത്തരത്തിലുള്ള ഭരണസംവിധാനമാണ് സർക്കാർ. നിയമം നിർമ്മിക്കാനും നിയമം ലംഘിക്കുന്നവരെ ശിക്ഷിക്കാനും അധികാരമുള്ള സംവിധാനമാണ് ഭരണകൂടം. ജനഹിതം നടപ്പിലാക്കാനാണ് ജനപ്രതിനിധികൾ ജനവിധി തേടുന്നത്. ഭരണം നന്നായി നിർവ്വഹിക്കുന്നതിന് ഭരിക്കുന്നവരെ സഹായിക്കുകയാണ് പ്രതിപക്ഷധർമ്മം.

ജനാധിപത്യമെന്ന തലക്കെട്ട് യഥാർത്ഥത്തിൽ വ്യാജമാണ്. ജനത്തിന് യാതൊരു ആധിപത്യവും ഇന്നത്തെ ഭരണക്രമത്തിലില്ല. വെറുമൊരലങ്കാരമോ ആർഭാടമോ ആയി ജനാധിപത്യമെന്ന ശീർഷകം ഉപയോഗിക്കപ്പെടുന്നു. വോട്ടു ചെയ്യുന്നതുകൊണ്ടുമാത്രം ജനാധിപത്യമാകുന്നില്ല. ജനക്ഷേമം മറന്ന് ഭരിക്കുമ്പോൾ അഴിമതിയും അക്രമവും സ്വജനപക്ഷപാതവും ക്രമസമാധാന തകർച്ചയുമെല്ലാം സംഭവിക്കുന്നു. സമരം ഒഴിയാബാധയായി ഭരണത്തിന്റെ ഭാഗമായിത്തീരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ മാധ്യമങ്ങളും മതസാംസ്കാരിക നേതൃത്വവും രംഗപ്രവേശം ചെയ്യാൻ നിർബന്ധിതമാകുന്നു. ഭരണഘടനയ്ക്കും ജനാധിപത്യത്തിനും പരക്കെ അംഗീകരിക്കപ്പെട്ട പൊതുതത്ത്വസംഹിതകൾക്കുമൊക്കെ എതിരെ സർക്കാർനീക്കങ്ങളുണ്ടാകുമ്പോൾ മൂല്യങ്ങളുടെ കാവൽക്കാരായ മതസ്ഥാപനങ്ങൾക്ക് ഇടപെടാതിരിക്കാൻ കഴിയാതെ വരുന്നു.

### മതവും മതേതരത്വവും

ഭാരതം മതങ്ങളുടെ രാജ്യമാണ്. അതേ സമയം മതേതര മൂല്യങ്ങളെ മാനിക്കുന്ന നാടുമാണ്. ഇന്ത്യൻ രാഷ്ട്രഘടനയുടെ ജീവാംശമാണ് മതം. മതത്തെ മാറ്റിനിർത്തി ഇന്ത്യയെക്കുറിച്ചു ചിന്തിക്കാനാവുകയില്ല. ഓരോരുത്തരും അവരവരുടെ മതങ്ങളുടെ മഹത്വം ഉയർത്തിക്കാട്ടുന്നതിനിടയിൽ മറ്റു മതങ്ങൾ അവഗണിക്കപ്പെടാനുള്ള സാദ്ധ്യതയെ മുന്നിൽക്കണ്ട് ഭരണഘടനാശില്പികൾ മതേതരത്വം ഭരണഘടനയുടെ ഭാഗമാക്കി. എന്നാൽ കാലാന്തരത്തിൽ മതേതരത്വത്തെ ദുർവ്യാഖ്യാനം ചെയ്ത് മതത്തെ രാഷ്ട്രത്തിന്റെ മുഖ്യധാരയിൽനിന്ന് മാറ്റി നിർത്താനുള്ള സംഘടിതമായ ശ്രമങ്ങൾ നടക്കുന്നുണ്ട്. അത് ജനാധിപത്യ മതേതര സങ്കൽപത്തിന് എതിരാണ്.

മതേതരത്വത്തെക്കുറിച്ച് രണ്ട് ചിന്താധാരകൾ പ്രബലമാണ്. ഒന്ന് നെഹ്റുവിന്റെ കാഴ്ചപ്പാട്. രണ്ടാമത്തേത്, ഗാന്ധിജിയുടെ വീക്ഷണമാണ്. നെഹ്റു പ്രതിനിധാനം ചെയ്തത് മതവും രാഷ്ട്രീയവും തമ്മിൽ ബന്ധമില്ല; രണ്ടും രണ്ടുവഴിക്ക് എന്ന ചിന്തയാണ്. മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും സ്വാതന്ത്ര്യത്തെ മാനിക്കുന്ന ഒരു സമീപനമാണിത്. രാഷ്ട്രവികസനത്തിനും ജനക്ഷേമത്തിനുംവേണ്ടി മതവും രാഷ്ട്രീയവും കൈകോർക്കണമെന്ന നിലപാടായിരുന്നു ഗാന്ധിജിക്ക്. പൂവിനു സുഗന്ധം പോലെയാണ് രാഷ്ട്രീയത്തിനു മതം. മനുഷ്യ നന്മ ലക്ഷ്യം വയ്ക്കുന്ന മതവും രാഷ്ട്രീയവും ഒന്നിച്ചൊഴുകേണ്ട പുഴയാണ്.

### മതേതരത്വം മതസ്വാതന്ത്ര്യമാണ്

ഭരണഘടനയുടെ 25-ാം ഖണ്ഡിക മതസ്വാതന്ത്ര്യത്തെ ഉദ്ദീപിപ്പിക്കുന്നതാണ്. ഓരോരുത്തർക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും (to profess) മതം ജീവിക്കാനും (to practice) മതം പ്രചരിപ്പിക്കാനും (to propagate) ഭരണഘടന നിയമപരിരക്ഷ നൽകുന്നു. ഭരണഘടന മതത്തെ അംഗീകരിക്കുക മാത്രമല്ല, മതത്തിൻറെ സംഭാവനകളെ മാനിക്കുകയും ചെയ്യുന്നു. ഏതൊരു ഭരണഘടനയ്ക്കും അങ്ങനെയായിരിക്കാനേ സാധിക്കുകയുള്ളു. കാരണം മതം മനുഷ്യനിൽ സമൂലമായ ഒരു വികാരവും അനുഭവവും പരമസത്യവുമാണ്. മനുഷ്യനിലെ ഈ ആന്തരികാനുഭവത്തിന് സാക്ഷാത്കാരം നൽകാത്ത ഒരു നിയമത്തിനും പ്രസക്തിയില്ല. നിയമങ്ങൾ മനുഷ്യ സ്വാതന്ത്ര്യത്തിന് എതിരാകാൻ പാടില്ല. നിയമത്തിന്റെ ലക്ഷ്യം തന്നെ സമൂഹത്തിന്റെ പൊതുനന്മയത്രേ.

മതേതരത്വത്തിൽ മതവിരോധമോ മതനിരാസമോ ഇല്ല. മതേതരത്വം മതത്തെ മാനിക്കലാണ്. മതങ്ങളോട് ബഹുമാനവും സഹിഷ്ണുതയും പുലർത്തുന്നതാണ് മതേതരത്വം. സ്വന്തം വിശ്വാസത്തിന്റെ വില മറ്റുള്ളവരുടെ വിശ്വാസങ്ങൾക്കും നൽകുന്നിടത്ത് മതേതരചിന്തയുണ്ട്. മതേതരത്വം വിഭാവനം ചെയ്യുന്നത് മതമൈത്രിയാണ്. ഭരണാധികാരികൾ മതത്തിന്റെ പേരിൽ വിവേചനം നടത്താൻ പാടില്ല. മതം നോക്കി നീതി നിർവ്വഹിക്കുന്നത് അനുവദനീയമല്ല. മതത്തിന്റെ പേരിൽ ആനുകൂല്യം സമ്പാദിക്കാനോ അവകാശങ്ങൾ നഷ്ടപ്പെടുത്താനോ പാടില്ല. രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് മതത്തെ ഉപയോഗിക്കുന്നത് മതേതരത്വം അംഗീകരിക്കുന്നില്ല.

### മതത്തെ ഭയപ്പെടുന്നു

ചില രാഷ്ട്രീയ പാർട്ടികൾ മതത്തെ ഭയപ്പെടുന്നു. അവർ മതത്തെ വലിയ അധികാരകേന്ദ്രമായി കാണുന്നു. സംഘടിത മതങ്ങൾക്കാണ് ശക്തിയെന്ന് അവർക്കറിയാം. സംഘടിത സ്വഭാവം മതത്തിനു കെട്ടുറപ്പും സ്ഥിരതയും നൽകുന്നു. ജനശക്തിയും വിഭവസമൃദ്ധിയും അത്തരം മതങ്ങൾക്കുണ്ട്. ഈ കാലഘട്ടത്തിൽ രാഷ്ട്രീയപാർട്ടികൾ മതങ്ങളെ ആക്രമിച്ചു കീഴ്പ്പെടുത്താൻ ശ്രമിക്കുകയാണ്. രണ്ടു തരത്തിലുള്ള ആക്രമണങ്ങളാണ് മതത്തിനു നേരെയുണ്ടാകുന്നത്. ഒന്നാമത്തേത് കായികമായ ആക്രമണമാണ്. ആരാധനാലയങ്ങളും അനുബന്ധസ്ഥാപനങ്ങളും നശിപ്പിക്കുക, മതനേതാക്കൻമാരെ പീഡിപ്പിക്കുക, വിശ്വാസികളെ ആക്രമിക്കുക തുടങ്ങിയ രീതികൾ ചരിത്രത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. രണ്ടാമത്തേത് അപവാദപ്രചരണത്തിലൂടെ മതത്തിന്റെ പ്രതിഛായ തകർക്കുകയും മതാചാര്യൻമാരുടെ ആത്മവീര്യം നശിപ്പിക്കുകയും ചെയ്യുന്ന ആക്രമണശൈലിയാണ്. ഏകാധിപത്യ പ്രവണതയുള്ള രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾക്കു കത്തോലിക്കാസഭ പോലുള്ള ധാർമ്മിക സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം അസഹനീയമാണ്.

### സഭ രാഷ്ട്രീയത്തിൽ ഇടപെടുന്നില്ല

രാഷ്ട്രീയ പാർട്ടികളേക്കാൾ കെട്ടുറപ്പും ആൾബലവും കാര്യശേഷിയും വിശ്വാസ്യതയുമുള്ള സമൂഹമാണ് ക്രൈസ്തവ സഭ. എന്നിട്ടും സഭ രാഷ്ട്രീയത്തിൽ ഇടപെടാത്തത് സഭ ഒരു രാഷ്ട്രീയസമൂഹം അല്ലാത്തതുകൊണ്ടും സഭയ്ക്ക് രാഷ്ട്രീയ താൽപര്യങ്ങൾ ഇല്ലാത്തതുകൊണ്ടുമാണ്. രാഷ്ട്രീയത്തിന്റെ ശക്തി അധികാരമാണ്. സഭയുടെ ശക്തി കുടികൊള്ളുന്നത് സേവനത്തിലാണ്.

സഭയിൽ രാഷ്ട്രീയക്കാരുണ്ട്; പക്ഷെ സഭയ്ക്ക് രാഷ്ട്രീയമില്ല. സഭാവിശ്വാസികൾക്ക് രാഷ്ട്രീയത്തിൽ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യത്തെ സഭ മാനിക്കുന്നു. സഭ രാഷ്ട്രീയ നേതാക്കൻമാരെ വണങ്ങുകയോ ഭയപ്പെടുകയോ ചെയ്യുന്നില്ല. എന്നാൽ അർഹിക്കുന്ന പ്രാധാന്യവും ബഹുമാനവും രാഷ്ട്രീയ നേതാക്കൻമാർക്കു സഭ നൽകുന്നു. ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിനുനേരെയും സഭ രാഷ്ട്രീയ നിലപാട് സ്വീകരിച്ചിട്ടില്ല എന്നതാണ് സത്യം. എന്നാൽ വിശ്വാസത്തിന്റെ നിലപാട് സഭ സ്വീകരിച്ചിട്ടുണ്ട്. വിശ്വാസികളെ നേർവഴിക്കു നയിക്കേണ്ടത് സഭയുടെ കടമയും അവകാശവുമാണ്. രാഷ്ട്രീയപ്രസ്ഥാനങ്ങൾ മതം, വിശ്വാസം, ധാർമ്മികത, സദാചാരം തുടങ്ങിയ സമൂഹത്തിന്റെ നിലനില്പിനുതന്നെ ആധാരമായ അടിത്തറമൂല്യങ്ങൾ നിരാകരിക്കുന്നിടത്ത് സഭയ്ക്ക് അഭിപ്രായം പ്രകടിപ്പിക്കാതിരിക്കാനാവുകയില്ല. അങ്ങനെ ചെയ്യുകവഴി സഭ തന്റെ ധാർമ്മിക ഉത്തരവാദിത്വം നിർവ്വഹിക്കുക മാത്രമാണ് ചെയ്യുന്നത്.

### സഭ പള്ളിക്കുള്ളിൽ ഒതുങ്ങുന്നതല്ല

സഭയും പുരോഹിതൻമാരും പള്ളിക്കുള്ളിൽ ഒതുങ്ങിക്കൊള്ളണമെന്ന സമീപനം ശരിയല്ല. രാഷ്ട്രനിർമ്മാണപ്രവർത്തനങ്ങളിൽ സഭയുടെ പങ്കിനെ നിരാകരിക്കാൻ ആർക്കും സാധിക്കുകയില്ല. വികസനത്തിന്റെ കുത്തകാവകാശം രാഷ്ട്രീയക്കാർ പ്രഖ്യാപിക്കുന്നത് അഹന്തയും അല്പത്തവും ഒത്തുചേർന്ന മനസ്സുള്ളതുകൊണ്ടാണ്. നാടിന്റെ വികസനത്തിൽ സഭ വഹിച്ചിട്ടുള്ള പങ്ക് നിസ്തുലമാണ്. രാഷ്ട്രീയവും രാഷ്ട്രീയക്കാരും ഇല്ലാതിരുന്ന കാലത്ത് വഴിവെട്ടിയതും പള്ളിക്കൂടങ്ങൾ സ്ഥാപിച്ചതും പൊതുസ്ഥാപനങ്ങൾക്കുവേണ്ടി മുൻകൈയെടുത്തു പ്രവർത്തിച്ചതുമെല്ലാം മതസമുദായ നേതാക്കൻമാരാണ്. സർക്കാർ സ്ഥാപനങ്ങളേക്കാൾ കൂടുതൽ സമുദായങ്ങളുടെയും സ്വകാര്യവ്യക്തികളുടെയും സ്ഥാപനങ്ങളും സംവിധാനങ്ങളുമാണ്. അതുകൊണ്ട് മതസമുദായങ്ങളെ മാറ്റിനിർത്തിക്കൊണ്ടുള്ള അവകാശവാദങ്ങൾ നിലനിൽക്കുകയില്ല.

മതമൗലികവാദവും വർഗീയതയും ഭീകരവാദവും തെറ്റാണെന്നു സഭ ഉറച്ചുവിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. യഥാർത്ഥ മതവിശ്വാസികൾക്കു വർഗീയതയും ഭീകരപ്രവർത്തനവും നിഷിദ്ധമാണ്. രാഷ്ട്രീയ നേതാക്കൻമാർ താത്കാലിക നേട്ടങ്ങൾക്കുവേണ്ടി മതത്തെ ദുരുപയോഗിക്കുന്നതിന്റെ ഫലമാണ് വർഗ്ഗീയതയും ഭീകരവാദവും.

### രാഷ്ട്രവിഷയങ്ങളിൽ താൽപര്യം

രാഷ്ട്രീയത്തിൽ താല്പര്യമില്ലെങ്കിലും രാഷ്ട്രവിഷയങ്ങളിൽ സഭ തല്പരയാണ്. ഭരണഘടനയെയും ഭരണസംവിധാനത്തെയും കോടതികളെയും സഭ വിലമതിക്കുന്നു. സഭയ്ക്ക് ഈശ്വരവിശ്വാസം പോലെ വിലപ്പെട്ടതാണ് ദേശസ്നേഹം. ദേശബോധവും രാജ്യസ്നേഹവും സഭാതനയരിൽ ഉറപ്പിക്കുവാൻ സഭ ശ്രദ്ധാലുവാണ്. രാജ്യത്തിന്റെ മുഖ്യധാരയിൽനിന്ന് സഭ ഒരു കാലത്തും മാറി സഞ്ചരിച്ചിട്ടില്ല. രാഷ്ട്രനിയമങ്ങൾ പാലിക്കുകയും കൃത്യമായി നികുതി അടയ്ക്കുകയും ചെയ്യുന്ന സമൂഹമാണ് സഭ.

### മതവും രാഷ്ട്രീയവും കൈകോർക്കണം

ശരീരത്തിൽ കൈയ്ക്കും കാലിനും പ്രാധാന്യമുണ്ടെങ്കിൽ രാഷ്ട്രഗാത്രത്തിൽ മതത്തിനും രാഷ്ട്രീയത്തിനും പ്രാധാന്യമുണ്ട്. അവ പരസ്പരവിരുദ്ധ യാഥാർത്ഥ്യങ്ങളല്ല; പരസ്പരപൂരക ഘടകങ്ങളാണ്. മതത്തെ കൂടാതെ രാഷ്ട്രത്തിനോ രാഷ്ട്രത്തെകൂടാതെ മതത്തിനോ നിലനിൽക്കാൻ കഴിഞ്ഞെന്നുവരാം. എന്നാൽ രണ്ടും ചേർന്നു നിൽക്കുന്നതാണ് ജനക്ഷേമത്തിനും രാഷ്ട്രവികസനത്തിനും സഹായകമാകുന്നത്. ഭൗതിക വികസനവും ധാർമ്മിക ജീവിതവും ഒത്തുപോകണം. രാഷ്ട്രീയമില്ലാത്ത മതം മൗലികവാദത്തിലേയ്ക്കും മതമില്ലാത്ത രാഷ്ട്രീയം ഏകാധിപത്യത്തിലേയ്ക്കും വഴുതിവീഴാൻ സാദ്ധ്യതയുണ്ട്. വഴിതെറ്റാതിരിക്കാനുള്ള മാർഗ്ഗം പരസ്പരം വഴികാട്ടുകയാണ്.

# കൂട്ടായ്മയുടെ പ്രഘോഷണമായി താമരശ്ശേരി രൂപതാ ദിനം

**കോടഞ്ചേരി:** കൂട്ടായ്മയുടെ ഉത്സവമായി താമരശ്ശേരി രൂപതയുടെ 37–ാം രൂപതാ ദിനം പ്രൗഢ ഗംഭീര ചടങ്ങുകളോടെ ആഘോഷിച്ചു. മാനന്തവാടി രൂപതയുടെ സഹായമെത്രാൻ മാർ അലക്സ് താരാമംഗലം ഉദ്ഘാടനം ചെയ്തു. രാവിലെ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പതാക ഉയർത്തിയതോടെ രൂപതാദിനാഘോഷങ്ങൾക്ക് തുടക്കമായി. തുടർന്ന് നടന്ന കൃതജ്ഞതാ ബലിയിൽ ബിഷപ്പുമാരായ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, മാർ ജോസഫ് കുന്നത്ത്, വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര എന്നിവർ മുഖ്യ കാർമികത്വം വഹിച്ചു.

നാലു വേദികളിലായി പ്രതിനിധി സമ്മേളനങ്ങൾ നടന്നു. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി നഗറിൽ നടന്ന വൈദികരുടെയും സന്യസ്തരുടെയും സമ്മേളനത്തിൽ കോഴിക്കോട് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ ക്ലാസെടുത്തു.

വിവിധ ഭക്തസംഘടനകളുടെ പ്രതിനിധി സമ്മേളനം സെന്റ് അൽഫോൻസ നഗറിൽ നടന്നു. വടവാതൂർ സെമിനാരിയി അധ്യാപകൻ ഫാ. ജോസഫ് കടുപ്പിൽ ക്ലാസ് എടുത്തു.

സഭയുടെ അടിസ്ഥാന ഘടകമായ കുടുംബത്തിൽ ദൈവ സ്നേഹത്തിന്റെ അന്തരീക്ഷം ഒരുക്കാൻ കഴിയണം. വിശ്വാസ കൈമാറ്റത്തിന്റെ മുഖ്യപങ്കും നടക്കുന്നത് കുടുംബങ്ങളിലാണ്. അതു മനസിലാക്കി വേണം മാതാപിതാക്കൾ കുടുംബത്തെ മുന്നോട്ടു നയിക്കാൻ. പ്രവർത്തികളിലേക്ക് കടക്കുമ്പോഴാണ് വിശ്വാസം സജീവമാകുന്നത്. അപ്പോൾ മാത്രമാണ് മൂല്യാധിഷ്ഠിത ജീവിതം സാധ്യമാകുന്നത്. പടുത്തുയർത്തുകയും പ്രതിരോധിക്കുകയുമാണ് വളരാനുള്ള വഴി. ദൈവികതയെയും കുടുംബത്തെയും മൂല്യങ്ങളെയും പടുത്തുയർത്താനും പ്രതിരോധം തീർക്കാനും നമുക്ക് സാധിക്കണം – ഫാ. ജോസഫ് കടുപ്പിൽ പറഞ്ഞു.

വിവിധ രംഗങ്ങളിൽ കഴിവ് തെളിയിച്ചവരെയും വിവാഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവരെയും ആദരിച്ചു.

മാർ മങ്കുഴിക്കരി നഗറിൽ നടന്ന യുവജന സംഘമത്തിൽ കെസിവൈഎം മുൻ സംസ്ഥാന പ്രസിഡന്റ് ഷിജോ ഇടയാലിൽ ക്ലാസെടുത്തു. രാഷ്ട്രീയബോധമുള്ള പുതുതലമുറ ഉയർന്നു വരണമെന്നും സർക്കാർ ജോലി നേടിയെടുക്കുന്നതിൽ യുവതീ യുവാക്കൾ വിമുഖത കാണിക്കരുതെന്നും ഷിജോ ഇടയാലിൽ പറഞ്ഞു.

ബിജു തോണക്കര മെമ്മോറിയൽ എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തു. മികച്ച പ്രവർത്തക സിമി ആന്റണി (കൂടത്തായി), മിച്ച പ്രവർത്തകൻ അരുൺ ജോഷി (മഞ്ഞക്കുന്ന്), എന്നിവരും മികച്ച യൂണിറ്റായി തെരഞ്ഞെടുക്കപ്പെട്ട പുല്ലൂരാംപാറയ്ക്കു വേണ്ടി യൂണിറ്റ് ഭാരവാഹികളും അവാർഡുകൾ ഏറ്റു വാങ്ങി. വിവിധ രംഗങ്ങളിൽ കഴിവു തെളിയിച്ചവരെ ആദരിച്ചു.

മാർ പോൾ ചിറ്റിലപ്പിള്ളി നഗറിൽ നടന്ന ചെറുപുഷ്പ മിഷൻ ലീഗ് പ്രതിനിധി സമ്മേളനത്തിൽ തോമസ് കല്ലറയ്ക്കൽ ക്ലാസെടുത്തു. സാങ്കേതിക വിദ്യയുടെ വളർച്ചയോടെ കുട്ടികളുടെ സ്വഭാവത്തിലും പെരുമാറ്റത്തിലുമുണ്ടായ മാറ്റങ്ങളെക്കുറിച്ചും മൊബൈൽ അഡിക്ഷന്റെ ചതിക്കുഴികളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. വീട്ടുകാര്യങ്ങളിൽ മാതാപിതാക്കളെ സഹായിക്കാൻ മക്കൾ തയ്യാറാകണമെന്നും കൈമോശം വന്ന നല്ല ശീലങ്ങളെ തിരികെ പിടിക്കണമെന്നും അദ്ദേഹം കുട്ടികളോട് ആവശ്യപ്പെട്ടു.

തുടർന്ന് നടന്ന പൊതുസമ്മേളനത്തിന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷത വഹിച്ചു. രൂപതാ ദിനം കൂട്ടായ്മയുടെ വലിയ അടയാളമാണ്. കൂട്ടായ്മയിൽ നിലനിൽക്കാൻ നമ്മെ സഹായിക്കുന്നതാണ് ഇത്തരം സമ്മേളനങ്ങൾ. പ്രതിസന്ധികളെ ഓർത്ത് ഭയപ്പെടേണ്ട. എല്ലാക്കാലവും പ്രതിസന്ധികൾ നമുക്കു ചുറ്റുമുണ്ടാകും. എന്നാൽ ഇസ്രായേലിനെ നയിച്ച ദൈവം എല്ലാ പ്രതിസന്ധികളിൽ നിന്നും നമ്മെ മുന്നോട്ടു നയിക്കും – അധ്യക്ഷ പ്രസംഗത്തിൽ ബിഷപ് പറഞ്ഞു.

ബിഷപ് മാർ അലക്സ് താരാമംഗലം സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതയേയും ഇടവകയേയും അജപാലകരെയും അജപാലന സംരംഭങ്ങളയും വിശ്വാസത്തെയും അടുത്തറിയാനുള്ള ക്ഷണമാണ് രൂപതാ ദിനം. ഈശോയെ അടുത്ത് അറിയുവാൻ രൂപതാദിനാഘോഷങ്ങളിലൂടെ സാധിക്കും. ഈശോയെന്ന വിസ്മയത്തിൽ ലയിച്ചു കഴിയുമ്പോൾ മാത്രമാണ് ക്രൈസ്തവൻ ഉത്തമ മനുഷ്യരായി രൂപാന്തരപ്പെടുകയുള്ളൂ. പ്രാർത്ഥന നമ്മുടെ ജീവിത മന്ത്രമാകണം– അദ്ദേഹം പറഞ്ഞു.

മാർ ജേക്കബ് തൂങ്കുഴി, രൂപതാ വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര, സിസ്റ്റർ ഡെൽസി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബെന്നി ലൂക്കോസ് എന്നിവർ പ്രസംഗിച്ചു.

മെത്രാഭിഷേകത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബിഷപ് മാർ ജേക്കബ് തൂങ്കുഴി, ബിഷപ് മാർ അലക്സ് താരാമംഗലം, ഡോ. വർഗീസ് ചക്കാലയ്ക്കൽ, മാർ ജോസഫ് കുന്നത്ത്, എന്നിവരെയും രാഷ്ട്രദീപിക ലിമിറ്റഡിന്റെ എംഡിയായി നിയമിതനായ ഫാ. ബെന്നി മുണ്ടനാട്ടിനെയും ചടങ്ങിൽ ആദരിച്ചു.

താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയുടെ ലോഗോ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രകാശനം ചെയ്തു. പദ്ധതി അവതരണവും നടന്നു. രൂപതാ പ്രൊക്യുറേറ്റർ ഫാ. കുര്യാക്കോസ് മുഖാല, കോടഞ്ചേരി ഫൊറോന വികാരി ഫാ. കുര്യാക്കോസ് ഐക്കൊളമ്പിൽ എന്നിവർ നേതൃത്വം നൽകി.



താമരശ്ശേരി രൂപതയുടെ 37–ാം രൂപതാ ദിനം മാനന്തവാടി രൂപതാ സഹായമെത്രാൻ മാർ. അലക്സ് താരാമംഗലം ദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്യുന്നു.

## റൂബി ജൂബിലി കർമ്മ പദ്ധതികൾ

റൂബി ജൂബിലി ലോഗോ

താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയോട് അനുബന്ധിച്ച് 32 പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ വർഷം 9 പദ്ധതികൾ പൂർത്തിയാക്കും.

**ഈ വർഷത്തെ പദ്ധതികൾ:**

- ഈ വർഷം രൂപതാ അസംബ്ലി സംഘടിപ്പിക്കും. അതിനു മുന്നോടിയായി ഫൊറോന, ഇടവക, കുടുംബക്കൂട്ടായ്മ അസംബ്ലികൾ സംഘടിപ്പിക്കും.
- പുരോഹിതരുടെയും സന്യസ്തരുടെയും ജീവിതത്തിലെ ക്രിയാത്മകവും ആത്മീയവുമായ വളർച്ചയെ ലക്ഷ്യമാക്കി ഇടവകാ തലത്തിലും ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സന്യാസ സഭകളിലും വൈദിക സന്യസ്ത അസംബ്ലി സംഘടിപ്പിക്കും.
- കുടുംബ നവീകരണം ലക്ഷ്യമാക്കി താമരശ്ശേരി രൂപതയിലെ എല്ലാ കുടുംബങ്ങളിലും വൈദികരുടെയും സന്യസ്തരുടെയും നേതൃത്വത്തിൽ ഭവന സന്ദർശനവും ഇടവകൾ കേന്ദ്രീകരിച്ച് നവജീവൻ ഹോം മിഷനും ആരംഭിക്കും.
- യുവജനങ്ങൾക്ക് ആത്മീയ പ്രചോദനം നൽകുകയെന്ന ലക്ഷ്യത്തോടെ കെസിവൈഎമ്മിന്റെ നേതൃത്വത്തിൽ വിശുദ്ധരുടെ തിരുശേഷിപ്പ് വഹിച്ചുകൊണ്ടു രൂപതയിലെ എല്ലാ ഇടവകകളിലും പ്രയാണം നടത്തും.
- വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്ക് ഇണങ്ങിയ കോഴ്സുകൾ തെരഞ്ഞെടുക്കാനും പഠനം തുടങ്ങാനും പൂർത്തിയാക്കാനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന പദ്ധതി ആരംഭിക്കും.
- പാവപ്പെട്ടവർക്ക് ഒരു മാസം ആയിരം രൂപ വീതം മരുന്നിനും ഭക്ഷണത്തിനുമായി നൽകുന്ന മന്ന പദ്ധതി സിഒഡിയുടെ നേതൃത്വത്തിൽ ആരംഭിക്കും.
- നാൽപതാം വർഷം ആഘോഷിക്കുന്നതിനു മുന്നോടിയായി രൂപതയുടെ എല്ലാ ഇടവകകളിലും 40 മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തും.
- 2024–25 വർഷം മുതൽ മിടുക്കരായ 5 കുട്ടികളെ പാലാ ബ്രില്യന്റ് കോച്ചിങ് സെന്ററിന്റെ എൻജിനീയറിങ്, മെഡിക്കൽ പരിശീലനം നൽകി താമരശ്ശേരി അൽഫോൻസ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ഹോസ്റ്റൽ സൗകര്യത്തോടെ പഠനത്തിനുള്ള പദ്ധതി. ഇതിനുള്ള ചിലവ് രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സ്കോളർഷിപ്പായി നൽകും.
- പാവപ്പെട്ട കുടുംബങ്ങൾക്ക് ഉപജീവന മാർഗമായി ആടുകളെ നൽകുന്ന അതിജീവനം പദ്ധതി ആരംഭിക്കും.

## 'വി. ഫ്രാൻസിസ് സാലസിന്റെ ജ്ഞാനസൂക്തങ്ങൾ' പ്രകാശനം ചെയ്തു

ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ രചിച്ച വിശുദ്ധ ഫ്രാൻസിസ് സാലസിന്റെ ജ്ഞാനസൂക്തങ്ങൾ എന്ന ഗ്രന്ഥം രൂപതാ ദിനത്തിൽ പ്രകാശനം ചെയ്തു. മാർ ജേക്കബ് തൂങ്കുഴി കോഴിക്കോട് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കലിന് ആദ്യ പ്രതി നൽകി.

വിശുദ്ധ ഫ്രാൻസിസ് സാലസിന്റെ പ്രസംഗങ്ങളും രചനകളും പഠിച്ച് അവയിൽ തെളിഞ്ഞു നിൽക്കുന്ന സാരോപദേശങ്ങളെ കോർത്തിണക്കിയാണ് ഗ്രന്ഥം രചിച്ചിരിക്കുന്നത്. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ രചിച്ച രണ്ടാമത്തെ ഗ്രന്ഥമാണിത്. പോപ്പ് ബനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടാണ് പ്രസാധകർ.

കോപ്പികൾക്ക്: **7907810078**



ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ രചിച്ച വിശുദ്ധ ഫ്രാൻസിസ് സാലസിന്റെ ജ്ഞാനസൂക്തങ്ങൾ എന്ന ഗ്രന്ഥം കോഴിക്കോട് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കലിനു നൽകി മാർ ജേക്കബ് തൂങ്കുഴി പ്രകാശനം ചെയ്യുന്നു. മാർ അലക്സ് താരാമംഗലം, മാർ ജോസഫ് കുന്നത്ത്, മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, ഫാ. മാത്യു കുളത്തിങ്കൽ എന്നിവർ സമീപം



2023 ഏപ്രിൽ 26ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ കൂദാശാ കർമ്മം നിർവഹിച്ച പൂതംപാറ ലിറ്റിൽ ഫ്ളവർ ദേവാലയം. വികാരി ഫാ. ജോൺസൻ നന്തളത്ത്.

# വലിയ കുടുംബങ്ങളുടെ സംഗമം

**തിരുവമ്പാടി:** ആഗോള കത്തോലിക്കാ സഭയുടെ പ്രോ- ലൈഫ് ദിനാചരണത്തിന്റെ ഭാഗമായി താമരശ്ശേരി രൂപതാ മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് സംഘടിപ്പിച്ച വലിയ കുടുംബങ്ങളുടെ സംഗമം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു.

സമൂഹത്തിൽ വർധിച്ചു വരുന്ന തിൻമകൾക്കെതിരേയുള്ള പോരാട്ടത്തിൽ എല്ലാവരും വിശ്വാസത്തിൽ ഒന്നിക്കണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ബിഷപ് പറഞ്ഞു.

ഐഡന്റിറ്റി കാർഡ് വിതരണവും, കുടുംബങ്ങൾക്കുള്ള സമ്മാന വിതരണവും ബിഷപ് നിർവഹിച്ചു. ഡോ. ചിന്നു കുര്യൻ, ജെയ്സൺ കന്നുകുഴി എന്നിവരെആദരിച്ചു. താമരശേരി രൂപതയിലെ നാലും അതിൽ കൂടുതലും മക്കളുള്ള കുടുംബങ്ങൾ പങ്കെടുത്ത പരിപാടിയിൽ ഫാ. തോമസ് നാഗപറമ്പിൽ ആധ്യക്ഷം വഹിച്ചു.

മരിയൻ പ്രോ-ലൈഫ് രൂപതാ ഡയറക്ടർ ഫാ ജോസ് പെണ്ണാപറമ്പിൽ, ഫാ ജിതിൻ പന്തലാടി, ജോൺസൺ തെങ്ങുംതോട്ടത്തിൽ, ടോമി പ്ലാത്തോട്ടത്തിൽ, സെമിലി സുനിൽ, ടോമി ചേന്ദംകുളം, എമ്മാനുവൽ പുതുപ്പള്ളി തകിടിയേൽ, സിസ്റ്റർ ഉദയ സുബിൻ തയ്യിൽ, ബിനു ജോസ് പുത്തൻപുരക്കൽ, തോമാച്ചൻ പുത്തൻപുരക്കൽ എന്നിവർ പ്രസംഗിച്ചു.

# അൽഫോൻസ കോളജിൽ അഡ്മിഷൻ ആരംഭിച്ചു

**തിരുവമ്പാടി:** അൽഫോൻസ കോളജിൽ 2023-24 വർഷത്തെ ബിരുദ ബിരുദാനന്തര കോഴ്സുകളിലേക്കു പ്രവേശന നടപടികൾ ആരംഭിച്ചു. വിവിധ പ്രോഗ്രാമിലേക്കുള്ള മാനേജ്മെന്റ് സീറ്റിൽ പ്രവേശന നടപടിക്രമങ്ങൾ തുടങ്ങി. കോളജ് ഓഫീസിൽ നിന്നോ വെബ്സൈറ്റിൽ നിന്നോ ലഭിക്കുന്ന അപേക്ഷ ഫോം പൂരിപ്പിച്ച് അപേക്ഷിക്കാവുന്നതാണ്.

ബിഎ ജേർണലിസം & മാസ്സ് കമ്മ്യൂണിക്കേഷൻ, ബി എ ഇംഗ്ലീഷ്, ബിഎസ്സി സൈക്കോളജി, ബി കോം ഫിനാൻസ്, ബി കോം കമ്പ്യൂട്ടർ അപ്ലിക്കേഷൻ, ബിബിഎ ഫിനാൻസ് എന്നീ ബിരുദ പ്രോഗ്രാമുകളിലേക്കാണ് അപേക്ഷ ക്ഷണിക്കുന്നത്.

# അൽഫോൻസ കോളജിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു

**തിരുവമ്പാടി:** അൽഫോൻസ കോളജിലെ മാധ്യമ പഠന വിഭാഗത്തിന്റെ നേതൃത്വത്തിൽ 'ക്യാമറയുടെ ശരീര ഘടനയും ദൃശ്യാവിഷ്ക്കാരവും' എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. മലയാള സിനിമ, പരസ്യമേഖലകളിലെ ക്യാമറാമാൻ നസീഫ് നാനത്തിന്റെ നേതൃത്വത്തിൽ നടന്ന പരിശീലന പരിപാടിയിൽ ഡിജിറ്റൽ ക്യാമറയുടെ സാങ്കേതിക വശങ്ങളെക്കുറിച്ചുള്ള പ്രാക്ടിക്കൽ ക്ലാസ്സ് നടന്നു. അൽഫോൻസ കോളജ് വൈസ് പ്രിൻസിപ്പാൾ ഫാ. ഷെനീഷ് അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. മാധ്യമ പഠന വിഭാഗം അധ്യാപകരായ ജിന്റ ലുക്ക, ഇ. കെ. ആതിര എന്നിവർ പ്രസംഗിച്ചു.


## മലബാർ വിഷൻ മാട്രിമോണിയൽ

### വരനെ അന്വേഷിക്കുന്നു

● താമരശ്ശേരി രൂപത RC യുവതി, 27 വയസ്, 156 cm ഉയരം, MSW, MPH, Social worker in UK. UK യിൽ ജോലി ഉള്ളതോ പോകാൻ താൽ പര്യമുള്ളവരോ ആയ യുവാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9645448774

### വരനെ അന്വേഷിക്കുന്നു

● താമരശ്ശേരി രൂപത RC യുവതി, 28 വയസ്, 153 cm ഉയരം, Bsc Nurse. സൗദി അറേബ്യയിൽ സ്റ്റാഫ് നഴ്സ്. അനുയോജ്യരായ യുവാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9645781025

### വധുവിനെ അന്വേഷിക്കുന്നു

● താമരശ്ശേരി രൂപത RC യുവാവ്, 28 വയസ്, 174 cm ഉയരം. BA Economics, D Arch. പ്രൈവറ്റ് കമ്പനിയിൽ സീനിയർ ഡിസൈൻ എൻജിനീയർ. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9526595652

### വധുവിനെ അന്വേഷിക്കുന്നു

● താമരശ്ശേരി രൂപത RC യുവാവ്, 29 വയസ്, 176 cm ഉയരം, B.com. Accountant in USA company, Work from home. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ:9645448774

### വധുവിനെ അന്വേഷിക്കുന്നു

● താമരശ്ശേരി രൂപത, RC യുവാവ്. 31 വയസ്, 175 cm ഉയരം. ഡിഗ്രി വിദ്യാഭ്യാസം. ഖത്തറിൽ ജോലി. സാമ്പത്തികം പ്രശ്നമല്ല. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9605415494, 9048982728

പരസ്യങ്ങൾ നൽകാൻ വാട്സാപ്പ് 97 44 99 555 3


# ക്വിസ് കോർണർ 2023

*മാർച്ച് - ഏപ്രിൽ ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**അലീന മരിയ സാൻജോ**
മഞ്ഞുവയൽ

● രണ്ടാം സമ്മാനം, 500 രൂപ
**ലിറ്റി ചാക്കോ**
കൂരോട്ടുപാറ

● മൂന്നാം സമ്മാനം, 250 രൂപ
**ജെസി സാമുവേൽ**
താഴേക്കോട്

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ്പ് നമ്പർ
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## 2023 മേയ് - ജൂൺ ലക്കം ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. ജീവിതത്തെ അതേപടി സ്വീകരിക്കാനും സ്നേഹിക്കാനും ഒരാളെ ബലപ്പെടുത്തേണ്ട ഘടകം എന്ത്?
2. അനധികൃത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പുകൾ തുടങ്ങിയവ നിയന്ത്രിക്കുന്നതിന് മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം നിലവിൽ വന്ന സംവിധാനം ഏത്?
3. വിദ്യാഭ്യാസ വായ്പകൾക്ക് അപേക്ഷിക്കാൻ കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയവും ഇന്ത്യൻ ബാങ്ക് അസോസിയേഷനും ചേർന്ന് ഒരുക്കിയ പോർട്ടൽ സംവിധാനം ഏത്?
4. താമരശ്ശേരി കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി സ്ഥാപിതമായ വർഷം?
5. ഇറ്റലിയിലെ ജനനനിരക്ക് ഏറ്റവും താഴ്ന്ന നിലയിലെത്തിയ വർഷം?
6. റോമിൽ നടക്കുന്ന സാർവത്രികസഭയുടെ മെത്രാൻ സിനഡിന്റെ സമ്മേളനം എന്ന്?
7. മതവും രാഷട്രീയവും തമ്മിൽ ബന്ധമില്ല: രണ്ടും രണ്ടുവഴിക്ക് എന്ന ചിന്താവീക്ഷണം ആരുടേത്?
8. വിശുദ്ധ ഫ്രാൻസിസ് സാലസിന്റെ ജ്ഞാനസൂക്തങ്ങൾ എന്ന ഗ്രന്ഥം രചിചതാര്?
9. പാശ്ചാത്യ നാടുകളിലേക്ക് കുടിയേറിയ വിശ്വാസികൾ സഭയ്ക്ക് സമ്മാനിച്ച നാല് രൂപതകൾ ഏതെല്ലാം?
10. താമരശ്ശേരി രൂപതയുടെ ആദ്യത്തെ കോർപ്പറേറ്റ് മാനേജർ ആര്?

**ഉത്തരങ്ങൾ 2023 ജൂൺ 30 ന് മുമ്പ് ലഭിക്കണം**

## മാർച്ച് - ഏപ്രിൽ ലക്കം ഉത്തരങ്ങൾ

1. നാഷ്ണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് 2. വറുഗീസ് തോട്ടയ്ക്കാട് 3. ഫാ. അബ്രഹാം കാവിൽപുരയിടത്തിൽ 4. ഹോളി കാരവൻ 5. ക്രിസ്തുവിന്റെ ഭക്ഷണ മേശ 6. ഹേറോദോസ് അന്തിപ്പാസ് 7. വ്യക്തിപരവും സഭാപരവുമായ രൂപാന്തരീകരണം 8. ജോയേൽ 9. ജോഷിമഠ് 10. ബാർബൂട്ട

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്.
● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല.
● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: **97 44 99 5553**

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10


പേര്: ..............................................................
വീട്ടുപേര്: ..............................................................
ഇടവക: ..............................................................
ഫോൺ: ..............................................................

# രൂപതാ വൈദികരുടെ സ്ഥലംമാറ്റം

## ഹാർദ്ദമായ സ്വാഗതം



താമരശ്ശേരി രൂപതയുടെ കമ്മ്യൂണിക്കേഷൻ മീഡിയ ഡയറക്ടറായി ചുമതലയേറ്റ ഫാ. സിബി (ഡൊമിനിക്) കുഴിവേലിൽ,



താമരശ്ശേരി രൂപതയുടെ കമ്മ്യൂണിക്കേഷൻ മീഡിയ അസി. ഡയറക്ടറായി ചുമതലയേറ്റ ഫാ. ജോബിൻ (മാത്യു) തെക്കേക്കരമറ്റത്തിൽ.

താമരശേരി രൂപതയിലെ വൈദികരുടെ സ്ഥലം മാറ്റം (2023 മേയ് 13 മുതൽ പ്രാബല്യത്തിൽ). പേരിനൊപ്പം ചേർത്തിരിക്കുന്നത് ചുമതലയേൽക്കുന്ന ഇടവക/ഡിപ്പാർട്ട്മെന്റ്/ സ്ഥാപനം:

● ഫാ. തോമസ് ചക്കിട്ടമുറിയിൽ Jr. (മുത്തപ്പൻപുഴ) ● ഫാ. സെബാസ്റ്റ്യൻ ചീരമറ്റത്തിൽ (കൽക്കുണ്ട്) ● ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ (കൊണ്ടോട്ടി) ● ഫാ. മാത്യു ചെമ്പുതൂക്കിൽ (പൂഴിത്തോട്) ● ഫാ. ജോസഫ് ചുണ്ടയിൽ (കല്ലാനോട്) ● ഫാ. ജോസഫ് കളത്തിൽ (കോട്ടയ്ക്കൽ) ● ഫാ. മാത്യു കണ്ടശാംകുന്നേൽ (വാലില്ലാപുഴ) ● ഫാ. തോമസ് കണ്ണംപിള്ളി (പ്രിൻസിപ്പൽ, ഊരകം സ്കൂൾ) ● ഫാ. ജേക്കബ് കാരകുന്നേൽ( തേക്കുംകുറ്റി/പാറത്തോട്) ● ഫാ. ജോസഫ് കിളിയംപറമ്പിൽ (അസി. പാറോപ്പടി) ● ഫാ. ഡാന്റിസ് കിഴക്കരക്കാട്ട് (കക്കാടംപൊയിൽ) ● ഫാ. ജോസഫ് കിഴക്കരക്കാട്ട് (റസിഡന്റ് മാനേജർ, ദീപിക/ഡയറക്ടർ – ഡിഎഫ്സി) ● ഫാ. ജോൺസൺ കൊച്ചീലാത്ത് (സ്പിരിച്ചൽ ഡയറക്ടർ, മൈനർ സെമിനാരി) ● ഫാ. ജോസഫ് കൂനാനിക്കൽ (ചെമ്പനോട) ● ഫാ. മാത്യു കോരംകോട്ട് (മഞ്ഞുമല & ഡയറക്ടർ, ഫാമിലി അപ്പസ്തോലേറ്റ്, ബൈബിൾ അപ്പസ്തോലേറ്റ്) ● ഫാ. ജെയിംസ് കുഴിമറ്റത്തിൽ (കുപ്പായക്കോട്) ● ഫാ. ഡൊമിനിക്ക് കുഴിവേലിൽ (ഡയറക്ടർ, കമ്മ്യൂണിക്കേഷൻ മീഡിയ) ● ഫാ. ഇമ്മാനുവേൽ മണിയംകുളത്ത് (അടയ്ക്കാകുണ്ട്) ● ഫാ. ജോസ് മണ്ണഞ്ചേരി (തിരൂർ) ● ഫാ. അബ്രഹാം മഴുവഞ്ചേരി (പൂതംപാറ) ● ഫാ. കുര്യാക്കോസ് മുഖാല (മാനേജർ, അൽഫോൻസ സ്കൂൾ, താമരശേരി) ● ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി (കട്ടിപ്പാറ) ● ഫാ. ജോർജ് മുണ്ടയ്ക്കൽ (ഊരകം) ● ഫാ. ജോർജ് മുണ്ടനാട്ട് (മാനേജിങ് ഡയറക്ടർ, രാഷ്ട്രദീപിക) ● ഫാ. ഡൊമിനിക് മുട്ടത്തുകുടിയിൽ (കാളികാവ്) ● ഫാ. ജോൺസൺ നന്തളത്ത് (മേജർ സെമിനാരി, കുന്നോത്ത്) ● ഫാ. ജോർജ് നരിവേലിൽ (അസി.വികാരി, കൂടരഞ്ഞി) ● ഫാ. മാത്യു നിരപ്പേൽ (മലപ്പുറം) ● ഫാ. ജോൺ ഒറവുങ്കര (മുക്കം) ● ഫാ. കുര്യാക്കോസ് പാലക്കീൽ (വൈസ് റെക്ടർ, മൈനർ സെമിനാരി) ● ഫാ. തോമസ് പാറൻകുളങ്ങര (തലയാട്, ഡയറക്ടർ എൽഡിഎസ്, ടെംപറൻസ് മൂവ്മെന്റ്, റിന്യൂവൽ, ജീസസ് യൂത്ത്) ● ഫാ. ജോൺസൺ പാഴുക്കുന്നേൽ (പുഷ്പഗിരി) ● ഫാ. ജേക്കബ് പ്ലാക്കുട്ടത്തിൽ (ഇൻചാർജ് –കരുണ ഹോസ്റ്റൽ) ● ഫാ. ചെറിയാൻ പൊങ്ങൻപാറ (ചാൻസലർ, സെക്രട്ടറി പി. പി.എഫ് ● ഫാ. ജോസ് പൂവ്വന്നികുന്നേൽ സി.എസ്.എസ്.ആർ (കൺഫസർ, ബഥാനിയ റിന്യൂവൽ സെന്റർ) ● ഫാ. ജോസഫ് പുളിച്ചമാക്കൽ (കുന്നമംഗലം) ● ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ (അസി. ഡയറക്ടർ, വൊക്കേഷൻ ബ്യൂറോ, ഡയറക്ടർ, പെയിൻ ആന്റ് പാലിയേറ്റീവ്, അൾത്താര ബാലസംഘം) ● ഫാ. കുര്യാക്കോസ് പുത്തൻവീട്ടിൽ (വാളൂക്ക്) ● ഫാ. ആന്റണി പുത്തൂർ സി.എസ്.എസ്.ആർ (അസി. വികാരി, കൂടരഞ്ഞി) ● ഫാ. ജിയോ പുതുശ്ശേരി പുത്തൻപുരയ്ക്കൽ (വലിയകൊല്ലി) ● ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ (ആക്റ്റിങ് വികാരി, വളയം & പാലൂർ). ● ഫാ. തോമസ് തേവടിയിൽ (ചക്കിട്ടപാറ). ● ഫാ. മാത്യു തൂമുള്ളിൽ (കട്ടാങ്ങൽ). ● ഫാ. ജോസഫ് വടക്കേൽ (വെറ്റിലപ്പാറ). ● ഫാ. ആന്റണി വരകിൽ (ചമൽ, എപ്പാർക്കിയൽ ട്രൈബ്യൂണൽ ജഡ്ജ്) ● ഫാ. സെബാസ്റ്റ്യൻ വടക്കേൽ (പ്രീസ്റ്റ് ഹോം) ● ഫാ. സൈമൺ വള്ളോപ്പിള്ളി (പ്രീസ്റ്റ് ഹോം) ● ഫാ. അബ്രഹാം വയലിൽ (വികാരി ജനറൽ) ● ഫാ. ഫ്രാൻസിസ് വെള്ളമ്മാക്കൽ (പടത്തുകടവ്) ● ഫാ. ജോർജ് വെള്ളാരംകാലായിൽ (മിഷൻ ലീഗ്, തിരുബാലസഖ്യം, അൽഫോൻസ സ്കൂൾ താമരശേരി)



താമരശ്ശേരി രൂപതയുടെ വികാരി ജനറലായി നിയമിതനായ ഫാ. ജോയ്സ് (അബ്രഹാം) വയലിൽ



താമരശ്ശേരി രൂപതയുടെ ചാൻസലറായി നിയമിതനായ ഫാ. ജിബി (ചെറിയാൻ) പൊങ്ങൻപാറ

## പ്രീ–കാനാ കോഴ്സ്

താമരശ്ശേരി രൂപത ഫാമിലി അപ്പോസ്തലേറ്റ് സംഘടിപ്പിക്കുന്ന പ്രീകാനാ കോഴ്സ് ജൂൺ 8 മുതൽ 10 വരെയും ജൂലൈ 6 മുതൽ 8 വരെയും ആഗസ്റ്റ് 10 മുതൽ 12 വരെയും നടക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി ബുക്ക് ചെയ്യുക. ബുക്കിങ്ങിനും കൂടുതൽ വിവരങ്ങൾക്ക്: 8714031056

## ബഥാനിയ ശുശ്രൂഷകൾ

**2023 ജൂൺ**

● **02 (ആദ്യവെള്ളി)**: ഏകദിന കൺവെൻഷൻ
● **09 (വെള്ളി)**: ഏകദിന കൺവെൻഷൻ ജീവിത വിശുദ്ധീകരണ ധ്യാനം (9–12)
● **16 (വെള്ളി)**: ഏകദിന കൺവെൻഷൻ
● **23 (വെള്ളി)**: ഏകദിന കൺവെൻഷൻ ജീവിത വിശുദ്ധീകരണ ധ്യാനം (23–26)
**30 (വെള്ളി)**: ഏകദിന കൺവെൻഷൻ

**2023 ജൂലൈ**

● **03 (തിങ്കൾ)**: ദുക്റാന തിരുനാൾ
● **07 (ആദ്യവെള്ളി)**: ഏകദിന കൺവെൻഷൻ
● **09 (ഞായർ)**: താമരശ്ശേരി രൂപത വൈദികരുടെ ധ്യാനം (09–14)

വീട്ടിലിരുന്നും
മലബാർ വിഷനിൽ
പരസ്യം നൽകാം

ജന്മദിനം, വിവാഹം, വിവാഹവാർഷികം, ചരമ പരസ്യങ്ങൾ കുർബാന സ്വീകരണം, ജൂബിലി

ഓഫീസിലേക്കു വരാതെ തന്നെ വായനക്കാർക്കു നിമിഷനേരം കൊണ്ട് തങ്ങളുടെ പരസ്യങ്ങൾ മലബാർ വിഷനിൽ പ്രസിദ്ധീകരണത്തിനായി നൽകാം. ആദരാഞ്ജലികൾ, വിവാഹ ആശംസ, വിവാഹവാർഷികം, വിവാഹവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ, ജന്മദിന ആശംസകൾ തുടങ്ങിയ പേഴ്സണൽ പരസ്യങ്ങളാണ് വാട്സാപ്പ് വഴി നൽകാവുന്നത്.

വിവരങ്ങൾക്ക്: 9497564558, 9745967733 വാട്സാപ്പ്: 9744995553

മലബാർ വിഷൻ

## ലോഗോസ് ബൈബിൾ ക്വിസ് ഇടവകാതല മത്സരം സെപ്റ്റംബറിൽ

**കോഴിക്കോട്:** കെസിബിസി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന 23–ാം ലോഗോസ് ബൈബിൾ ക്വിസിന്റെ രൂപതാതല മത്സരം സെപ്റ്റംബർ 24ന് ഉച്ചകഴിഞ്ഞ് രണ്ടു മുതൽ 3.30 വരെ ഇടവകകളിൽ നടക്കും. ജോഷ്വ 13–24, പ്രഭാഷകൻ 27–33, ലൂക്ക 1–8, 2 കോറിന്തോസ് 1–6 അധ്യായങ്ങളാണ് പഠനഭാഗം. ജൂൺ ഒന്നു മുതൽ ജൂലൈ 31 വരെ രജിസ്റ്റർ ചെയ്യാം. ആറ് വിഭാഗങ്ങളിലായാണ് മത്സരം സംഘടിപ്പിക്കുന്നത്. സംസ്ഥാന തല മത്സരം നവംബർ അഞ്ചിനും മെഗാ ഫൈനൽ നവംബർ 18 മുതൽ 19 വരെയുമാണ്. ലോഗോസ് പ്രതിഭയ്ക്ക് 50,000 രൂപയ്ക്കുമുകളിൽ സമ്മാനം ലഭിക്കും. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന രൂപതകൾക്കും ഇടവകകൾക്കും പ്രത്യേക സമ്മാനങ്ങളുണ്ട്. വിജയികളാകുന്നവർക്ക് കെസിബിസി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റും സ്വർണമെഡലുകളും ട്രോഫികളും ഷീൽഡുകളും ക്യാഷ് അവാർഡുകളുമുണ്ട്.

## കെസിവൈഎം ശിൽപശാല

**താമരശ്ശേരി:** കെസിവൈഎം യൂണിറ്റ് നേതാക്കന്മാരുടെ സംഗമവും ശില്പശാലയും കൈതപ്പൊയിൽ ലിസ കോളജിൽ നടന്നു. രൂപതാ വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര ഉദ്ഘാടന ചെയ്തു. രൂപതാ പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ അധ്യക്ഷത വഹിച്ചു. രൂപത അസി ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ, ഫാ. ജോസ് പന്തക്കൽ, ഗ്രാലിയ അന്ന അലക്സ്, സിജോ നിലക്കാപ്പള്ളി, ലിനറ്റ് വർഗീസ്സ്, ജസ്റ്റിൻ സൈമൺ, സിസ്റ്റർ റോസിൻ എസ്എബിഎസ്, ആഷ്‌ലി തെരേസ മാത്യു എന്നിവർ പ്രസംഗിച്ചു.

## കാർഷിക നഴ്സറി ആരംഭിച്ചു

**താമരശ്ശേരി:** ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ തെയ്യപ്പാറ അഗ്രി ഫാമിൽ ഫലവൃക്ഷത്തൈകളുടെയും പൂച്ചെടികളുടെയും നഴ്സറി കോഴിക്കോട് രൂപത ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ ഉദ്ഘാടനം ചെയ്തു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ വെഞ്ചരിപ്പ് കർമ്മം നടത്തി. ഇൻഫാം താമരശ്ശേരി കാർഷിക ജില്ല ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷത വഹിച്ചു. അഗസ്റ്റിൻ പുളിക്കക്കണ്ടത്തിൽ, ജോൺ കുന്നത്തേട്ട്, ബോണി നമ്പ്യാപറമ്പിൽ എന്നിവർ പ്രസംഗിച്ചു. അബ്യൂ, ജംബോട്ടിക്കാ, ഹൈബ്രിഡ് പ്ലാവിൻ തൈകളായ വിയറ്റ്നാം സൂപ്പർ എർലി, ജാക്ക് 33, കമ്പോഡിയൻ ജാക്ക്, അരക്കില്ലാ വരിക്ക, സീഡ്ലെസ് ജാക്ക് എന്നിവയും തെങ്ങിൻ തൈകളും കവുങ്ങിൻ തൈകളും മാവ്, ജാതി, നെല്ലി, പേര, നാരകം എന്നിവയും ലഭ്യമാണ്. പച്ചക്കറി വിത്തുകളും നടീൽ വസ്തുക്കളും നഴ്സറിയിൽ ലഭിക്കും.

വിവരങ്ങൾക്ക്: 9447218586, 8547183300

## ഇൻഫാം വിത്ത് ബാങ്ക് ഉദ്ഘാടനം ചെയ്തു

**താമരശ്ശേരി:** ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ അടങ്ങുന്ന വിത്തു ബാങ്കിന്റെ ഉദ്ഘാടനം കോടഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് അലക്സ് തോമസ് ചെമ്പകശ്ശേരി നിർവഹിച്ചു. ഇൻഫാം താമരശ്ശേരി കാർഷിക ജില്ല ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷനായിരുന്നു. ആഗസ്തി വെട്ടിക്കാമലയിൽ, അഗസ്റ്റിൻ പുളിക്ക കണ്ടത്തിൽ, ജോൺ കുന്നത്തേട്ട്, ബോണി നമ്പ്യാപറമ്പിൽ, മാർട്ടിൻ തെങ്ങുംതോട്ടത്തിൽ തുടങ്ങിയവർ പങ്കെടുത്തു.

വിവിധതരം പയർ, പാവൽ, വെണ്ട, വഴുതന, തക്കാളി, ചീര, വെള്ളരി, പടവലം, അടുതാപ്പ്, കത്തിപ്പയർ, പപ്പായ തുടങ്ങിയ നിരവധി വിത്തുൽപന്നങ്ങളാണ് വിപണനത്തിന് തയ്യാറായിരിക്കുന്നത് വിത്തുകൾ മൊത്തമായും ചില്ലറയായും തെയ്യപ്പാറ അഗ്രി ഫാമിൽ ലഭ്യമാണ്.

വിവരങ്ങൾക്ക്: 9447218586


## മാർ മങ്കുഴിക്കരി സ്മാരക വോളിബോൾ ടൂർണ്ണമെന്റ്

**വെറ്റിലപ്പാറ:** മാർ പോൾ ചിറ്റിലപ്പിള്ളി സ്മാരക ഫെഡ് ലൈറ്റ് സ്റ്റേഡിയത്തിൽ നടന്ന മാർ മങ്കുഴിക്കരി സ്മാരക വോളിബോൾ ടൂർണ്ണമെന്റിൽ കെസിവൈഎം കല്ലുരുട്ടി യൂണിറ്റ് വിജയികളായി. വെറ്റിലപ്പാറ എ, ബി ടീമുകൾ യഥാക്രമം നം രണ്ടുമൂന്നു സ്ഥാനം കരസ്ഥമാക്കി. താമരശ്ശേരി രൂപത ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മത്സരം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളക്കാക്കുടിയിൽ, ജസ്റ്റിൻ സൈമൺ, സിസ്റ്റർ റോസിൻ തുടങ്ങിയവർ നേതൃത്വം നൽകി.




ഹൃദയം നിറഞ്ഞ
നന്ദിയോടെ...
കഴിഞ്ഞ നാലര വർഷത്തെ ശക്തമായ
നേതൃത്വത്തിലൂടെ പുതിയ മുഖച്ഛായ നൽകി
മലബാർ വിഷനെ വളർത്തിയ ഞങ്ങളുടെ
പ്രിയപ്പെട്ട മനോജ് കൊല്ലംപറമ്പിൽ അച്ചന്
മലബാർ വിഷൻ കുടുംബത്തിന്റെ
നന്ദി... അഭിനന്ദനങ്ങൾ...


ORIENTAL
GROUP OF EDUCATIONAL INSTITUTIONS
(A unit of Malabar Hotel Management and Catering Promotion Trust, Calicut)
Lakkidi, Vythiri, Wayanad Dist, Kerala-673576 www.orentalschool.com
28 years of EXCELLENCE in hospitality education
100% Placement for eligible students
Discover your path to SUCCESS in the Hospitality Industry..!
Best Hotel Management Institute award by Govt. of Kerala for 8 times
1st rank in Kerala & All India 2nd Rank in the category of Excellence- GHRDC survey-2023
Top Hotel Management Institute award by CSR Magazine -2023
ADMISSIONS OPEN FOR 2023-24 ACADEMIC SESSION
HOTEL MANAGEMENT DEGREE/PG COURSES
(Affiliated to University of Calicut)
BHMCT Bachelor of Hotel Management & Catering Technology - 4 years
DIRECT ADMISSION OPEN. For details, call 80866 22254
B.Sc.HM&CS Hotel Management & Catering Science
B.Sc.HM&CA Hotel Management & Culinary Arts
BHA Bachelor of Hotel Administration
PG programme in Hotel Management
MHM Master of Hotel Management
Call: 8589 83 8589, 8594 02 8594
HOTEL MANAGEMENT DEGREE COURSE
(Affiliated to NCHMCT, Govt. of India )
B Sc. H&HA B Sc. Hospitality & Hotel Administration
(Degree awarded by JNU, New Delhi)
DIRECT ADMISSION OPEN. Those who appeard for NCHMJEE also can apply
Call: 8943 96 8943, 80866 22215
PROFESSIONAL DEGREE/PG COURSES
(Affiliated to University of Calicut)
B Sc.Psychology
B Sc. C&FD Costume & Fashion Desgn.
B A MultiMedia
BTTM Travel & Tourism Management
BBA Bachelor of Business Administration
BCA Bachelor of Computer Application
B Com. Finance
B Com. Computer Application
PG programme
M A MultiMedia
Call: 80866 22253, 8943 95 8943
No Donation ● No Capitation
Admission purely on Merit
To apply online and for more details, visit: www.orientalschool.com


Jyothi
Engineering College
JYOTHI HILLS, CHERUTHURUTHY, THRISSUR - 679531
MAR ANDREWS THAZHATH
CHAIRMAN,
TRICHUR EDUCATIONAL TRUST
COURSES OFFERED
BTech - MTech - PhD
BTech
1. Artificial Intelligence and Data Science (AD)
2. Civil Engineering (CE)
3. Computer Science and Engineering (CSE)
4. Computer Science and Engineering (Cyber Security)*
5. Electronics and Communication Engineering (ECE)
6. Electrical and Electronics Engineering (EEE)
7. Mechanical Engineering (ME)
8. Mechatronics (MR)
* Subject to the approval of AICTE
NAAC REACCREDITED WITH GRADE 'A'
ARIIA One among the PERFORMERS at National level Ranking
NBA REACCREDITED PROGRAMMES
CIVIL ENGINEERING
COMPUTER SCIENCE AND ENGINEERING
ELECTRONICS AND COMMUNICATION ENGINEERING
ELECTRICAL AND ELECTRONICS ENGINEERING
MECHANICAL ENGINEERING
TATA-JYOTHI IIC
Helpline: 04884259000, 9526924455, 9526934455
info@jecc.ac.in || www.jecc.ac.in
Approved by AICTE and Affiliated to APJ Abdul Kalam Technological University
A Centre of Excellence in Science and Technology by the Catholic Archdiocese of Trichur

# Alphonsa College Thiruvambady

Run by the Educational Trust of the Diocese of Thamarassery

**Accredited by NAAC with A Grade, CGPA 3.23**

Affiliated to the University of Calicut



**ADMISSION OPEN 2023-2024**

- **M.Com.** Finance
- **MA** English
- **B.Com.** Finance
- **BBA** Finance
- **BA** Journalism & Mass Communication
- **B.Com.** Computer Application
- **B.Sc.** Psychology
- **BA** English

## പ്രത്യേകതകൾ

### NAAC അക്രഡിറ്റേഷൻ

കേരളത്തിൽ ആദ്യമായി 3.23 CGPAയോടു കൂടി NAAC A Grade കരസ്ഥമാക്കിയ സ്വാശ്രയ കോളേജ്.

കോഴിക്കോട് ജില്ലയിൽ ആദ്യമായി NAAC A Grade നേടിയ സ്വാശ്രയ കോളേജ്.

കോളേജ് ആരംഭിച്ച് എട്ടു വർഷത്തിനുള്ളിൽ സംസ്ഥാനതലത്തിൽ ഗവ. എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളടക്കമുള്ള 1500ലധികം സ്ഥാപനങ്ങളിൽ NAAC Accreditationൽ 37ാം റാങ്കിന്റെ തിളക്കം.

### അന്തർദേശീയ തലം

ISO 9001: 2015 സർട്ടിഫിക്കേഷൻ

### ദേശീയ തലം

കേന്ദ്ര വിദ്യാഭ്യാസ വകുപ്പിന്റെ MGNCRE യുടെ ജില്ലാ ഗ്രീൻ ചാമ്പ്യൻ അവാർഡ്.

ബീറ്റ് കോവിഡ് ക്യാമ്പയിൻ സർട്ടിഫിക്കേഷൻ.

### സംസ്ഥാന തലം

കേരള സർക്കാർ ഹരിതമിഷൻ പച്ചതുരുത്ത് അംഗീകാരം.

### യൂണിവേഴ്സിറ്റി തലം

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ മികച്ച വിമൻ ഡെവലപ്മെന്റ് സെൽ അവാർഡ് മാർച്ച് 2022.

കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ ക്യാമ്പസ് ഓഫ് കോഴിക്കോട് - മെറിറ്റ് ഗോൾഡ് അവാർഡ്.

യൂണിവേഴ്സിറ്റി റാങ്കോടു കൂടിയ ഉന്നത വിജയ ശതമാനം.

62% ഉന്നതവിദ്യാഭ്യാസവും 48% പേർ ക്യാമ്പസ് പ്ലെയ്സ്മെന്റും നേടി.

കോളേജ് പ്ലെയ്സ്മെന്റ് വിംഗിന്റെ കീഴിൽ ക്യാമ്പസ് റിക്രൂട്ട്മെന്റും ജോബ് ഫെയറും

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ 3 വർഷത്തെ വാല്യു എഡ്യുക്കേഷൻ പഠനവും സർട്ടിഫിക്കറ്റും

ഇ-ലൈബ്രറി, ഇൻഫ്ളിബ്നെറ്റ് സൗകര്യങ്ങളടക്കം 8 ലക്ഷം ബുക്സും ജേർണൽസും ഉള്ള ലൈബ്രറി.

---

ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കാൻ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടെ കോച്ചിംഗ്.

എവിയേഷൻ കോഴ്സിൽ പ്രത്യേക പരിശീലനവും, ഡിപ്ലോമയും.

വ്യക്തിപരമായി ശ്രദ്ധപതിപ്പിക്കുന്ന മെന്ററിങ്, ട്യൂട്ടോറിയൽ സെഷനുകൾ.

സജീവ പി.ടി.എ പ്രവർത്തനങ്ങൾ.

റാഗിങ് രഹിത ക്യാമ്പസ്.

കലാകായിക മേഖലയിൽ പ്രഗത്ഭരായ അദ്ധ്യാപകരുടെ ശിക്ഷണവും, പരിശീലനവും.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ജിംനേഷ്യം പരിശീലനം.

പെൺകുട്ടികൾക്ക് ക്യാമ്പസിനുള്ളിൽ **ഹോസ്റ്റൽ സൗകര്യം**

## For Admission : 0495 225 4055, 8606 890272

ALPHONSA COLLEGE THIRUVAMBADY, Thiruvambady P.O., Kozhikode, Kerala - 673 603.

Web : www.acttdy.com Email : acttdy@gmail.com alphonsacollegethiruvambady

Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Manoj Kollamparambil